ശ്രീ. ഇ. പി. ഗോപാലൻ: ശരിയായ മാർഗ്ഗത്തിൽ കൂടിയല്ലാതെ പ്രവേശനം കിട്ടുന്ന പണിയെയാണ് ഞാൻ പണിയെന്ന് പറഞ്ഞതുകൊണ്ടു ഉദ്ദേശിച്ചിട്ടുള്ളത്. ഈ മാർഗ്ഗം സ്ഥിരമായിട്ട് ഒക്കും എന്നാണ് തെളിയുന്നതു ഇപ്പോൾ കണ്ടുപിടിച്ചതുകൊണ്ട്. ആരോ മാന്നാർ ട്രെയിനിംഗ് സ്കൂളിൽ ഇതിനുമുമ്പ് കാണിച്ചിരുന്നുവെന്നും പറയുന്നു. ഇങ്ങനെ നേരായ മാർഗ്ഗത്തിൽക്കൂടിയല്ലാതെ എത്ര പേർ ഇതിനുമുമ്പ് ട്രെയിനിംഗിനു് അഡ്മിഷൻ വാങ്ങിച്ചിട്ടുണ്ട്?

ശ്രീ. എം. പി. ഗോവിന്ദൻ നായർ: ഇതു് ഗവണ്മെൻറിൻെറ ശ്രദ്ധയിൽ ചൂണ്ടിക്കാണിച്ചപ്പോൾ അതേപററി അന്വേഷണം നടത്തി അതു് കണ്ടുപിടിക്കുകയും ചെയ്തു. മറെറാരുദാഹരണവും ഗവണ്മെൻറിൻെറ ശ്രദ്ധയിൽ പെടുത്തിയിട്ടില്ല.

ശ്രീ. എം. നാരായണക്കുറുപ്പ്: പി. എസ്. സി. ഇൻറർവ്യൂ നടത്തി ഇത്രപേരെ ട്രെയിനിംഗിനു എടുക്കണമെന്നു വ്യവസ്ഥവച്ചിരിക്കെ ഇതുപോലെ അനർഹമായി ചിലക്കു പ്രവേശനം ലഭിച്ചതിൻെറ ഫലമായി അർഹതപ്പെട്ട വല്ല ആളുകൾക്കും പ്രവേശനം ലഭിക്കാതെ വന്നിട്ടുണ്ടോ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ: വേറെ ആക്കും പ്രവേശനം നിഷേധിക്കപ്പെട്ടിട്ടില്ല. വേറൊരു വിദ്യാർത്ഥിനി ഡിസ്ക്കണ്ടിന്യൂ ചെയ്ത സന്ദർഭത്തിൽ വേക്കൻസിയുണ്ടെന്നു് കാണുകയും അതനുസരിച്ച് ഡെപ്യൂട്ടി ഡയറക്ടർ മെമ്മോ ഇഷ്യൂ ചെയ്തതിൻെറ ഫലമായി പ്രവേശനം നൽകുകയുമാണ് ചെയ്തിരിക്കുന്നതു്. ആ മെമ്മോ യഥാർത്ഥത്തിൽ Deputy Director issue ചെയ്തതല്ലായെന്നാണ് പ്രാഥമികാന്വേഷണത്തിൽ അറിയുന്നതു്. ഏതായാലും ഇതിനെ സംബന്ധിച്ച് വിശദമായി അന്വേഷിച്ചുകൊണ്ടിരിക്കുകയാണ്.

PAPERS LAID ON THE TABLE

Mr. Speaker: On behalf of the Chief Minister the Minister for Public Health will now lay on the Table, a copy of the Annual Report of the State Education Advisory Board for 1961-62 together with a copy of Memorandum No. 41590/CS/62/Edn. dated 24-10-1963 as required under Section 4 (6) of the Kerala Education Act 1958 (Act 6 of 1959).

Minister for Public Health **(Shri M. P. Govindan Nair):**

Sir, I lay on the Table a copy of the Annual Report of the State Education Advisory Board for the year 1961-62 together with a copy of Memorandum No. 41590/CS/62/Edn. dated 24-10-1963 as required under Section 4 (6) of the Kerala Education Act, 1958 (Act 6 of 1959).

LEGISLATIVE BUSINESS

Kerala Land Reforms Bill, 1963—Consideration of Amendments.

Clause 2 (57)—*Contd.*

Mr. Speaker: Shri Maleth Gopinatha Pillai has concluded his speech the other day. Now Mr. Bhaskaran Nair will speak on amendment Nos. 366 and 1127.

ശ്രീ. മാലേത്തു് ഗോപിനാഥ പിള്ള: ഞാൻ എൻെറ പ്രസംഗം കൺക്ലൂഡ് ചെയ്യണമെന്ന ഉദ്ദേശത്തിൽ നിറുത്തിയതല്ല. എനിക്കു് ഇനിയും ചില കാര്യങ്ങൾ പറയാനുണ്ട്. മണി പന്ത്രണ്ടരയായതുകൊണ്ടു് നിറുത്തിയതാണ്.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ : അങ്ങനെയാണെങ്കിൽ മെമ്പർക്ക് പ്രസംഗം തുടരാവുന്നതാണ്.

ശ്രീ. മാലേത്തു ഗോപിനാഥപിള്ള : സർ, കഴിഞ്ഞദിവസം ഞാൻ ഇവിടെ പറഞ്ഞുനിർത്തിയതു് കാണം, കാണംകുഴിക്കാണം, കുഴിക്കാണം ഈ വകുപ്പുകളിലെ നിർവചനങ്ങളിൽ ഇന്നു കാണുന്ന അവ്യക്തതകൊണ്ടു് ടെനൻറിൻെറ നിർവചനത്തിൽ ഒററിക്കൂടി ഉൾപ്പെടുന്നതിനുള്ള സാദ്ധ്യതയുണ്ടെന്നാണ്. അതുകൊണ്ടു് ഈ വകുപ്പിൽനിന്നും തിരുവിതാംകൂറിലെ ഒററികളെ ഒഴിച്ചുനിർത്തത്തക്കവണ്ണം ഉള്ള എൻെറ ഭേദഗതി സ്വീകരിക്കണമെന്നുമാണ്. ഇനി ഞാൻ ടെനൻറിൻെറ definition-ലേക്കു് കടക്കുകയാണ്. ഈ ബില്ലിൽ 2 (57) അനുസരിച്ചു് ടെനൻറിൻെറ ഡെഫനിഷൻ ഇങ്ങനെയാണ്.

"tenant" means any person who has paid or has agreed to pay rent or other consideration, for his being allowed by another, to possess and to enjoy the land of the latter"

അങ്ങനെ റെൻറു കൊടുക്കുന്ന എല്ലാവരും ടെനൻറാകും എന്നാണ് ഈ ഉപവകുപ്പു് പറയുന്നതു്. എന്താണ് റെൻറു എന്നു് 2 (49)-ൽ പറയുന്നുണ്ടു്. ആ നിർവ്വചനം അനുസരിച്ചു് 'മിച്ചവാരം' റെൻറിൽ ഉൾപ്പെടുമെന്നാണ് കാണുന്നതു്. മിച്ചവാരത്തിൻെറ നിർവ്വചനം 2 (36) ലാണ് കൊടുത്തിരിക്കുന്നതു്. അതിങ്ങനെയാണ്.

"michavaram" means whatever is agreed by a kanamdar to be paid periodically as residual rent"

അപ്പോൾ മിച്ചവാരം ഈ നിയമമനുസരിച്ചു് ഏതു രീതിയിലുള്ള മിച്ചവാരമാണെങ്കിലും ശരി, "whatever is agreed by a kanomdar to pay" ആണ്. ഈ മിച്ചവാരത്തിനു കൊടുത്തിരിക്കുന്ന നിർവചനത്തിൽ അപകടം പതിയിരിക്കുന്നുവെന്നാണ് എൻെറ പരാതി. ഈ നിർവചനമനുസരിച്ചു് മിച്ചവാരം കൊടുക്കുന്ന ആളുകളെല്ലാം കാണംദാരന്മാരായി വ്യാഖ്യാനിക്കപ്പെടാൻ ഇടയുണ്ടു്. "michavaram' means whatever is agreed by a kanomdar" എന്നു് വ്യാഖ്യാനിക്കപ്പെട്ടാൽ സംഗതികളെല്ലാം അവതാളത്തിലാകും. കാണംദാർ ഈ നിയമമനുസരിച്ചു് കുടിയാനാണ്. ഫിക്സ്ഡ്റെൻറു കിട്ടുന്ന കുടിയാൻ മിച്ചവാരം വ്യവസ്ഥചെയ്തിട്ടുള്ള ഒററികളെല്ലാം ഈ ന്യായം അനുസരിച്ചു് കാണങ്ങളായി മാറുകയാണെങ്കിൽ അവിടെയാണ് സാർ, അപകടം പററിയിരിക്കുന്നതെന്നു് ഞാൻ പറയുന്നതു്. ശ്രീ. ചാഴിക്കാടൻ കഴിഞ്ഞദിവസം ചോദിക്കുകയുണ്ടായി, ഒററികളിലെല്ലാം മിച്ചവാരം വ്യവസ്ഥ ചെയ്തിരിക്കുമോയെന്നു്. ഈ അടുത്തകാലത്തു് ഉണ്ടായ ഒരു ഒററി ആധാരത്തിൽ പറയുന്നതു് എന്താണെന്നു ഞാൻ വായിക്കാം. ഈ ഒററി എഴുതിക്കൊടുത്തതു ഒരു തറവാട്ടിലെ കാരണവത്തിയാണ്. അവരുടെ അച്ഛൻ നൂറുരൂപ പ്രോമിസറിനോട്ടുപ്രകാരം ഒരാളോടു് കടം വാങ്ങിയതു് വീട്ടുന്നതിനു വേണ്ടി അവരുടെ തറവാട്ടുസ്വത്തിൽനിന്നും-അവർക്കും സന്താനങ്ങൾക്കുംകൂടിയുള്ള തറവാട്ടുസ്വത്തിൽനിന്നും-ഒരേക്കർ സ്ഥലം ആ ആളിനു ഒററികൊടുത്തിരിക്കുകയാണ്. ആധാരം ഇതാണ്. (ചങ്ങനാശ്ശേരി സബ്‌രജിസ്ട്രാർ ആഫീസിലെ 1107-ലെ 2400 നമ്പർ ഒററി ആധാരം) ചില ഭാഗങ്ങൾ ഞാൻ വായിക്കാം:

"നൂററി നാൽപ്പത്തി അഞ്ചേമുക്കാൽ രൂപ ഒററി അർത്ഥം പററിയിരിക്കുകയാൽ ഈ വസ്തുവിൻെറ കല്ലുകയ്യാലകളും ഇടവരമ്പുകളും ഉറപ്പിച്ചു് വസ്തുവിൽ മേലാലും വേണ്ട തെങ്ങു്, പ്ലാവു്, കമുകു്, മുളകുചെടി മുതലായ നട്ടുദേഹണ്ഡങ്ങൾ നട്ടുപിടിപ്പിച്ചും ആദായം എടുത്തു് അർത്ഥപലിശ കഴിച്ചും പുരവെച്ചു കുടിപാർത്തും വീതത്തിനു വരുന്ന സർക്കാരുകരം വകപ്പടി തീർത്തു പററുശീട്ടികളും ആണ്ടിനാൽ അരപ്പണം വീതം എനിക്കു് മിച്ചവാരമായിതന്നു അറിവുശീട്ടികളും വാങ്ങി അവധിവരെ നടക്കുകയും അവധിക്കു ഒററി അർത്ഥം, ദേഹണ്ഡവില, പുരവില, പുറം കൈയ്യാലവില ഇവകൾ പററി വസ്തു ഒഴിഞ്ഞു തരികയും ചെയ്തുകൊള്ളണം"

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. മാലേത്തു ഗോപിനാഥപിള്ള]

സർ, വാഴൂർ നിയോജകമണ്ഡലത്തിൽനടന്ന ഒരു ഒററി ആധാരമാണ് ഇതു്. മന്ത്രി അവർകളുടെ സ്വന്തംനിയോജകമണ്ഡലത്തിൽതന്നെ നടന്നതാണ്. ഇതുപോലെയുള്ള ആയിരക്കണക്കിനു് ഒററി ആധാരങ്ങൾ മിച്ചവാരം വ്യവസ്ഥ ചെയ്തിട്ടുള്ള ഒററി ആധാരങ്ങൾ, വാഴൂർ, കാഞ്ഞിരപ്പള്ളി എന്നീ നിയോജകമണ്ഡലങ്ങളിൽനിന്നും, ഈ സഭ ആവശ്യപ്പെട്ടാൽ ഇവിടെ ഹാജരാക്കുവാൻ ഞാൻ തയ്യാറാണ്. എനിക്കറിയേണ്ടതു് ഈ ആധാരമൊക്കെ കാണം കരണങ്ങളാകുമോ എന്നാണ്. എന്റെ വാദം മിച്ചവാരത്തിൽ നാം സ്വീകരിക്കുന്ന നിർവചനത്തിന്റെ വെളിച്ചത്തിൽ അവ അങ്ങനെയാകാൻ പഴുതുണ്ടെന്നാണ്. അതുകൊണ്ടു് ടി. പി. ആക്ററ് 58 (ജി) അനുസരിച്ചുള്ള കരണങ്ങളേയും ഈ നിയമത്തിന്റെ പരിധിയിൽനിന്നും തീർത്തു ഒഴിവാക്കണമെന്നാണ് എന്റെ ദൃഢമായ അഭിപ്രായം. ഈ ബില്ലിലെ ക്ലാസ് 13-ൽ പറയുന്നതു് എന്താണ്? അതിൽ പറയുന്നതു്.

"Not withstanding anything to the contrary contained in any law, custom, usage or contract, or in any decree or order of court, every tenant shall have fixity of tenure" എന്നാണ്. ഇതുമൂലം നായർ ആക്ററ് അസ്ഥാനത്തായിരിക്കുകയാണ്. ഈ രാജ്യത്തു് നിലവിലിരിക്കുന്ന സർവ്വ നിയമങ്ങളും ഈ പുതിയ നിയമത്തിലെ 13-ാം ക്ലാസ് പാസാകുന്നതോടുകൂടി അസ്ഥാനത്താകുകയാണ്. ഈ ബിൽ ആക്ററായി പാസ്സാകുന്ന അവസരത്തിൽ ഇതിലെ പതിമൂന്നാം വകുപ്പനുസരിച്ച്, മററ് ഏതെല്ലാം നിയമങ്ങൾ എങ്ങനെയെല്ലാം അനുശാസിച്ചാലും ശരി ആരുടെയെല്ലാം കൈയ്യിൽ ഒററിഭൂമിയുണ്ടോ അവരെയെല്ലാം കുടിയാനായി അംഗീകരിക്കണമെന്നുമുള്ള ആവശ്യവുമായി ആളുകൾ കോടതികൾ തേടും. തിരുവിതാംകൂർ ഭാഗത്തുള്ള ഒററികളിലെല്ലാംതന്നെ മിച്ചവാരം എന്നുള്ള വാക്കു് അനുസൃതം കാണാൻ കഴിയും. അങ്ങനെ 'മിച്ചവാരം' വ്യവസ്ഥചെയ്യുന്ന ഒററികളെ എല്ലാം ടെനൻസിയിൽ ഉൾപ്പെടുത്താൻ ഈ സഭ സമ്മതിക്കുകയാണെങ്കിൽ അതു് അക്ഷന്തവ്യമായ അനീതിയായിരിക്കും. ഒന്നുകിൽ മിച്ചവാരമുള്ള എല്ലാ ഒററികളേയും ഈ നിയമംമൂലം ഞങ്ങൾ ടെനൻസിയിൽ ഉൾപ്പെടുത്തിയിരിക്കുന്നുവെന്നു് അന്തസ്സായി തുറന്നുതന്നെ സമ്മതിക്കണം. അല്ലെങ്കിൽ മിച്ചവാരവ്യവസ്ഥ ഒരു സാധാരണവ്യവസ്ഥ എന്നുള്ള നിലയിൽ അംഗീകരിച്ചുകൊണ്ടു് അങ്ങനെ വ്യവസ്ഥയുണ്ടെങ്കിലും തിരുവിതാംകൂർഭാഗത്തെ ഒററികൾ ഈ നിയമത്തിന്റെ പരിധിയിൽപ്പെടുന്നില്ലെന്നു് ദൃഢമായി പറയണം. എന്തിനാണ് സാർ ഈ അധൈര്യം? ഈ അന്തസ്സില്ലാത്ത ഒളിച്ചുകളി? ഇതു് ഗൂഢാലോചനയാണ് സർ. 1957-ൽ കൊണ്ടുവന്ന അഗ്രേറിയൻ റിലേഷൻസ് ബില്ലിൽ ഇതേ വ്യവസ്ഥകൾ ഉണ്ടായിരുന്നിട്ടും അന്നു് എന്തുകൊണ്ടു് ഈ കാര്യം ചൂണ്ടിക്കാണിച്ചില്ല എന്നു് ഇപ്പോൾ ഒരു ചോദ്യത്തിനു അവകാശം ഉണ്ടായേക്കാം. 1957 മുതൽ 1959 വരെ നിയമസഭ ചർച്ചചെയ്തു പാസാക്കിയ ഒന്നാണ് അഗ്രേറിയൻ റിലേഷൻസ് ആക്ററ്. ഞാൻ ഓർമ്മിക്കുകയാണ് 1959 ജൂലൈമാസം 10-ാം തീയതി ആ ബില്ല് ഈ സഭ പാസ്സാക്കുന്ന ആ ദിവസം അതിനെ സംബന്ധിച്ച് സംസാരിക്കുന്നതിനുള്ള അവസരം എനിക്കു കിട്ടുകയുണ്ടായി. അന്നത്തെ പ്രസംഗത്തിൽ ഞാൻ പറഞ്ഞതു് ആ ബിൽ ഈ രാജ്യത്തെ മുടിക്കാൻ പോകയാണെന്നാണ്. ആ ബിൽ ഇവിടെ ആക്ററായി വന്നതോടുകൂടി അതിനെതിരായി ഈ രാജ്യത്തെ ജനരോഷം ആളിക്കത്തി. 1961 ഫെബ്രുവരിമാസം പതിനഞ്ചാം തീയതി അതു് നിയമമായി. അതിനുശേഷം ഇവിടത്തെ കോടതികളിൽ ഒന്നിലുംതന്നെ ആ ആക്ററിനെ സംബന്ധിച്ച് അധികകാലം ചർച്ച ചെയ്യുന്നതിനുള്ള അവസരം ഉണ്ടായില്ല. കഴിഞ്ഞ കുറെ മാസങ്ങൾക്കുമുമ്പു ആ ആക്ററ് അസാധുവാണെന്നു് പ്രഖ്യാപിക്കപ്പെട്ടു. അതിന്റെ ഫലമായിട്ടു് ഒരു പുതിയ നിയമം ഇവിടെ കൊണ്ടുവന്നിരിക്കുന്നതാണ് ഈ ലാൻഡ് റിഫോംസ് ബില്ല്. ഇതു് ഭരണഘടനയുടെ 9-ാം ഷെഡ്യൂളിൽ ഉൾപ്പെടുത്താൻ പോകുകയാണ്. അങ്ങനെ ദീർഘകാലം ഈ നിയമം പ്രാബല്യത്തിൽ ഇരിക്കാൻ പോവുകയാണ്. അങ്ങനെ പ്രാബല്യത്തിൽ ഇരിക്കാൻപോകുന്ന നിയമത്തിൽ നാം

LIBRARY ARCHIVES Kerala Legislative Assembly

എഴുതിവയ്ക്കുന്ന കാര്യങ്ങൾ വളരെ ഗൗരവമായ ആലോചനയ്ക്കുശേഷം ചെയ്യേണ്ടതാണ്. ടി. പി. ആക്ററിലെ 58 (ഡി) അനുസരിച്ചുള്ള കരണങ്ങൾ ഇതിന്റെ പരിധിയിൽനിന്നും മാററി നിർത്തുന്നുണ്ട്. അത്രയ്ക്ക് നല്ലതു്. 1957-ൽ കൊണ്ടുവന്ന അഗ്രേറിയൻ റിലേഷൻസ് ആക്ററിൽ ഇറക്കിപ്പണയത്തെക്കുറിച്ച് പറഞ്ഞിട്ടുണ്ടായിരുന്നു. അന്നത്തെ ഇറക്കിപ്പണയങ്ങളെ ഒഴിവാക്കിയില്ലെങ്കിൽ ഉണ്ടാകുന്ന പ്രത്യേക വൈഷമ്യങ്ങൾ ഞാൻ ചൂണ്ടിക്കാണിച്ച അവസരത്തിൽ അവർ അതു് മനസിലാക്കുകയും ആ ബില്ലിന്റെ പരിധിയിൽനിന്നും അങ്ങനെ ഇറക്കിപ്പണയങ്ങളെ മാററി നിറുത്തുകയുമാണുണ്ടായതു്. ഇന്നു് ആ പ്രൊവൈസോപോലും ബോധപൂർവ്വം മാററിയിരിക്കയാണ്. ഇന്നത്തെ നിലയിൽ ഒററികൾ-മിച്ചവാരം വ്യവസ്ഥ ചെയ്തിട്ടുള്ള ഒററികൾ-ടെനൻസിയിൽ ഉൾപ്പെടുമെന്നാണ് എന്റെ ബലമായ സംശയം. അങ്ങനെ ഉൾപ്പെടാതിരിക്കണമെങ്കിൽ ടി. പി. ആക്ററിലെ 58 (ജി)-യിൽ പറയുന്ന anomalous mortgage കളെ ഒഴിവാക്കിയേ മതിയാവൂ. ഒററികൾ അനോമലസ് മോർട്ടുഗേജുകളല്ല, പ്രത്യുത യൂസോഫ്റാക്ചറി മോർട്ടുഗേജുകൾ മാത്രമാണെന്നും കാണിച്ച് ഈ രാജ്യത്തെ ഉത്തരവാദപ്പെട്ട ഏതെങ്കിലും കോടതികളിൽ വിധികൾ ഉണ്ടായിട്ടുണ്ടെന്നു് ഈ മന്ത്രി ഉൾപ്പെടെ ഈ സഭയിലെ ആർക്കെങ്കിലും ചൂണ്ടിക്കാണിക്കാൻ സാധിക്കുമോ ? അങ്ങനെ ചൂണ്ടിക്കാണിക്കാൻ സാധിക്കുകയില്ലെന്നാണ് എനിക്ക് പറയുവാനുള്ളതു്. അങ്ങനെ സാധിക്കാത്തിടത്തോളം കാലം ഇന്നത്തെ നിലയ്ക്കു് ഒററികൾ അനോമലസ് മോർട്ടുഗേജുകളാണ്. ഇവയെല്ലാം കാണമായി അംഗീകരിച്ചുകൊണ്ടു് ഈ നിയമം നാം പാസാക്കുകയാണെങ്കിൽ, അച്ചടക്കമുള്ള ഒരു പാർട്ടിയിലെ അംഗമെന്നുള്ള നിലയിൽ മാത്രം ഞാൻ അതിനെ പിൻതാങ്ങുവാൻ ബാദ്ധ്യസ്ഥനാണ്. പക്ഷേ അതേ സമയത്തു് അങ്ങനെ ചെയ്യുന്നതു് അനീതിയാണെന്നും അന്യായമാണെന്നും ഞാൻ ഉറക്കെ വിളിച്ചുപറയും. ഇതു് ഞാൻ വളരെ ഉത്തരവാദിത്വത്തോടുകൂടിയും ആത്മാർത്ഥതയോടുകൂടിയും പറയുകയാണ്. പഴയ ആക്ററിൽ പ്രമാദം ഉണ്ടായിരുന്നുവെന്നുവെച്ച് ആ പ്രമാദങ്ങളെല്ലാം പുതിയ നിയമത്തിൽ തുടർന്നു അംഗീകരിക്കണമെന്നില്ല. ചണ്ഡാലഭിക്ഷുകിയിൽ കുമാരനാശാൻ പറഞ്ഞിരിക്കുന്ന ഒരു ഭാഗം ഞാൻ ഓർത്തുപോകയാണ് സർ,

> "ഇന്നലെ ചെയ്തോരബദ്ധം-മൂഢ
> ർക്കിന്നത്തെയാചാരമാവാം !
> നാളത്തെ ശാസ്ത്രമതാവാ-മിതിൽ
> മൂളായ്ക സമ്മതം രാജൻ "

എന്നുള്ള ഭാഗം, ഇതിൽ രാജൻ എന്നു ഉദ്ദേശിക്കുന്നതു്, ഇവിടെ ഗവണ്മെൻറാണ്, ഇന്നലെ ഒരബദ്ധം ചെയ്താൽ അതു് നാളത്തെ ആചാരമാകും. പക്ഷെ ആ അബദ്ധം ശരിയാണെന്നു് രാജനാകുന്ന ഗവണ്മെൻറു് മൂളരുതെന്നാണ് എനിക്ക് പറയുവാനുള്ളതു്. ഈ രാജ്യത്തെ സാധാരണക്കാരായ ആളുകളെ രക്ഷിക്കുന്നതിനു് ആഗ്രഹമുണ്ടെങ്കിൽ ഒന്നുകിൽ എന്റെ ഭേദഗതി അനുസരിച്ചുള്ള അനോമലസ് മോർട്ടുഗേജുകൾകൂടി ഈ നിയമത്തിൽനിന്നും മാററിനിറുത്തണം. അതല്ലെങ്കിൽ 'പാതിരാജ്യമതെങ്കിലും നിജ പാണ്ഡവർക്കു കൊടുക്കണം.' എന്നുള്ളതനുസരിച്ച് ഇറക്കിപ്പണയങ്ങളെ എങ്കിലും പഴയ പോലെ മാററി നിറുത്തണമെന്നുള്ള എന്റെ മറേറ ഭേദഗതി എങ്കിലും സ്വീകരിക്കണം.

ശ്രീ. എം. നാരായണക്കുറുപ്പ് : മിച്ചവാരം എന്നുള്ളതു് കാണം ആകുകയില്ല. റെന്യൂവൽ വ്യവസ്ഥയുള്ളതുകൊണ്ടു് കാണമായിട്ടല്ലാതെ ഒററിയായിട്ടു തന്നെ കണക്കാക്കുമല്ലോ ?

ശ്രീ. മാലേത്തു ഗോപിനാഥപിള്ള : അതിന്റെ കാര്യം ഞാൻ പറയാം. ശ്രീ. വാഴൂർ നാരായണക്കുറുപ്പിന്റെ ഭേദഗതി സ്വീകരിച്ചശേഷം മലബാർ ഭാഗത്തുള്ള ഒററി, കരിപണം മുതലായവ ഒററിയായി മാറുകയില്ലെന്നു് വ്യക്തമായിട്ടുണ്ട്. പക്ഷെ തിരുവിതാംകൂറിൽ ഈ രണ്ടു് ഇൻസിഡൻസും കസ്റ്റമറി ഡ്യൂസും റെന്യൂവലും ഇല്ലെങ്കിൽ കാണമായി കണക്കാക്കാമെന്നാണ് പറഞ്ഞിരിക്കുന്നതു്. മിച്ചവാരം കൊടുക്കുന്നതെല്ലാം ഒററി ആകുകയില്ല. ഒററി അനോമലസ് മോർട്ടുഗേജ് ആണെന്നു വിവരമുള്ള കോടതികൾ പറഞ്ഞിരി

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. മാലേത്തു ഗോപിനാഥപിള്ള]

കുന്ന സ്ഥിതിക്ക് അനോമലസ് മോർട്ടുഗേജുകളേയും ഈ ബില്ലിന്റെ പരിധിയിൽനിന്നും ഒഴിവാക്കിയില്ലെങ്കിൽ അപകടമുണ്ടാകുമെന്ന് ഒരഭിഭാഷകനെന്ന നിലയിൽത്തന്നെ ഞാൻ പറയുകയാണ്. ഞാൻ വിരമിക്കുന്നു സാർ.

<u>ശ്രീ. എൻ. ഭാസ്കരൻ നായർ</u> : സർ, ടെനൻറ് അല്ലെങ്കിൽ കുടിയാൻ എന്നുള്ള നിർവചനത്തിൽ തിരുവിതാംകൂർ ഭാഗത്തെ ഒററികൾ ഉൾപ്പെടാൻ പാടില്ലെന്നുള്ള ആഗ്രഹത്തോടുകൂടിയാണ് ഞാൻ രണ്ടു ഭേദഗതികൾ ഇതിൽ കൊടുത്തിട്ടുള്ളത്. അതിൽ ഒന്നാമത്തെ ഭേദഗതി 366 ആണ്. ഇതുകൊണ്ടു് ഉദ്ദേശിക്കുന്നതു് ഇന്നുള്ള കുടിയാന്റെ നിർവചനത്തിൽ ഒററികൾ ഉൾപ്പെടുത്താൻ പാടില്ലെന്നും, അങ്ങനെ ഒററി ഏതെങ്കിലും പേരിൽ ഇതിൽ പെടുന്നുണ്ടെങ്കിൽ അതു് പ്രത്യേകമായി ഒഴിവാക്കുന്ന പ്രൊവൈസോ ചേർക്കണമെന്നുമാണ്. ഇന്നു് പ്രധാനമായി ടെനൻസി ക്ലാസിൽ കുടിയാനുള്ള നിർവചനത്തിൽ കാണം, കുഴിക്കാണം, കാണംകുഴിക്കാണം എന്നീ മൂന്നു വിഭാഗത്തിൽപ്പെട്ട ആളുകൾ ഒററിയിൽ പെടുന്ന ചില ഇൻസിഡൻസ് ഉള്ളതുകൊണ്ടു് മിക്കവാറും ഒററിക്കാരൻ കാണംദാർ, കുഴിക്കാണംദാർ, കാണംകുഴിക്കാണംദാർ എന്നുള്ളതിൽ വരാൻ വളരെ സാദ്ധ്യതയുണ്ടു്. അങ്ങനെ കാണം എന്നുള്ള നിർവചനത്തിൽ തിരുവിതാംകൂറിലെ ഒററി ഉൾപ്പെടുകയില്ലെന്നും ന്യായമായി എങ്ങനെ സമ്മതിക്കാൻ സാധിക്കും. കാണംദാർ, കുഴിക്കാണംദാർ കാണംകുഴിക്കാണംദാർ ഇവരെ സംബന്ധിച്ചിടത്തോളം ഇവിടെ ശ്രീ. തൊമ്മന്റെ ഒരു ഭേദഗതി അംഗീകരിക്കുകയുണ്ടായി. അതായതു് 1882-ലെ ടി. പി. ആക്ററ് 58 (ഡി) വകുപ്പിലുള്ള usufructuary mortgages കുഴിക്കാണം എന്നുള്ള നിർവചനത്തിൽ ഉൾപ്പെടുകയില്ലെന്നാണ്. അങ്ങനെ ഒരു ഭേദഗതി അംഗീകരിച്ചതോടുകൂടി ടെനൻസി വകുപ്പിലുള്ള കാണം, കുഴിക്കാണം കാണംകുഴിക്കാണം എന്നീ മൂന്നു വിഭാഗത്തിൽ ഒററി ഉൾപ്പെടുകയില്ലെന്നു് ന്യായമായി വാദിച്ചേയ്ക്കാം. തിരുവിതാംകൂറിലെ ഒററികൾ ഒന്നും തന്നെ ടെനൻസിയിൽ ഉൾപ്പെടുകയില്ലെങ്കിൽ അതു് വളരെ വ്യക്തമായി ഇവിടെ ചേർക്കണമെന്നാണ് എനിക്കു് പറയുവാനുള്ളതു്.

എന്റെ സ്നേഹിതൻ ശ്രീ. മാലേത്തു ഗോപിനാഥപിള്ള ഉദ്ധരിച്ച അനേകം വിധിശകലങ്ങളിൽനിന്നും നമുക്കു് മനസ്സിലാക്കാൻ കഴിയും, തിരുവിതാംകൂറിൽ കാണം കുഴിക്കാണം എന്നുള്ള നിർവചനത്തിൽപ്പെടുന്ന ആ ഇൻസിഡൻസിൽപ്പെടുന്ന അനേകം പ്രമാണങ്ങളിൽ ഒററി എന്നു എഴുതിയാൽപോലും കാണത്തിന്റെ നിർവചനത്തിൽ വരും എന്നുള്ളതു്. അങ്ങനെ പല കോടതികളിലും വിധി ഉണ്ടായിട്ടുണ്ടു്. അങ്ങനെ വരുമ്പോൾ ഈ ഭാഗങ്ങളിൽ usufructuary mortgage മാത്രം ഒഴിവാക്കുകയാണെങ്കിൽ അനോമലസ് മോർട്ട്ഗേജസ് കാണം, കുഴിക്കാണം ഇവകളിൽ ഉൾപ്പെടുമെന്നുമാണ് ശങ്കിക്കേണ്ടതു്. usufructuary mortgage -പോലെ അനാമലസ് മോർട്ടുഗേജ് കുഴിക്കാണത്തിന്റെ നിർവ്വചനത്തിൽനിന്നു് മാററിയിട്ടില്ലെങ്കിൽ അതു് ഉൾപ്പെടുമെന്നു് പറയുവാൻ സാധിക്കുന്നതാണ്. അതുകൊണ്ടു് കോടതികളിൽ ചെല്ലുമ്പോൾ കുഴിക്കാണത്തിന്റെ ഇൻസിഡൻസ് ഉള്ള പ്രമാണങ്ങൾ ഒററിയാണെന്നുതന്നെ പറഞ്ഞാലും, അനാമലസ് മോർട്ടുഗേജിന്റെ നിർവ്വചനത്തിൽനിന്നു് എക്സ്ക്ലൂഡ് ചെയ്യാത്തിടത്തോളം, ഒററിയാണെന്നുതന്നെ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിൽപോലും കുഴിക്കാണത്തിൽ ഇന്നുള്ള നിർവ്വചനത്തിൽ കൊണ്ടുവന്നു് ഒററിയൊഴിപ്പിക്കുന്നതിനു് നിർവ്വാഹമില്ലാത്ത ഒരു പരിതസ്ഥിതി ഉണ്ടാകും. അതുകൊണ്ടാണ് ഞാൻ ഈ 366—ാം നമ്പർ ഭേദഗതി കൊണ്ടുവന്നതു്. ഇതുകൊണ്ടു് ഉദ്ദേശിക്കുന്നതു് 1882-ലെ ട്രാൻസ്ഫർ ആഫ് പ്രാപ്പർട്ടി ആക്ററിലെ 58 (ഡി, ജി) വകുപ്പിൽ (ഡി) യിൽ usufructuary mortgage-ഉം (ജി) വകുപ്പിൽ അനാമലസ് മോർട്ടുഗേജും ഇതു രണ്ടും tenancy-യിൽനിന്നും മാററിയെങ്കിൽ മാത്രമേ ഈ അവ്യക്തത മാററുന്നതിനു സാധിക്കുകയുള്ളു. അങ്ങനെ അനാമലസ് മാർട്ടുഗേജ് ഈ നിർവ്വചനത്തിൽ ഉൾപ്പെടുത്താൻ നിർവ്വാഹമില്ലെങ്കിൽ ഞാൻ വേറൊരു ഭേദഗതി അവതരിപ്പിച്ചിട്ടുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly

ഈ 1127-ാം നമ്പർ ഭേദഗതികൊണ്ടു് ഞാൻ ഉദ്ദേശിക്കുന്നതു് തിരുവിതാംകൂർ ഏരിയായിലെ ഇറക്കിപ്പണയം ഒററിയിൽപ്പെടുന്ന പ്രമാണം പൊളിച്ചെഴുത്തു്, കസ്റ്റമറി ഡ്യൂസ്സു് ഇത്തു രണ്ടുംപെടാത്ത ഒററികരം ടെനൻസിൻെറ ഡഫിനിഷനിൽനിന്നും മാററണമെന്നുള്ളതാണു്. അതുകൊണ്ടു് യാതൊരു തരക്കേടും ഒരു വിഭാഗത്തിനും ഉണ്ടാകുവാൻ പോകുന്നില്ല. തിരുവിതാംകൂറിലെ ഒററികളൊന്നും അതിൽനിന്നു് കുടിയാൻെറ നിർവ്വചനത്തിൽ കൊണ്ടുവരാൻ പറയുന്നില്ലെന്നുള്ള വ്യക്തതയോടുകൂടി അങ്ങനെ കൂടുതൽ വ്യക്തമാക്കുന്നതിനുവേണ്ടി ടെനൻസിൻെറ ഇടയിൽ ചേർത്തിരിക്കുന്നു, but shall not a..... ....എന്നുള്ളതു് മാററി but shall not include a person holding land under an Irakkipanyam or otti, not having the incidents of—

(i) renewal on the expiry of any specified period and (ii) payment of customary dues " എന്നുള്ളതു് ചേർത്തു് ഈ പൊളിച്ചെഴുത്തും കാഴ്ചപ്പണവും ഇതിൽ നിന്നു മാററണമെന്നുള്ളതാണു് എൻെറ വാദം. ഈ രണ്ടു ഇൻസിഡൻസിലുള്ള ഏതെങ്കിലും ഒററികളാണെങ്കിൽപോലും കാണത്തിൽ ടെനൻറിൻെറ ക്ലാസിൽകൊണ്ടുവരുന്നതിൽ ആക്ഷേപമില്ല. നേരേമറിച്ചു് ഈ രണ്ടു ഇൻസിഡൻസുകളുമില്ലാത്ത ഒററികരം ഈ ക്ലാസിൽകൊണ്ടു വന്നിട്ടുള്ളതു് മാറേറണ്ടതു് ആവശ്യമാണു്. അതു് മാററിയില്ലെങ്കിൽ തിരുവിതാംകൂറിൽ അനേകം ഒററികരം ഒഴിപ്പിക്കാൻ നിർവ്വാഹമില്ലാതെ വിഷമം വന്നുചേരും. ശ്രീ. കുറുപ്പു് ഇവിടെ കഴിഞ്ഞദിവസം ഏതാണ്ടു് ചരിത്രപരമായ ചില വസ്തുതകളാണെന്നു പറഞ്ഞുകൊണ്ടു് ചില കാര്യങ്ങരം പറയുകയുണ്ടായി. പണ്ടു് രാമയ്യൻദളവാ മാവേലിക്കര ചെന്ന അവസരത്തിൽ അവിടത്തെ ചില ഉണ്ണിത്താന്മാക്കു് പതിച്ചുകൊടുത്തിട്ടുള്ള വസ്തുക്കളാണു് ഇങ്ങനെ ഒററികൊടുത്തിട്ടുള്ള ഭൂമികളെന്നു പറഞ്ഞു. അതിൻെറ വാസ്തവം അതൊന്നുമല്ല. ഓരോ കുടുംബത്തിലേയും ഏതാനും ആളുകരംക്കു് ഉന്നത വിദ്യാഭ്യാസത്തിനുവേണ്ടി പണത്തിനു നിവൃത്തിയില്ലാത്തതുകൊണ്ടു് വസ്തു ഒററി എഴുതികൊടുത്ത ധാരാളം കേസ്സുകരം ഉണ്ടു്. അല്ലാതെ അതു് രാമയ്യൻ കൊടുത്തതൊന്നുമല്ല. ഇങ്ങനെയുള്ള കേസ്സുകരം ഒഴിപ്പിക്കാൻ നിവ്വാഹമില്ലാതെ വരുന്നതു് ആ കുടുംബങ്ങളോടു് ചെയ്യുന്ന അനീതിയാണു്. അതു മാറേറണ്ടതു് ആവശ്യമാണു്. തിരുവിതാംകൂറിനെ സംബന്ധിച്ചിടത്തോളം ഒററിയിൽ കുടിയാൻെറ നിവ്വചനത്തിൽ ഒററി ഉരംപ്പെടാൻ പാടില്ലെന്നു് നിഷ്കർഷമായി വ്യവസ്ഥ ഉരംപ്പെടുത്തണമെന്നുള്ള എൻെറ ഈ അമെൻറുമെൻറു് ബഹുമാനപ്പെട്ട മന്ത്രി സ്വീകരിക്കണമെന്നു ഞാൻ അപേക്ഷിക്കുകയാണു്.

Minister for Home Affairs (**Shri P. T. Chacko**): Sir, I regret to say that I don't find any reason to accept any of the amendments. Mr. Gopinatha Pillai was saying.................................

Smt. K. R. Gouri: The other day, the Minister accepted the amendment of Shri Hassan Gani.

Shri P. T. Chacko: I am sorry. Yes, I have accepted the amendment of Shri Hassan Gani, i.e. No. 172. I mean that apart from that, I don't accept any other amendments. Mr. Gopinatha Pillai was saying that the definition given to Michavaram is very mischievous and, according to him, there is some conspiracy behind it. I don't know what he means by that. If there is any conspiracy he is a part of the conspiracy and he is one among the conspirators.

ശ്രീ. പൊന്നറ ജി. ശ്രീധർ: ഞങ്ങളാരും ഇല്ലല്ലോ ?

Shri P. T. Chacko: No. 'Michavaram' means whatever is agreed to by a kanamdar to be paid periodically as residual rent. It is specifically stated that 'michavaram' is the payment given by a kanamdar. He argues that it is something given by an ottidar. I can't follow his argument. The definition now given is very clear

LIBRARY ARCHIVES Kerala Legislative Assembly

[Shri P. T. Chacko]

'Michavaram' is something paid by a 'kanamdar', while Mr. Gopinatha Pillai wants to say that it is not so; and that 'michavaram' is something which is paid by ottidar. That is not what has been stated here.

ശ്രീ. ജോസഫ് ചാഴിക്കാട്ട് : മിസ്റ്റർ ഗോപിനാഥപിള്ള ഇവിടെ ഹാജരാക്കിയ പ്രമാണങ്ങൾ ഞാൻ വായിച്ചുനോക്കി. അതിൽ ഇത്ര രൂപ ഇങ്ങനെ വരാനുള്ള വകക്ക് വസ്തു തന്നിരിക്കുന്നു എന്നാണ് പറഞ്ഞിട്ടുള്ളത്. എന്നാൽ അതിനിടക്ക് ഒരു ചെറിയ സംഖ്യ മിച്ചവാരമായി തന്നുകൊള്ളാമെന്നു പറയുന്നുണ്ട്. അതു് ഒററിയാണോ, കാണമാണോ ?

ശ്രീ. പി. ടി. ചാക്കോ : ഓരോ പ്രമാണവും വായിച്ചുനോക്കി ഇന്നതു കാണമാണ്, ഇന്നതു ഒററിയാണ് എന്നു മനസ്സിലാക്കി നിയമം ഉണ്ടാക്കാൻ സാദ്ധ്യമല്ല. ഇതു് ഒരാളല്ലല്ലോ തീരുമാനിക്കുന്നതു് ?

ശ്രീമതി കെ. ആർ. ഗൗരി : ഒററി കാണമായി അംഗീകരിക്കണമെങ്കിൽ വെറും മിച്ചവാരംമാത്രം പോരാ, റെന്യൂവൽ ഫീസ് കൊടുക്കാനുള്ള വ്യവസ്ഥകളും അതോടൊപ്പംതന്നെ മററു കസ്റ്റമറി ഡ്യൂസും കൊടുക്കണമെന്നുള്ള ഡെഫിനിഷനല്ലേ സ്വീകരിച്ചിരിക്കുന്നതു് ?

ശ്രീ. പി. ടി. ചാക്കോ : അങ്ങനെയാണ്.

Section 2 (22) is very clear. Well' there may be a transaction which is called an 'otti' but having the incidents of a kanam. That can happen. I don't deny that. But all ottis connot become kanams, we have discussed it elaborately when we considered sub-clause 22. There we have given the definition for 'kanam'. If all the incidents of 'kanam' are present in a transaction, whatever be the name by which it is called, it is a kanam, and whatever is paid or agreed to be paid by a kanamdar is 'michavaram' but not by an ottidar. The interpretation given by Sri Gopinatha Pillai I must say, is ingenious, but incorrect. Mr. Bhaskaran Nair and Mr. Gopinatha Pillai were arguing on the basis of certain assumptions and the assumptions are baseless. It is a sort of suspicion, which I can't now remove. Evidently, in the definition of the word 'tenant', we cannot include all kinds of anomalous mortgages. For certain types of mortgagees, in Cochin, we are giving all the rights of tenants. What may be called an 'anomalous mortgage' in the Malabar area, in many cases, long ago became tenancies. Kanam is an "anomalous mortgage"; probably, kuzhikkanam, kanam-kuzhikkanam, etc., are anomalous mortgages. Therefore, evidently we cannot accept the amendments given notice of by Mr. Gopinatha Pillai and Mr. Bhaskaran Nair.

Then again, there is no reason to suspect that every otti will come under the definition of a 'tenant'; where is it indicated that all the otties will come under this definition ?

ശ്രീ. എൻ. ഭാസ്കരൻ നായർ : ഗവണ്മെൻറിൽനിന്നു പറയുന്ന റന്യൂവൽ ഫീസും പേയ്മെൻറ് ആഫ് കസ്റ്റമറി ഡ്യൂസും കൊടുക്കാത്ത ഒററികൾ ടെനൻസിയിൽ ഉൾപ്പെടുകയില്ല എന്നു വിശ്വസിക്കുന്നതു ശരിയാണോ ?

ശ്രീ. പി. ടി. ചാക്കോ : അങ്ങനെയാണല്ലോ നിയമം ഇതിനുമുൻപു് പാസ്സാക്കിയിരിക്കുന്നതു്. അതിൽ എന്താണ് സംശയം?

LIBRARY ARCHIVES Kerala Legislative Assembly

Do you say that it should be added to every clause? We cannot do it. I can't remove the suspicions of some of the hon. Members. I must also say that according to me, I am not a great legal expert like Mr. Gopinatha Pillai.

Shri Maleth Gopinatha Pillai : No. I am not a legal expert.

Shri P. T. Chacko : What I said was..............

Shri Maleth Gopinatha Pillai : Sir, on a point of order. It is an insinuation. I have not said like that. I am not a legal expert.

Shri P. T. Chacko : What I said was, I am not a legal expert as Mr. Gopinatha Pillai. I never said that he claimed to be a legal expert. He said he was giving his views as a lawyer. As the representative of Government, I have the views and advice of lawyers who are considered to be experts to give advice on such matters. Some of the usufructuary mortgages with more incidents may come in the definition of mortgages in the Transfer of Property Act. So all the mortgages which are known as anomalous mortgages are not excluded. Some of the anomalous mortgages have the characteristics of tenancies and we are conferring all the rights of the tenants on them, but some of the anomalous mortgages have the creditor—debtor relation between the parties and they are excluded. In the definition of kanam, kanam-kuzhikanam, and kuzhikanam, by a proviso we have excluded all the usufructuary mortgages. To me, therefore, it appears that there is no danger of mortgages which have debtor–creditor relationship coming into the mischief of the definition of "tenant". There is absolutely nothing in this definition to show that mortgages having debtor-creditor relation will also be treated as tenancies, excepting in those categories of "deemed tenants" on whom we have conferred the tenancy rights. In other cases, mortgages which are having debtor-creditor relations will not come within the scope of the definition of tenant. I cannot understand how a mortgagee, who got possession of the property as security for the loan advanced can become a tenant. This is only a suspicion and I do not want to say anything more about it.

Then, regarding not including Sambalapattamdar here: It was argued that the Sambalapattamdar also should be included here. I don't think it is necessary. My feeling is that it would be contradictory to the provisions that we have made in clause 11 because, under clause 11, we are conferring all the rights of the tenant on the Sambalapattamdar. The only proviso is that, the landlord will be the one to prove that a sambalapattom is not really leases. He can prove that the cultivator was an agent or only somebody who was working under him. The burden is on the landlord and not on the cultivator. So, I think the landlord can go to a court of law and prove that the sambalapattam in a particular case was not a pattom at all, or not a lease at all. If so proved a sambalapattam may not be considered as a tenancy. Till that happens they are all tenants. There can be cases where actually the transaction is not a lease. It was the same proviso which was included in the Agrarian Relations Act. But in the Agrarian Relations Act the Sambalapattamdar was also included in this definition. By virtue of the provision in clause 11, the Sambalapattamdar need not apprehend that his rights are taken away. But on the other hand, under clause 11 his rights are safeguarded and protected.

LIBRARY ARCHIVES Kerala Legislative Assembly

[Shri P. T. Chacko]

Then some hon. Members have been giving names with which I am not acquainted, saying that they are all tenancies and they should also be included in this clause. For example, Mr. Raghavan Nair has been mentioning about 'karayma'. He said that it is something like 'kudikidappu'. Well, I don't know. If it is having all the characteristics of a kudikidappu, it will come under the definition 'kudikidappu'. If it is having all the characteristics of a kudiyirippu, it will come under the definition, "kudiyirippu"........

Shri E. P. Gopalan : It is not kudikidappu but it is kudiyirippu.

Smt. K. R. Gouri. According to Malabar Tenancy Act, there are two definitions, for kudiyirippu, separable kudiyirippu and inseparable kudiyirippu. ആ ഡെഫനിഷനിൽ വന്നിട്ടുള്ള തകരാറുകൊണ്ടാണോ ഇങ്ങനെ തകരാറു വന്നിട്ടുള്ളതു്. അതോ, അഗ്രേറിയൻ റിലേഷൻസ് ആക്ടിൽ കുടിയിരുപ്പിനു് ഒരു ഡഫനിഷനേയുള്ളു. അതിന്റെ തകരാറുകൊണ്ടാണോ ഇങ്ങനെ വന്നിട്ടുള്ളതു് ?

ശ്രീ. എം. നാരായണക്കുറുപ്പ്: ഇവിടെ സെപ്പറബിളും, ഇൻസെപ്പറബിളും കുടിയിരിപ്പ് എന്നെഴുതാൻ കാരണം പാട്ടക്കാർക്കു് റൈററു് ഓഫ് പർച്ചേസ് കൊടുത്തിട്ടുണ്ടു്. അങ്ങനെ പ്രത്യേകമായി തരംതിരിച്ചു് റൈററു് ഓഫ് പർച്ചേസ് കൊടുക്കാൻ വേണ്ടിയാണു് ഇങ്ങനെ വ്യത്യാസം കൊടുത്തിരിക്കുന്നതു്.

Shri P. T. Chacko : Whatever it is, I must say, I have not seen, any of the judgments or orders referred to. If all the characteristics of a kudiyirippu are present there, that transaction will be only a kudiyirippu. Even from what Mr. Raghavan Nair said, I felt that in some cases they were only kudikidappukarans. If they are kudikidappukarans they will get the right of kudikidappukarans.......

ശ്രീ. പി. സി. രാഘവൻ നായർ: കുടിയിരുപ്പുകാരന്റെ നിർവ്വചനത്തിൽ പെടുമെന്നിരിക്കിൽകൂടി കോടതികൾ കാരായ്മ കുടിയിരുപ്പായിട്ടു് അംഗീകരിക്കാത്തതുകൊണ്ടു് കാരായ്മ ഭേദഗതികൂടി ചേർത്തുകഴിഞ്ഞാൽ മാത്രമേ സംരക്ഷണം ഉള്ളു അതുകൊണ്ടാണു് ഞാൻ പറഞ്ഞതു്.

ശ്രീ. പി. ടി. ചാക്കോ: അങ്ങനെ വരാൻ ഇടയില്ല. അങ്ങനെ വല്ല കാരണത്താലും വന്നിട്ടുണ്ടെങ്കിൽ കോടതിയിൽ അപ്പീൽ പോകണം. അല്ലാതെ നിവൃത്തിയില്ല,

Sir, some hon. Members were giving some other names like Irakkarayma, Otti and all that. This is a point which was examined by the Government. Government took the view that unless some such transactions come under the definition given for a tenant he need not be now given a particular right. The reason is this. Probably, a deity or a temple may have handed over the possession of a plot of land to a man in consideration of his services. He and his representatives will have to do the services before the deity or the temple. Now, if he is given all the rights of a tenant he can purchase the holding and then he need not thereafter do the services. If that is so all such deities and temples will be deprived of the services in consideration of which they have given the lands. Therefore, such demises have not been particularly included in the definition here. It was the case with the Agrarian Relations Act also. My feeling is that even in those days these questions might have been considered by

LIBRARY ARCHIVES Kerala Legislative Assembly

the then Revenue Minister and also at the official level. For the reason which I have already stated, my feeling is that it is not necessary to include by specifically giving all the names of such inams under the definition of the 'tenant'. Well, in many cases, they are already tenants and they will come under one or other of the categories enumerated in the definition and in some cases they are not tenants. Government do not propose now to give all the rights of the tenants to them because this question of giving lands in consideration of certain services to the deity has also to be taken into consideration.

Sir, the definition of the word 'tenant' did not undergo much change during the process of revision which the Government undertook while drafting this measure. This is practically the same definition which was in the Agrarian Relations Act. Because some hon. Members expressed certain doubts as to whether certain mortgages having a debtor-creditor relation may also come under the definition of 'kanam' 'kuzhikanam' and 'kanam-kuzhikanam', it has been made clear that usufructuary mortgages as defined in the Transfer of Property Act will not come under the scope of these definitions. That is the only change that has been brought about. Therefore, I don't think any of these amendments excepting the one which I have accepted, should be accepted by this House.

Smt. K. R. Gouri : Sir, change is necessary in the definition of 'tenant' itself. That is, " 'tenant' means any person who has paid or agreed to pay rent or other consideration", in view of the definition in clause 10, the definition of 'tenant' has to be changed and I have tabled amendment No. 205.

Clause 10 refers to 'Malayarakarshakas'

ഇതിൽ മുമ്പുണ്ടായിരുന്നതിൽ പോരായ്മ വന്നതുകൊണ്ടാണ് 205 കൊടുത്തത്. അതിനു മറുപടി പറഞ്ഞില്ല.

ശ്രീ. പി. ടി. ചാക്കോ : മറുപടി പറഞ്ഞില്ല. മറുപടി അർഹിക്കുന്നു എന്നു വിചാരിച്ചില്ല. അഗ്രേറിയൻ റിലേഷൻസ് ആക്ററിൽ പറഞ്ഞിരുന്നത് bona fide ടെനൻറ്—ഇങ്ങനെയുള്ള മലയോര കുടിയാന്മാർക്ക് കുടിയായ്മ അവകാശം ഉണ്ടെന്നാണ്. അതിനു മുമ്പത്തെ നിയമത്തിലും ഒന്നും പറഞ്ഞിരുന്നില്ല. മദ്രാസ് ഹിന്ദു റിലിജിയസ് എൻഡോവ്മെൻറ് ആക്ററുണ്ട്, എം. പി. പി. ഫോറസ്ററ് ആക്ററുണ്ട്, നിയമങ്ങളും കസ്റ്റമറി ഡ്യൂസുമുണ്ട്. അതൊക്കെ അനുസരിച്ച് ഒരാൾ കുടികിടപ്പുകാരനാകണമെങ്കിൽ ഉചിതമായ വ്യവസ്ഥകൾ പാലിച്ചിരിക്കണമെന്നുണ്ട്. ഉദാഹരണത്തിന് പറഞ്ഞാൽ പലതിനും, ഹിന്ദുറിലിജിയസ് ആക്ററ് അനുസരിച്ച് കമ്മീഷണറുടെ അനുവാദം വേണം. അങ്ങനെ കമ്മീഷണറുടെ അധികാരമില്ലാത്തതൊന്നും പാട്ടമല്ല. ബോണഫൈഡ് പാട്ടമാണെന്നു പറയാൻ ഒക്കുകയില്ല. എന്നുപറഞ്ഞാൽ അഗ്രേറിയൻ റിലേഷൻസ് ആക്ററിലെ വകുപ്പുകളനുസരിച്ച് മററു നിയമങ്ങളുടെ പ്രവർത്തനത്തിന് എതിരായി ഒന്നും ചെയ്തിരുന്നില്ല. ഹിന്ദു റിലിജിയസ് ആക്ററനുസരിച്ചോ, മറേറതെങ്കിലും ആക്ററനുസരിച്ചോ, കസ്റ്റമറി ഡ്യൂസ്കൊണ്ടോ, മററുതരത്തിലോ ടെനൻറാകാൻ ഒക്കാത്ത ആളിന് ടെനൻറിൻെറ അവകാശം ഉണ്ടായിരുന്നില്ല, അതിനുപകരം ബോണഫൈഡ് എന്നുള്ളത് മാററിയിട്ടുണ്ട്. അപ്പോൾ അതിൻെറ ക്വസ്റ്റ്യനില്ല. പാട്ടം കൊടുത്തോ ഇല്ലയോ എന്നുള്ളതല്ല പ്രശ്നം. 7—ാമത്തെ ക്ലാസിനകത്തുവരുന്ന ആളുകളും ഈ ഡെഫനിഷൻകൊണ്ട് ടെനൻറ് അല്ലാതാവുകയില്ല. 1957-നു മുമ്പ് രണ്ടുകൊല്ലം ഭൂമി കൈവശം വച്ചിരിക്കുകയും, ഏതെങ്കിലും കൃഷിചെയ്യുകയും, ടെനൻറാണെന്നു വിചാരിക്കുകയും ചെയ്തിട്ടുള്ള ആളുകളെ സംബന്ധിച്ചിടത്തോളം ഈ ഡെഫനിഷൻെറ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. പി. ടി. ചാക്കോ]

അകത്തുവരും. അങ്ങനെ ടെനൻറാണെന്നു പറയുമ്പോഴും ഒന്നും കൊടുക്കുകയില്ലെന്നല്ല. പിന്നെയും അങ്ങനെ ഒരു ചോദ്യംവരും. അങ്ങനെ പറയാൻ തയ്യാറില്ലാത്തതൊക്കെ മുഴവൻ ആളുകൾക്കും ടെനൻറിൽ കുടിയായ്മ അവകാശം കൊടുക്കുന്നതാണ് 10-ാം വകുപ്പ്. 10-ാം വകുപ്പിൻെറ പരിധിക്കകത്തു വരുന്ന യാതൊരാളും ടെനൻറ് അല്ലാതെ വരുകയില്ല എന്നു വളരെ വ്യക്തമാണ്. കഴിഞ്ഞകാലത്തെ അഗ്രേറിയൻ ആക്ററിലെ വ്യവസ്ഥകളും കൊണ്ട് ഈ രാജ്യത്തുണ്ടായ കുഴപ്പങ്ങളും അതിൻെറ ഫലമായി ഈ രാജ്യത്ത് അഗ്രേറിയൻ റിലേഷൻസ് ആക്ററു ഉണ്ടാക്കിയവർതന്നെ പ്രക്ഷോഭണം നടത്തേണ്ടിവന്ന അവസ്ഥയും എല്ലാം കണക്കിലെടുത്തുകൊണ്ടാണ് ഇതു ചെയ്തിട്ടുള്ളത്.

ശ്രീമതി കെ. ആർ. ഗൗരി: ടെനൻറിൻെറ ഡെഫനിഷനിൽ അതുകൂടി വരണം. ടെനൻറ് എന്നെഴുതിയതുകൊണ്ടു മാത്രമായില്ലല്ലോ. അതുകൊണ്ടാണ് ഞാൻ പറയുന്നത്.

Shri P. T. Chacko : Sir, there is no point in arguing like that.

Mr. Speaker : Shri Krishnan, are you pressing your amendments ?

Shri R. Krishnan : Yes, I press.

Amendments Nos. 51, 53 and 54 moved by Shri K. Krishnan were put and lost.

Mr. Speaker: Shri Balaram, are you pressing your amendment?

Shri N. E. Balaram : Yes, I press.

Amendment No. 52 moved by Shri N. E. Balaram was put and lost.

Mr. Speaker : Smt. Gouri, are you pressing your amendments?

Smt. K. R. Gouri : Yes, I am pressing only amendments 164 and 165.

Amendment No. 163 moved by Smt. K. R. Gouri was, by leave, withdrawn.

Amendments Nos. 194 and 165 moved by Smt. K. R. Gouri were put aud lost.

Mr. Speaker : Shri R. Krishnan are you pressing your amendment?

Shri R. Krishnan : Yes, I do press.

Amendment No. 166 moved by Shri R. Krishnan was put and lost.

Mr. Speaker : Shri Raghavan Nair are you pressing your amendment?

Shri P. C. Raghavan Nair : I press only amendment 170.

Amendments Nos. 168 and 169 moved by Shri P. C. Raghavan Nair were, by leave, withdrawn.

Amendment No. 170 moved by Shri P. C. Raghavan Nair was put and lost.

Mr. Speaker : Shri Hassan Gani, are you pressing your amendment ?

Shri K. Hassan Gani : Yes, Sir.

Amendment No. 172 moved by Shri K. Hassan Gani, was put and carried, namely :

"In sub-clause (57) the following words, namely "but shall not include a usufructuary mortgage as defined in the Transfer of Property Act, 1882 (Central Act 4 of 1882) shall be deleted.''

LIBRARY ARCHIVES Kerala Legislative Assembly

Mr. Speaker : Shri Srinivasan, are you pressing your amendment ?

Shri P. S. Srinivasan : Yes, Sir.

Amendment No. 275 moved by Shri P. S. Srinivasan was put and lost.

Mr. Speaker : Smt. K. R. Gouri, are you pressing your amendment ?

Smt. K. R. Gouri : Yes.

Amendment No. 206 moved by Smt. K. R. Gouri was put and lost.

Shri E. P. Gopalan: I demand a poll.

A poll was taken when the House divided as follows :

Ayes—26

1 Shri C. Achutha Menon
2 „ P. C. Adichan
3 Smt. K. O. Aisha Bai
4 Shri K. Anirudhan
5 „ P. Balachandra Menon
6 „ C. K. Balakrishnan
7 „ N. E. Balaram
8 „ K. Bhargavan
9 „ E. P. Gopalan
10 „ N. Gopala Kurup
11 Smt. K. R. Gouri
12 Shri K. V. John
13 „ K. Krishnan
14 „ R. Krishnan
15 Shri P. K. Kunjachan
16 „ P. V. Kunhunni Nayar
17 „ T. C. Narayanan Nambiar
18 „ K. V. Narayanan
19 „ P. C. Raghavan Nair
20 „ A. K. Ramankutty
21 „ T. K. Ramakrishnan
22 „ P. Ravindran
23 „ E. M. Sankaran Namboodiripad
24 „ P. S. Srinivasan
25 „ R. Sugathan
26 „ M. V. Vasu

Noes—42

1 Shri K. C. Abraham
2 „ K. T. Achuthan
3 „ T. O. Bava
4 „ N. Bhaskaran Nair
5 „ P. T. Chacko
6 „ G. Chandrasekhara Pillai
7 „ K. A. Damodara Menon
8 „ K. M. George
9 „ P. Gopalan
10 „ N. Gopalankutty Nair
11 „ Malethu Gopinatha Pillai
12 „ M. P. Govindan Nair
13 „ Vayala Idicula
14 „ A. L. Jacob
15 „ Thomas John
16 „ George Joseph Podipara
17 „ K. G. Karunakara Menon
18 „ P. R. Krishnan
19 „ N. S. Krishna Pillai
20 „ K. Kunhambu
21 „ M. Kunjukrishnan Nadar
22 Shri C. Kunhikrishnan Nair
23 „ M. Kunhikannan Nambiar
24 „ N. Kunjuraman
25 Smt. Kusumam
26 „ Leela Damodara Menon
27 Shri P. Madhavan
28 „ V. Madura
29 „ M. M. Mathai
30 Smt. A. Nafeesath Beevi
31 Shri M. Narayana Kurup
32 „ Kuroor Neelakantan Namboodiripad
33 „ E. P. Poulose
34 „ R. Raghava Menon
35 „ M. Ravindranath
36 Smt. O. T. Sarada Krishnan
37 „ K. R. Saraswathi Amma
38 Shri C. M. Stephen
39 „ T. A. Thomman
40 „ P. P. Ummer Koya
41 „ K. R. Vijayan
42 „ K. K. Viswanathan

2/570 V

LIBRARY ARCHIVES Kerala Legislative Assembly

Neutrals—7

1 Shri K. Avukadarkutty Naha	5 Shri M. Krishnan
2 „ Hamid Ali Shemnad	6 „ Muhasin Bin Ahmed
3 „ Joseph Chazhikattu	7 „ P. K. Narayanan Nambiar
4 „ O. Koran	

For the amendment	26
Against the amendment	42
Neutrals	7

The amendment was declared lost.

Mr. Speaker : Are you pressing your amendment?

Shri P. S. Srinivasan : Yes, Sir.

Amendment No. 275 moved by Shri. P. S. Srinivasan was put and lost.

Mr. Speaker : Do you press your amendment?

Shri N. Gopala Kurup : Yes, Sir.

Amendment No. 316 moved by Shri N. Gopala Kurup was put and lost.

Mr. Speaker : Do you press your amendment?

Shri T. C. Narayanan Nambiar : Yes, I press.

Amendment No. 317 moved by Shri T. C. Narayanan Nambiar was put and lost.

Mr. Speaker : Amendments Nos. 325, 367 and 1047 were by Shri Malethu Gopinatha Pillai. Do you press the amendments?

Shri Malethu Gopinatha Pillai : As a member of the Congress Legislature Party, I withdraw the amendments.

Shri P. T. Chacko : There is no question of party here.

The amendments were, by leave, withdrawn.

Mr. Speaker : Do you press your amendments?

Shri N. Bhaskaran Nair : I am not pressing.

Amendments Nos. 366 and 1127 moved by Shri N. Bhaskaran Nair were, by leave, withdrawn.

Mr. Speaker : Amendment No. 1048 was moved by Shri K. Narayana Kurup. The hon. Member is not present.

Sub-clause (60)

Mr. Speaker: Amendments Nos. 206 and 318 may be moved by Smt. K. R. Gouri and Shri R. Krishnan respectively. Amendment No. 319 by Shri N. Gopala Kurup is covered by amendments Nos. 206 and 318. Amendment No. 1138 by Shri Kunjachan is covered by amendment No. 318. Amendment No. 1049 by Shri T. K. Ramakrishnan is not properly worded and so not clear.

Smt. K. R. Gouri: Sir, I move amendment No. 206 :

In clause 2, after sub clause (60) add an explanation as follows:

LIBRARY ARCHIVES Kerala Legislative Assembly

"Explanation : Notwithstanding anything to the contrary contained in any Law or in any contract, custom or usage or in any judgment, decree or order of court, any person who by virtue of the provisions of section 6 of the Kerala Stay of Eviction Proceedings Act, 1957 was entitled to cultivate any nilam after the 11th day of April 1957, and was cultivating the nilam at the commencement of this Act shall be deemed as a varomdar, notwithstanding the expiry of the term fixed under the varom agreement".

Shri R. Krishnan: I move amendment No. 318:

In clause 2 (60), in line 2, after the word 'paddy' and before the word 'and' insert 'or banana or sugar cane'.

Smt. K. R. Gouri : The explanation is :

Explanation: Notwithstanding anything to the contrary contained in any law or in any contract, custom or usage or in any judgment, decree or order of court, any person who by virtue of the provisions of section 6 of the Kerala Stay of Eviction Proceedings Act, 1957 was entitled to cultivate any nilam after the 11th day of April 1957, and was cultivating the nilam at the commencement of this Act shall be deemed as a varomdar notwithstanding the expiry of the term fixed under the varam agreement. ഇതിൽ വാരത്തിന്റെ ഡെഫനിഷൻ ഇവിടെ പറഞ്ഞിരിക്കുന്നതു് ഇതാണു്. 'varam' means an arrangement for the cultivation of nilam with paddy and sharing the produce made between the owner or other person in lawful possession of the nilam and the person who undertakes cultivation under such arrangement, and includes the arrangement known as pathivaram, pankuvaram and pankupattam; and 'varomdar' means the person who undertakes cultivation under a varam arrangement ;

സർ, ഈ ഡഫനിഷൻ അംഗീകരിക്കുന്നതിനുമുമ്പു 1957 ഏപ്രിൽ 11-ാം തീയതിക്കുമുമ്പു വാരത്തെസംബന്ധിച്ചുള്ള വ്യാഖ്യാനം വാരം വെറും ലൈസൻസു മാത്രമായിട്ടാണു്. 1957 ഏപ്രിൽ 11-ാം തീയതി ആ ലൈസൻസി 'they were continued to cultivate the land' അതായതു് വാരക്കാർക്കു് possession കൊടുക്കാതെ അവർക്കു് Tenancy right കൊടുക്കാതെ കൃഷി ചെയ്ത ഭൂമി തുടർന്നു കൃഷിചെയ്യുന്നതിനുള്ള അവകാശം മാത്രമേ കൊടുത്തിരുന്നുള്ളു. വാരക്കാരെന്നും ബന്ധിച്ചുകൊടുക്കേണ്ടതായ അവകാശത്തിനു് വ്യക്തതയില്ലായിരുന്നതിനാണു്. അവർ തുടർന്നു കൃഷിചെയ്യാൻമാത്രം അനുസരിച്ചാണു് പറഞ്ഞിട്ടുള്ളതു്. They may coontinue to cultivate the land' എന്നുമാത്രമാണു്. Landlord-ം Tenant-ം തമ്മിലുണ്ടായിരുന്ന agreement ഒരു കൊല്ലം കൃഷി ചെയ്യുന്നതിനായിരുന്നു. ആ കാലാവധി കഴിഞ്ഞതിനു ശേഷം നിയമപ്രകാരം വാരക്കാരനു് കൃഷി തുടർന്നു ചെയ്യാനല്ലാതെ possession കൊടുക്കത്തക്ക വിധത്തിലായിരുന്നില്ല നിയമം. അതു കൊണ്ടാണു് ഇതുപോലെ ഒരു വകുപ്പിന്റെ ആവശ്യം വന്നതു്. ആ അറേഞ്ചുമെന്റു ഒരു കൊല്ലം കഴിയുമ്പോറം അങ്ങു തീർന്നുകഴിഞ്ഞു. പിന്നീടു് ആ അറേഞ്ചുമെന്റുപ്രകാരമല്ല കൾട്ടിവേററു ചെയ്യുന്നതു്. അതിനുശേഷം ഇവിടെ വന്നിട്ടുള്ള കേരളാ സ്റ്റേ ആഫു് എവിക്ഷൻ ആക്ടുപ്രകാരവും, പ്രൊട്ടക്ഷൻ ആഫു് കുടികിടപ്പു കാഴ്സു് ആക്ടുപ്രകാരവും, അതുപോലെ തന്നെ പഴയ അഗ്രേറിയൻ റിലേഷൻസു് ആക്ടുപ്രകാരവും, അങ്ങനെ കൾട്ടിവേററു ചെയ്തിട്ടുള്ളതായ വാരക്കാരുടെ അറേഞ്ചുമെന്റു എക്സിസ്റ്റിംഗ് അല്ല എന്നുള്ള കാരണത്താൽ അവരെ ഒഴിപ്പിക്കപ്പെടാൻ അർഹത ഉണ്ടാകരുതു് എന്നുള്ള വിധത്തിലാണു് എന്റെ ഭേദഗതിയിൽതന്നെയും അതിനു സബ്സിക്വൻറായിട്ടും ഭേദഗതികറം വരുന്നതു്. അഗ്രേറിയൻ റിലേഷൻസു് ആക്ടിൽ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീമതി കെ. ആർ. ഗൌരി]

അതിനു അനുകൂലമായ തരത്തിൽ വേണ്ട വ്യവസ്ഥകൾ ചേർത്തിട്ടുണ്ടായിരുന്നു. എന്നാൽ അഗ്രേറിയൻ റിലേഷൻസ് ആക്റ്റു വന്നതിനുശേഷം സ്റ്റേ ആഫ് എവിക്ഷൻ ആക്റ്റും, Kudiyans കുടികിടപ്പുകാഴ്സ് protection ആക്റ്റും ഒക്കെ ഇവിടെ ഉണ്ടായിട്ടുണ്ട്. സർ, ഇതിനോടൊപ്പംതന്നെ ഒരുകാര്യംകൂടി ഞാനിവിടെപറയാനാഗ്രഹിക്കുന്നു. അതായത് ജഡ്ജി ജാനകിഅമ്മയുടെ ബെഞ്ചിൽ ഒരുവിധിയുണ്ടായി. 1957-ൽ ഒരു വാരക്കാരനായി കുടിയേറ്റു ചെയ്തുകൊണ്ടിരുന്ന ഒരാൾ ഈ നിയമം വരുമ്പോൾ അയാളുടെ കാലാവധി കഴിഞ്ഞുപോയതുകൊണ്ടും, ഈ എക്സിസ്റ്റിംഗ് അറേഞ്ചുമെൻറു ഒന്നും ഇല്ലാതിരുന്നതുകൊണ്ടും അയാളെ വാരക്കാരനായി അംഗീകരിക്കുകയില്ലാ എന്ന വ്യാഖ്യാനം വന്നിട്ടുണ്ട്. ആ വ്യാഖ്യാനപ്രകാരം അങ്ങനെയുള്ളവർക്ക് 1957 ഏപ്രിൽ 11-നു ശേഷം വളരെ കൂടുതലാളുകളെ അങ്ങനെ ഒഴിപ്പിച്ചിട്ടുണ്ട്. അങ്ങനെയുള്ളവരുണ്ടെങ്കിൽ അവർക്ക് അഗ്രേറിയൻ റിലേഷൻസ് ആക്റ്റുപ്രകാരം ചില ആനുകൂല്യങ്ങൾ കൊടുത്തിരുന്നു. ആ നിലയിൽ ഈ അറേഞ്ചുമെൻറു എക്സിസ്റ്റിംഗ് അല്ലാത്തതുകൊണ്ടു ഈ അറേഞ്ചുമെൻറു 1957-നു മുമ്പുവരെമാത്രം എന്നുള്ളതു അതിനുശേഷവും എത്രമാത്രം ആളുകൾ വാരക്കാരായിട്ടുണ്ടോ അവർക്കും ഈ ആനുകൂല്യം ലഭിക്കണമെന്നുള്ള ഉദ്ദേശത്തിലാണ് ഇങ്ങനെ എഴുതിയിരിക്കുന്നതു. ഞാൻ എൻെറ ഭേദഗതിയിൽ എഴുതിയിരിക്കുന്നതുതന്നെ പോരാ, അതിനുശേഷം അഗ്രേറിയൻ റിലേഷൻസു ആക്റ്റുപ്രകാരവും, സ്റ്റേ ആഫ് എവിക്ഷൻ ആക്റ്റുപ്രകാരവും, പ്രൊട്ടക്ഷൻ ആഫ് കുടികിടപ്പുകാഴ്സ് ആക്റ്റുപ്രകാരവും ഇതിനു ടൈം വച്ചിട്ടുണ്ട്. അതുകൊണ്ട് പഴയകാലത്തു അറേഞ്ചുമെൻറുപ്രകാരം കൃഷിചെയ്തുവന്നിട്ടുള്ള ആളുകളെക്കൂടി ഇതിൽ ഉൾപ്പെടുത്തണം എന്നുള്ളതാണ്. അതിലേക്കു ഇതുമാത്രം പോരാ. അതുകൊണ്ടു ഞാൻ എൻെറ ഭേദഗതി അവതരിപ്പിക്കുകയാണ്.

ശ്രീ. എൻ. ഭാസ്കരൻ നായർ: 1957 ഏപ്രിൽ 11-ാം തീയതിക്കു മുമ്പ് കൃഷിചെയ്തിട്ടുള്ളവരെ വാരക്കാരായി പരിഗണിക്കണമെന്ന് ക്ലാസ്സ് 8-ൽ പറയുന്നുണ്ട്. Deemed to be a tenant എന്നുപറയുന്നുണ്ട്.

ശ്രീ. ആർ. കൃഷ്ണൻ: സർ, വാരകൃഷി ചെയ്യുന്നതു് നെല്ല് എന്നാണ് ഇതിൽ പറയുന്നതു്. കാർഷികബന്ധനിയമം വന്നതിൻെറ ഫലമായി തനിക്ക് സ്ഥിരാവകാശം ഉണ്ടെന്നു വിശ്വസിച്ചുകൊണ്ട് കുടിയാന്മാർ നെല്ലു കൃഷിചെയ്തുകൊണ്ടിരുന്ന സ്ഥലത്തു് നെല്ല് അല്ലാതെ കരിമ്പോ, ബനാനയോ കൃഷിചെയ്തിട്ടുണ്ടെങ്കിൽ അവരുടെ അവകാശം നഷ്ടപ്പെടാൻ പാടില്ലെന്നു വിചാരിച്ചാണ് ഞാൻ ഈ ഭേദഗതി അവതരിപ്പിച്ചിട്ടുള്ളതു്.

ശ്രീ. എൻ. ഗോപാലക്കുറുപ്പ്: ശ്രീ. കൃഷ്ണൻ ഇതിൻെറ കാര്യം സൂചിപ്പിച്ചുകഴിഞ്ഞു. മദ്ധ്യതിരുവിതാംകൂറിൽ രണ്ട് ഷുഗർ ഫാക്റ്ററികൾ വന്നതിനുശേഷം നിലങ്ങളിൽ നെല്ലുമാത്രമല്ല കൃഷിചെയ്യുന്നതു്. കരിമ്പ് സാധാരണമായി കൃഷിചെയ്യുന്നുണ്ട്. അവിടത്തെ ഇപ്പോഴത്തെ കൃഷിയുടെ ഏർപ്പാടനുസരിച്ചു ഒരു കൃഷിക്കുകൊടുത്താൽ മൂന്നു വർഷക്കാലമെങ്കിലും കൈവശക്കാരൻ കൃഷിചെയ്യും. കരിമ്പുകൃഷിചെയ്താൽ രണ്ടാമത്തെ തവണ കരിമ്പുനടാതെ അതിൻെറ കുററിയിൽനിന്നും ഈൽഡ് ഉണ്ടാകുന്നുണ്ട് മൂന്നാമത്തെ തവണയും കുററിയിൽനിന്നും ഈൽഡു ഉണ്ടാകുന്നുണ്ട്. ഇങ്ങനെ മൂന്നു കൃഷിചെയ്യാനുള്ള ഏർപ്പാടു ഇപ്പോൾതന്നെയുണ്ട്. തിരുവല്ലാ, ചെങ്ങന്നൂർ, മാവേലിക്കര, പത്തനംതിട്ട എന്നീതാലൂക്കുകളിൽ അങ്ങനെ നടക്കുന്നുണ്ട്. അതുകൊണ്ട് കരിമ്പുകൃഷിക്കാരുടെ വാരത്തിനു ആനുകൂല്യം നഷ്ടപെടാതിരിക്കാൻ അതുക്കൂടിപ്പെടുത്തണമെന്നാണ് ഞാൻ പറയുന്നതു്.

ശ്രീ. പി. കെ. കുഞ്ഞച്ചൻ: പ്രധാനമായി ശ്രീ. കുറുപ്പു പറഞ്ഞ കാര്യം തന്നെയാണ് ഇതിലുള്ളതു്. തിരുവല്ല, മാവേലിക്കര, ചെങ്ങന്നൂർ, താലൂക്കുകളിൽ മദ്ധ്യതിരുവിതാംകൂറിൽ രണ്ട് ഷുഗർ ഫാക്റ്ററികൾ വന്നതുകൊണ്ട്

LIBRARY ARCHIVES Kerala Legislative Assembly

വാരകൃഷിചെയ്തിരുന്ന നിലങ്ങളിൽ കരിമ്പുകൃഷി ചെയ്തുവരുന്നുണ്ട്. ബില്ലിൽ അംഗീകരിച്ചിട്ടുള്ളതു് നെല്ലുമാത്രമാണു്. ഇവിടെ കരിമ്പുകൃഷി ചേർത്തില്ലെങ്കിൽ ബുദ്ധിമുട്ടുണ്ടാകാൻ ഇടയുള്ളതുകൊണ്ടാണു് ഞാൻ അങ്ങനെ ഒരു ഭേദഗതി കൊടുത്തിട്ടുള്ളതു്. അതംഗീകരിക്കണമെന്നാണു് എനിക്കു് അപേക്ഷിക്കുവാനുള്ളതു്.

Shri P. T. Chacko: I do not accept any of the amendments.

As regards the amendment tabled by Smt. K. R. Gouri, as has been pointed out by my hon. friend on this side, the principle has already been accepted by the Government and provision is made in Clause 8.

Regarding, cultivators of other varieties of crops on varom I do not think, the same right should be conferred. For example, tapioca and ginger are cultivated on varom on a large scale in compounds and sometimes in gardens and sometimes in other dry lands. It is just for the convenience of the cultivator that for a year he is allowed to cultivate tapioca or ginger or something like that. Tenancy right cannot be given to them. They were not cultivating the same land for a long time. Moreover, they are probably cultivating in gardens. I do not think that the rights conferred on varamdar and crop sharers should be given to sugarcane cultivators. So I do not accept any of the amendments.

Mr. Speaker: Do you press?

Smt. K. R. Gouri: Yes.

Amendment No. 206 moved by Smt. K. R. Gouri was put and lost.

Mr. Speaker. Do you press?

Shri R. Krishnan: Yes, Sir.

Amendment No. 318 moved by Shri R. Krishnan was put and lost.

Sub-Clause (62)

Smt. K. R. Gouri: Sir, I am not moving my amendment No. 173.

The question that Clause 2, as amended, stand part of the Bill was put and carried.

Clause 2 was added to the Bill.

ശ്രീമതി കെ. ആർ. ഗൗരി: ഈ ഡെഫനിഷൻ ക്ലാസ്സ് വളരെ പ്രാധാന്യമുള്ളതുകൊണ്ടു് അതിന്റെ amended form-ൽ അതു സർക്കുലേറ്റു ചെയ്യണമെന്നു ഞാൻ അഭ്യർത്ഥിക്കുന്നു. നാളെയോ മറ്റോ അതു കിട്ടിയാൽ കൊള്ളാം.

Shri P. T. Chacko: Sir, it is for the Legislature Secretariat to do the needful.

Mr. Speaker: There are only a very few amendments.

ശ്രീമതി കെ. ആർ. ഗൗരി: അങ്ങോട്ടുപോകുമ്പോഴും സംശയം ഉണ്ടാകാതിരിക്കുന്നതിനുവേണ്ടി അതു കിട്ടേണ്ടതാവശ്യമാണു്.

Mr. Speaker: That wil be given.

LIBRARY ARCHIVES Kerala Legislative Assembly

Clause 3

Mr. Speaker : The following amendments may be moved.

Nos. 1130 and 1145 by Shri P. T. Chacko.

Nos. 207, 217, 223, 326, 327 and 1144 by Smt. Gouri.

Nos. 219, 328 and 330 by Shri R. Krishnan

Nos. 329 by Shri P. C. Raghavan Nair.

Nos. 208, 209 and 211 by Shri E. P. Gopalan.

Nos. 210, 212 and 213 by Shri M. Narayana Kurup.

No. 215 by Shri T. C. Narayanan Nambiar.

Nos. 216 and 227 by Shri N. E. Balaram.

No. 218 by Shri P. S. Karthikeyan.

No. 220 by Shri P. Ramunni Kurup.

Nos. 368 and 1129 by Shri Gopinatha Pillai.

No. 1050 by Shri K. Chandrasekharan.

No. 1051 by Shri M. Kunhikannan Nambiar.

Nos. 1128, 1132 and 1133 by Shri P. S. Srinivasan.

No. 1139 by Shri P. K. Narayanan Nambiar.

No. 214 is the same as No. 213.

Nos. 221 and 222 are the same as No. 220.

Nos. 224, 225 and 1135 are the same as No. 223.

No. 226 is the same as No. 227.

No. 1131 is the same as No. 217

No. 1134 is the same as No. 1133

No. 1140 is the same as No. 210

Nos. 1141 to 1143 are the same as Nos. 1050.

Shri P. T. Chacko : Sir I move amendments No. 1130 an 1145.

"In clause 3, for the second proviso after sub-clause (1) (vi), the following proviso shall be substituted, namely:

"Provided further that the provisions of this Chapter, other than sections 51 to 71, shall apply to a tenancy created by a nissanthathi kavaru as defined in the Madras Aliyasanthana Act, 1949, in respect of lands or of buildings or of both allotted to it on partition." and

In clause 3, after sub-clause (1) (viii) the following shall be inserted, namely :—

"(viii-a) tenancies in respect of kayal padasekharams of Kuttanad area specified in Schedule IV, so long as such padasekharams are used for the cultivation of paddy or such other crops as the Government may, by notification in the Gazette, specify :

Provided that the provisions of Sections 4 to 50, 72 and 73 shall apply to such tenancies; or".

LIBRARY ARCHIVES Kerala Legislative Assembly

Smt. K. R. Gouri : Sir, I move the following amendments :

207. In Clause 3 (1), after the first proviso, add a new proviso as follows :

'Provided also, that in the case of lands leased by Government to persons, owning or holding, or in both capacities lands, below ten ordinary acres in extent, that land will not be considered as Government lands."

217. In clause 3 (1), omit sub-clause (ix) and renumber.

223. In clause 3 omit sub-clause (2).

326. In clause 3 (1) (i) before the present proviso, add two more provisos as follows :

'Provided in the case of lands, belonging to or vested in the Government of Kerala, were leased for agricultural purposes or for erecting a homestead or for both purposes together to persons, owning or holding, or in both capacities including Government lands, lands below ordinary ten acres, the leases will not be considered as leases of Government lands, for purpose of fixity and compensation for improvements :

Provided further, that leases of lands taken over by Government for landowner's debt, or encumbrance shall not be considered as leases of lands belonging to or vested in the Government if such leases subsisted at the time of the taking over.

327. In clause 3 (1) (i) in the first proviso, add 'further' after the word 'provided' in line one.

1144. In clause 3 (1) after (viii) add a new sub-clause (ix) as follows :

"(ix) leases of Kayal padasekharams in Kuttanad area as specified in Schedule IV, exceeding five acres in extent."

Shri R. Krishnan : Sir, I move the following amendments :

219. In clause 3 (1), item (xi), delete the words 'or other palm trees.'

328. In clause 3 (1), after the Explanation II, add a proviso as follows :

'Provided that in the case of 'Cochipandaravaka or 'Cochimaharaja" or 'Cochisarkar' lands sub-leased by a tenant in Palghat District the provisions of sections 13 to 26 shall apply to tenants holding lands other than Government lands'

330. In clause 3 (1) (v), after the proviso, add a new proviso as follows :

'Provided further that nothing in this clause shall apply to a cultivating tenant holding lands in the name of 'karipanayam' if the interest on the mortgage amount is less than forty percent of the total rent fixed in the mortgage document.'

Shri P. C. Raghavan Nair : Sir, I move :

329. In clause 3 (1), delete (iii).

LIBRARY ARCHIVES Kerala Legislative Assembly

Shri E. P. Gopalan : Sir, I move the following amendments :

208. In clause 3 (1), delete (iv) and the proviso.

209. In clause 3 (1) (iv), delete the word 'tenancies' and substitute the words 'temporary leases.'

211. In clause 3 (1) (iv), delete 'or by the Court of wards.'

Shri M. Narayana Kurup : I move the following amendments :

210. In clause 3 (1) (iv), in line two, for the word 'granted' substitute the word 'created.'

212. In clause 3 (1) (iv), substitute the following for the existing proviso :

"Provided that the provisions of this clause shall not apply to any tenancy created by the Court of wards where the landlord to whom the property belonged had not terminated the tenancy within one year after the property was released from the superintendence of the court of wards and in cases of future release within one year of such release."

Sir, I move amendment No. 214 instead of amendment No. 213.

214. In clause 3 (1) (iv), in the proviso, in line seven, delete the portion after 'Court of Wards' except the word 'or' at the end.

Shri T. C. Narayanan Nambiar : Sir, I move : amendment No. 215. 'In clause 3 (1) (iv), add the following as another proviso :

'It is further provided that the provisions of this clause shall not apply to any tenancy effected before the appointment of such official trustee or an official receiver or officer appointed by a court consequent upon any suit for partition provided that possession of the land continues to be with the tenant on and after 21st January 1961.'

Shri N. E. Balaram : Sir, I move the following amendments

216. In clause 3 (1) (iv) add the following proviso :

'Provided further that the provisions of this clause shall cease to apply to any tenancy granted by the official trustee or an Official Receiver or Officer appointed by a court under the provisions of any law or by the Court of wards or by any person holding under or deriving title from any of the officers court aforesaid after a period of ten years from the commencement of the tenancy.'

227. In clause 3 (2), delete the word 'Chapter' and substitute the word 'Section.'

Mr. Speaker : Shri P. S. Karthikeyan, Shri P. R. Kurup, Shri Maleth Gopinatha Pillai and Shri P. M. Kunhikannan Nambiar are not in their seats. Mr. O. Koran may move amendment No. 1050 given notice of by Shri K. Chandrasekharan.

Shri O. Koran : Sir, I move : amendment No. 1050. In clause 3 (1) (v), add the following as a further proviso :

"Provided further that nothing in this clause shall apply to a cultivating tenant holding land under a lease granted by a usufructuary mortgage prior to the 18th December, 1957."

LIBRARY ARCHIVES Kerala Legislative Assembly

Shri P. S. Sreenivasan : Sir, I move :

1128. In clause 3 (1) (i), delete the words 'leases of lands or of building or of both' and substitute the words 'leases of buildings.'

1132. In clause 3 (1) (ix), delete the words 'tanks and premises and also delete the bracketed portion "(including sites on which religious ceremonies are conducted".

1133. In clause 3 (1) (ix), after the end of the words in brackets add the words 'if the Collector of the District certifies that the sites are so required."

Shri P. K. Narayanan Nambiar : Sir, I move :

1139. In clause 3 (1) (i) Explanation I, in line nine, after "at the time of the escheat" and before 'and continued to be in force" add the following : 'or were renewed after the time of the escheat'.

ശ്രീ. എൻ. ഈ. ബലറാം: സർ, മിനിസ്ററരുടെ ഒരു ഭേദഗതി (1130) കാണുന്നതു് ഈ സഭയിൽ മററാരും ആവശ്യപ്പെട്ടതല്ല, അതിൻെറ ആവശ്യത്തെപ്പററി ഇവിടെയൊന്നും പറഞ്ഞുകേട്ടതുമില്ല.

ശ്രീ. പി. ടി. ചാക്കോ: ഈ സഭയിൽ പറയാത്തതും, ആവശ്യപ്പെടാത്തതുമായ ഭേദഗതികളും ചിലപ്പോൾ അവതരിപ്പിക്കേണ്ടതായിട്ടുവരും.

ശ്രീ. എൻ. ഈ. ബലറാം: അതു സമ്മതിക്കുന്നു; ഇതിൻെറ ആവശ്യത്തെപ്പററി രണ്ടു വാചകമെങ്കിലും പറയാമല്ലോ.

ശ്രീ. പി. ടി. ചാക്കോ: സർ, അതിനെപ്പററി ഞാൻ പറയാം. ഭേദഗതി വായിച്ചാൽ വ്യക്തമാകുമെന്നു കരുതിയാണു് പ്രത്യേകം ഒന്നും പറയാതിരുന്നതു്. 'നിസ്സന്തതി കവരു' കൊടുത്തിട്ടുള്ള പാട്ടത്തെ സംബന്ധിച്ചും മററും അങ്ങനെയുള്ള സ്ഥലങ്ങളിൽ എന്തെല്ലാം അവകാശങ്ങളാണു കൊടുക്കേണ്ടതു് എന്നുള്ളതാണു് പ്രശ്നം, അളിയ സന്താന നിയമം അനുസരിച്ചു്, നിസ്സന്തതി കവരുവിനു് life interest മാത്രമേയുള്ളു. കാർഷികബന്ധ നിയമത്തിലും, ഈ ബില്ലിലും ലൈഫ് Interest ആളുകൾ കൊടുക്കുന്ന പാട്ടവും മററും ഒഴിപ്പിക്കാനുള്ള അവകാശം കൊടുക്കുന്നില്ല. ലൈഫ് ഇൻററസ്ററുള്ള ആളുകൾക്കു് വസ്തുവിൽ അവകാശം നിലവിലുള്ളതുകൊണ്ടു് മററുള്ളവരെ പരാജയപ്പെടുത്താൻ അതു മററുള്ളവർക്കു പാട്ടം കൊടുക്കാം. അങ്ങനെ യഥാർത്ഥ ഉടമയെ പരാജയപ്പെടുത്താൻ കഴിയും. നിസ്സന്തതി കവരു കൊടുക്കുന്നതു് ലൈഫ് ഇൻററസ്ററുള്ള ഒരാൾ കൊടുക്കുന്നതായിട്ടാണു് നിയമദൃഷ്ട്യാ ഇരിക്കുന്നതു്. കാസർകോട്ടു ഭാഗത്തു് അളിയ സന്താന നിയമപ്രകാരം നിലവിലുള്ള കുടുംബങ്ങൾക്കു് ലൈഫ് ഇൻടരസ്റേറയുള്ളു. നിസ്സന്തതി കവരു, യഥാർത്ഥത്തിൽ ഒരു ശാഖയുടെ കാരണവൻെറ സ്ഥാനമാണു്. ശാഖയിലെ കാരണവൻ, മററു മരുമക്കത്തായ കുടുംബങ്ങൾ എങ്ങനെ കാര്യങ്ങൾ നടത്തുന്നവോ അതുപോലെയാണു് നിസ്സന്തതി കവരുവും കാര്യങ്ങൾ കൈകാര്യം ചെയ്യുന്നതു്. ആ ഭാഗത്തുള്ള വളരെ ആളുകൾ, നിസ്സന്തതി കവരു കൊടുത്തിട്ടുള്ള പാട്ടക്കാരായിട്ടുണ്ടു്. അതിനെപ്പററി വളരെ പഠിക്കുകയും, ആലോചിക്കുകയും ചെയ്തിട്ടുണ്ടു്. അവർക്കുകൂടി ഈ അവകാശം കൊടുക്കാതെ വന്നാൽ വളരെയധികം ഒഴിപ്പിക്കലുകൾ ഉണ്ടാകും. പക്ഷെ, അവർക്കു് പർച്ചേസ് റൈററു കൊടുത്താൽ ബുദ്ധിമുട്ടുണ്ടാകും. പർച്ചേസ് റൈററു കൊടുത്താൽ പണം കെട്ടിവെക്കുന്നതു്, നിസ്സന്തതി കവരുവിനു വാങ്ങാൻ ഒക്കുകയില്ല. അളിയ സന്താന നിയമത്തിൽ വ്യത്യാസം വരുത്താതെ, പർച്ചേസ് റൈററു കൊടുത്താൽ കുടുംബകാരണവനു് പ്രതിഫലം കൊടുക്കാൻ അവകാശമില്ലാതെ വരും. അവർ ജീവിച്ചിരിക്കുന്നിടത്തോളംകാലം വസ്തുവിൽനിന്നു്

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. പി. ടി. ചാക്കോ] :

ആദായം എടുത്തു അവരുടെ കാര്യങ്ങൾ നോക്കാം എന്നുള്ള നിയമം ഇരിക്കെ, അതിനു പ്രതിബന്ധമുണ്ടാകുന്നതു് യഥാർത്ഥത്തിലുള്ള വസ്തുതന്നെ ഉപയോഗിക്കാൻ സാധിക്കാത്ത ഒരു അവസ്ഥ സൃഷ്ടിക്കുകയായിരിക്കും. അതുകൊണ്ടാണു് നിസ്സന്തതി കവരു കൊടുത്തിട്ടുള്ള എല്ലാ വസ്തുക്കൾക്കും മററു ടെനൻസിനു കൊടുത്തിട്ടുള്ള അവകാശങ്ങൾ കൊടുക്കാൻ ഇങ്ങനെയൊരു ഭേദഗതി അവതരിപ്പിച്ചിട്ടുള്ളതു്. അവർക്കു സ്ഥിരാവകാശം കൊടുക്കുകയാണു്. സ്ഥിരാവകാശം കൊടുത്താൽ, അവരെ ഒഴിപ്പിക്കാൻ ഒക്കുകയില്ല. ഫെയർറെൻറു് അവകാശവും കൊടുക്കുകയാണു്. പർച്ചെയ്സു റൈററു് ഒഴികെ ടെനൻസിൻെറ അവകാശങ്ങൾ കൊടുക്കുകയാണു്.

മറെറാന്നു്, നിസ്സന്തതി കവരു ലൈഫ് ഇൻററസ്ററിനേക്കാൾ കൂടുതൽ അവകാശം യഥാർത്ഥത്തിൽ പ്രയോഗിക്കാനാവരാ... ആ നിലയിൽ ടെനൻറിൻെറ അവകാശങ്ങൾ അവർക്കു കൊടുക്കാതിരുന്നാൽ, ആ സ്ഥലത്തെ പാട്ടക്കാർ ഒഴിഞ്ഞുപോകേണ്ടതായിവരും. അതുകൊണ്ടാണു് ഇതു പ്രത്യേകം ചേർത്തിരിക്കുന്നതു്. പിന്നെ അവർക്കു പർച്ചെയ്സു റൈററു കൊടുക്കുന്നതിനെപ്പററി ആലോചിക്കുമ്പോൾ, അളിയ സന്താന നിയമത്തിൽ ഭേദഗതി വരുത്തേണ്ടിവരും. അതിനു കുറെ സമയം എടുത്തു് ആലോചിച്ചേ തീരുമാനിക്കാൻ പററൂ. മൈസൂർ അളിയ സന്താന നിയമത്തിൽ എന്തോ ഭേദഗതി കൊണ്ടുവന്നിട്ടുള്ളതായി അറിയുന്നു. അതുകൂടി പഠിച്ചിട്ടു്, ആലോചിച്ചു് അതിനെപ്പററി ഒരു തീരുമാനം എടുക്കാവുന്നതാണു്.

ശ്രീ. എം. നാരായണക്കുറുപ്പ്: ബഹുമാനപ്പെട്ട, ശ്രീ. ബലറാം പറഞ്ഞു, മന്ത്രി അവതരിപ്പിച്ച ഭേദഗതി ഇവിടെ ആരും ആവശ്യപ്പെട്ടതല്ല എന്നു്. ശ്രീ. കുഞ്ഞിക്കണ്ണൻ നമ്പ്യാർ 1051-ാമതായിട്ടു് ഒരു ഭേദഗതി ഇതുസംബന്ധിച്ച അവതരിപ്പിച്ചിട്ടുണ്ടു്.

ശ്രീമതി കെ. ആർ. ഗൗരി: സർ, ഈ ബിൽ അവതരിപ്പിച്ചപ്പോൾ ഒന്നു്, സെലക്ററുകമ്മിററി പരിഗണന കഴിഞ്ഞപ്പോൾ മറെറാന്നു് ഇപ്പോൾ വേറൊന്നു് എന്ന ക്രമത്തിലാണു് ഇതിനെ സംബന്ധിച്ചിടത്തോളം ഭേദഗതി വന്നുകാണുന്നതു്.

ശ്രീ. പി. ടി. ചാക്കോ: അതു ശരിയാണു്: അളിയ സന്താന നിയമത്തെ സംബന്ധിച്ചും മററും ആ ഭാഗത്തുള്ള മെമ്പറന്മാരുമൊക്കെയായിട്ടു് കൂടുതൽ മനസ്സിലാക്കാനും, പഠിക്കാനും ശ്രമിച്ചു. അതു സംബന്ധിച്ച പരിജ്ഞാനം കുറവായിരുന്നതുകൊണ്ടു് കൂടുതൽ കാര്യം ഗ്രഹിച്ചപ്പോൾ ഇങ്ങനെ ഭേദഗതി ചെയ്യണമെന്നു തോന്നി. നിയമനിർമ്മാണകാര്യത്തിൽ ഒരിക്കൽ ഒന്നു പറഞ്ഞാൽ പിന്നെ അതിൽതന്നെ ഉറച്ചുനിൽക്കണമെന്നു നിർബന്ധമുള്ള വ്യക്തിയല്ല ഞാൻ.

ശ്രീ. ഇ. പി. ഗോപാലൻ: അപ്പോൾ ഇതു് ഇനിയും മാറുമോ?

ശ്രീ. പി. ടി. ചാക്കോ: കൂടുതൽ പരിശോധനയിൽ ആവശ്യമെന്നു കണ്ടാൽ മാറും.

ശ്രീമതി കെ. ആർ, ഗൗരി: സർ ഞാൻ 207, 217, 223, 326, 327, 144 എന്നീ ഭേദഗതികൾ ചെയ്തിട്ടുണ്ടു്. ഇതു ഗവണ്മെൻറു ലാൻഡിനെ ബന്ധിച്ച വ്യാഖ്യാനങ്ങൾ ഒഴിവാക്കുന്നതിനെ സംബന്ധിച്ചഭേദഗതികളാണു്. 326-ാമത്തെ ഭേദഗതിപ്രകാരം, ഗവണ്മെൻറു് ഭൂമി, ഇന്നു് ആരെങ്കിലും വീടു വയ്ക്കുന്നതിനും കൃഷിചെയ്യുന്നതിനും ആവശ്യമായ പാട്ടത്തിനു കൊടുത്തിട്ടുണ്ടെങ്കിൽ, അതു കൊടുത്തിരിക്കുന്നതു് പത്തേക്കറിൽ താഴെയുള്ള ഭൂമി ജന്മമായോ കൈവശമായോ അല്ലെങ്കിൽ ആ വിധത്തിലുള്ള ആകെ ഭൂമിയെ സംബന്ധിച്ചിടത്തോളം, ആ ഭൂമി ഗവണ്മെൻറു ഭൂമിയുടെ പാട്ടമായി കണക്കാക്കാൻ പാടില്ല, എന്നു് അതിനവർക്കു അസ്ഥിരത കിട്ടുന്നതിനും, അതുപോലെ ദേഹണ്ഡപ്രതിഫലം കിട്ടുന്നതിനും അവകാശം ഉണ്ടായിരിക്കണമെന്നാണു് എൻെറ ഭേദഗതിയിൽ ആവശ്യപ്പെട്ടിരിക്കുന്നതു്.

LIBRARY ARCHIVES Kerala Legislative Assembly

മറെറാന്നു് ഗവണ്മെൻറു ഭൂമി ഒരു ഉടമയുടെ കടത്തിനായിട്ടു് ഗവണ്മെൻറു വിററു എടുക്കുകയാണെങ്കിൽ അങ്ങനെ വിൽക്കുന്ന ഭൂമി ഗവണ്മെൻറു വസ്തു എടുക്കുന്നതിനു മുൻപു്, ആർക്കെങ്കിലും പാട്ടത്തിനോ, ഏതെങ്കിലും വിധത്തിൽ പാട്ടമായോ വേറെ ആരുടെയെങ്കിലും കൈവശമാണു് ഇരിക്കുന്നതെങ്കിൽ ആ വക ഭൂമി ഗവണ്മെൻറു ഭൂമിയായി കണക്കാക്കരുതെന്നാണു്.

സർ, ഗവണ്മെൻറു ഭൂമിയെ സംബന്ധിച്ചു് ഗവണ്മെൻറു് ഭൂമി ആക്കൊക്കെ വിതരണം ചെയ്യണമെന്നതിനെ സംബന്ധിച്ചു പ്രത്യേകമായി നിയമമുണ്ടു്, Communist Government അധികാരത്തിൽ വന്നതിനുശേഷം അന്നുവരെയുള്ള ഗവണ്മെൻറു ഭൂമികളിലുള്ള അനധികൃത കയ്യേററങ്ങൾ, പാട്ടത്തിനു കൊടുത്തിട്ടുള്ളതു് മറെറല്ലാം പരിഗണിച്ചു് 1957 ഏപ്രിൽ 26–ാം തീയതി വരെ ഭൂമിയിൽ കയ്യേറിയവരെയും പാട്ടത്തിനു വച്ചനുഭവിച്ചവരെയും തൽക്കാലം ഒഴിപ്പിക്കരുതെന്നു 1958–ലെ 1957 ഒട്ടവിലെ ലാൻഡു് അസൈൻമെൻറു റൂൾ സ്പെസിഫിക്കായിട്ടു് ഉണ്ടാക്കി. നിയമസഭയുടെ മുൻപിൽ അവതരിപ്പിച്ചു ഭേദഗതി ചെയ്തു് പാസ്സാക്കി നടപ്പിൽവരുത്തി. വിതരണത്തിനു കമ്മിററികൾപോലും സംഘടിപ്പിച്ചിരുന്നു. ഇതെല്ലാം നിലവിലിരിക്കെ ഗവണ്മെൻറു ഭൂമി പാട്ടത്തിനു കൈവശം ആളുകളിൽനിന്നു് ഇപ്പോൾ ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ നടക്കുന്നുണ്ടു്. അതു ഗവണ്മെൻറു് അറിഞ്ഞിട്ടാണോ അറിയാതെ കണ്ടോ എന്നു അറിവില്ല. പാവപ്പെട്ട മത്സ്യത്തൊഴിലാളികൾ, കായൽ തീരങ്ങളിലും മററും താമസിക്കുന്നവർ, 5–ം, 10–ം സെൻറു സ്ഥലങ്ങളിൽ വളരെക്കാലമായിട്ടു കൃഷിചെയ്തും, കുടിവെച്ചും കഴിയുകയാണു്. കഴിഞ്ഞ കാലത്തെ തിരുവിതാംകൂറിലെ ചരിത്രം പരിശോധിച്ചു നോക്കുകയാണെങ്കിൽ, സർ സി. പി. രാമസ്വാമി അയ്യരുടെ ഭരണകാലം മുതൽ കൈവശം വച്ചിരുന്ന തുടർച്ചയായിട്ടു ഒരു നിശ്ചിത കാലത്തേക്കു പാട്ടത്തിനു കൊടുക്കുകയും, കാലാവധി കഴിയുമ്പോൾ പിന്നെയും തുടർന്നു പാട്ടത്തിനു കൊടുക്കുകയും ചെയ്തിട്ടുള്ള ഭൂമികളിൽ ഇപ്പോൾ കാലാവധി കഴിഞ്ഞു എന്ന പേരിൽ—നിയമത്തിൽ ഒഴിപ്പിക്കാനോ പുനർലേലം ചെയ്യാനോ പാടില്ലാ എന്നു അനുശാസിച്ചിരുന്നാലും—റവന്യൂ ഡിപ്പാർട്ടുമെൻറു് ലേലം ചെയ്തു കൊടുത്തുവരുന്നു. കൈവശക്കാരായ കുടിയാന്മാർ മുൻപു് 5 രൂപ കൊടുത്തു പതിച്ചിട്ടുള്ള സ്ഥലം, ഇപ്പോൾ ഈ നടപടിമൂലം 80–ം 90–ം രൂപ വരെ ലേലത്തുക കൊടുത്തു പിടിക്കേണ്ട ഒരു സാഹചര്യം വന്നുചേർന്നിരിക്കുകയാണു്. പത്തും ഇരുപതും കൊല്ലമായി സ്വന്തമായി കൃഷിചെയ്തു താമസിക്കുന്ന ഭൂമി കൈവിട്ടുപോകുമല്ലോ എന്ന ഭയം നിമിത്തം ലേലത്തുക കൂടിയാലും അവർതന്നെ ലേലത്തിൽ വിളികൊള്ളാൻ നിർബന്ധിതരായിത്തീരുകയാണു്. ചിലർ കൂടിയ തുകക്കു ലേലത്തിൽ വിളികൊള്ളുകയും, മററു ചിലർക്കു ഭൂമി നഷ്ടപ്പെടുകയും ചെയ്യുന്നുണ്ടു്. പല പ്രാവശ്യമായിട്ടു് ഗവണ്മെൻറിൻെറ മുൻപിലും, മന്ത്രിയുടെ മുൻപിലും 1960–നു ശേഷം ഞാൻ തന്നെ, ഇരുപത്തും നാല്പതും പെററിഷൻ ഇതുസംബന്ധിച്ചു ഹാജരാക്കിയിട്ടുണ്ടു്. ഗവണ്മെൻറു ഭൂമിയെ സംബന്ധിച്ചിടത്തോളം; പ്രത്യേകം നിർദ്ദേശം നൽകിയിട്ടാണോ എന്നറിവില്ല, ഇത്തരം ഭൂമിയിൽനിന്നു് ഒഴിപ്പിക്കുന്നതിനുള്ള ശ്രമം എല്ലാ ഡിസ്ട്രിക്ടിലും നടക്കുന്നുണ്ടു്. നിലവിലിരിക്കുന്ന നിയമപ്രകാരം ഗവണ്മെൻറു ഭൂമിയിൽനിന്നു് ഒഴിപ്പിക്കുകയാണെങ്കിൽ ആ ഭൂമിയിലെ ദേഹണ്ഡങ്ങൾക്കു പാട്ടക്കാരനു് അവകാശമില്ല. ഇതു സംബന്ധിച്ചു കഴിഞ്ഞ കാലത്തു് ഹൈക്കോടതി വിധിയുണ്ടായിട്ടുണ്ടു്. Specific ആയിട്ടു അതു പണം മുടക്കി ചെയ്തതാണെങ്കിൽ മാത്രമേ Compensation കിട്ടുകയുള്ളൂ. എന്തെങ്കിലും ചെയ്യുന്നതിനായി കൊടുത്താൽ ഏതായാലും ഈ ഭൂമിയെ സംബന്ധിച്ചു സ്പെസിഫിക്കായിട്ടു ആദ്യത്തെ ഭേദഗതിയിൽ പറഞ്ഞിട്ടുണ്ടു്.

രണ്ടാമത്തെ ഭേദഗതിയിൽ, അവരെ സംബന്ധിച്ചിടത്തോളം ഏതെങ്കിലും കാരണവശാൽ, കൈവശഭൂമി തിരിയെ എടുക്കണമെന്നു ഗവണ്മെൻറു വിചാരിക്കുന്നുണ്ടെങ്കിൽ, ഗവണ്മെൻറു ഓണർ എന്ന നിലയിൽ മാത്രം പ്രവർത്തിക്കുകയും അവർ ഈ ദേഹണ്ഡങ്ങൾ ചെയ്തിട്ടുണ്ടെങ്കിൽ അതിനു പ്രതിഫലം കൊടുക്കുന്ന വ്യവസ്ഥ ഉണ്ടാക്കണമെന്നാണു് പ്രധാനമായി ഞാൻ ആവശ്യപ്പെടുന്നതു്. ഈ Improvement കൊടുക്കുന്ന നയം ചില സ്ഥലങ്ങളിലുള്ള പ്രേം

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീമതി കെ. ആർ. ഗൗരി] :

ജക്റ്റു ഏരിയായെ എത്രത്തോളം ബാധിക്കുമെന്നറിഞ്ഞില്ല. ഞാൻ പാട്ടത്തിനു കൊടുത്തിട്ടുള്ള ഭൂമിയെ സംബന്ധിച്ചു മാത്രമേ പറയുന്നുള്ളു. മറ്റു ഭൂമിയെ സംബന്ധിച്ചു പറയുന്നില്ല. സർ, കഴിഞ്ഞകാലത്തു്, കാർഷികബന്ധനിയമം സെലക്റ്റു കമ്മിറ്റിയുടെ പരിഗണനയ്ക്കു വിധേയമായി, റിപ്പോർട്ടു Submit ചെയ്തപ്പോൾ അതിൽ ഡിസൻറിംഗ് നോട്ടെഴുതിയവരിൽ കോൺഗ്രസ് പാർലമെൻററി പാർട്ടിയിലെ താഴെ പറയുന്നവർ ഒപ്പിട്ടിരുന്നു. ശ്രീമാന്മാർ പി. ടി, ചാക്കോ, കെ. കെ. വിശ്വനാഥൻ, ആർ. രാഘവമേനോൻ എ. എ. റഹിം, കെ. കൊച്ചുകുട്ടൻ, കെ. ആർ. നാരായണൻ, ഇ. പി. പൗലോസ്, മാലേത്തു ഗോപിനാഥപിള്ള.

ശ്രീ. പി. ടി. ചാക്കോ: അന്ന് അതിനു മറുപടി പറഞ്ഞതുകൂടി വായിക്കാമോ?

ശ്രീമതി. കെ. ആർ. ഗൗരി: മറുപടി Select Committee report-ൽ ഇല്ല. അതുകൊണ്ടു വായിക്കാൻ നിവൃത്തിയില്ല. എന്നാൽ സെലക്റ്റു കമ്മിററിയിൽ Shri P. T. Chacko dissenting note എഴുതുന്ന അവസരത്തിൽ ഒരൊററ ഗവണ്മെൻറു ഭൂമി കൈവശക്കാരനേയും അയാൾ ഭൂമിയിൽ 1957 April 26 നു മുമ്പ് കയറിയവരാണെങ്കിൽ ഒഴിപ്പിച്ചിട്ടില്ലായിരുന്നു. പാട്ടത്തിനു ഭൂമിയിരിക്കുന്നവർക്ക് 10 ഏക്കർവരെ പതിച്ചു കൊടുക്കുന്നതിനു വ്യവസ്ഥചെയ്തിരുന്നു. ഒഴിപ്പിക്കാതിരിക്കാൻ അന്നു പ്രത്യേകം ശ്രദ്ധിച്ചിരുന്നു. അതിനുവേണ്ടി പ്രത്യേക കമ്മിററികൾ താലൂക്കുതോറും സംഘടിപ്പിച്ചിരുന്നു. ഇന്നത്തെ മന്ത്രി കോൺഗ്രസ്സു പാർലമെൻററി പാർട്ടി ലീഡറെന്ന നിലയിൽ, ഗവണ്മെൻറു വക ഭൂമിയെ പാട്ടത്തിനു ആക്കെങ്കിലും കൊടുത്തിട്ടുണ്ടെങ്കിൽ മററു ഭൂമികളിൽനിന്ന് വ്യത്യസ്ഥമായി പരിഗണിക്കുന്നതിനെ അന്നു എതിർക്കുകയാണ് ചെയ്തതു്. ഞാൻ ഇന്നു അതിനേക്കാൾ പരിമിതമായിട്ടാണ് കുടിയാനു അവകാശം ചോദിച്ചിരിക്കുന്നതു് എല്ലാ കാര്യത്തിലും മററു private ഭൂമികളെപ്പോലെ അവകാശം കുടിയാനു വേണമെന്നു പറയുന്നില്ല. ഫിക്സിററിയെ സംബന്ധിച്ചും, അതുപോലെ ഒഴിപ്പിക്കാതിരിക്കുന്നതിനുള്ള വ്യവസ്ഥയെസംബന്ധിച്ചും പറയുന്നതേയുള്ളു. ഏതെങ്കിലും വിധത്തിൽ ഗവണ്മെൻറു ഭൂമി ആവശ്യമുണ്ടെങ്കിൽ ഒഴിപ്പിക്കുകയാണെങ്കിൽ അതിലെ ഇംപ്രൂവ്മെൻറിനുകൂടി വില കൊടുക്കത്തക്കവിധത്തിൽ പരിമിതമായിട്ടു മാത്രമേ കുടിയാനു അവകാശം ചോദിക്കുന്നുള്ളു. ഓണർഷിപ്പു മററു നിയമപ്രകാരം കൊടുക്കുകയാണ് വേണ്ടതു്.

ലാൻഡ് അസൈൻമെൻറു റൂൾസ് പ്രകാരം നടപടി നടത്തി എടുക്കുന്നുണ്ട്. ഗവണ്മെൻറിനു ഭൂമി ആവശ്യമാണെന്നു കാണുകയാണെങ്കിൽ ഗവണ്മെൻറു ഓണറായിട്ടുനിന്നുകൊണ്ടു improve-ൻെറ കാമ്പൻസേഷൻ കൊടുത്തു ഒഴിപ്പിക്കാം. ആയിരക്കണക്കിനു ഏക്കർ സ്ഥലം പലക്കുമായി നൽകിയിട്ടുണ്ടെങ്കിൽ അതിനെല്ലാം ഫിക്സിററി കൊടുക്കണമെന്നു ഞാൻ പറയുന്നില്ല. അതു ഉദ്ദേശിച്ചുകൊണ്ടാണ് ഞാൻ ഭേദഗതി അവതരിപ്പിക്കുന്നതു്. ചെറുകിട കർഷകർക്കു ഗവണ്മെൻറിൽനിന്നും പാട്ടം കൊടുത്തിട്ടുണ്ടെങ്കിൽ അവർ ആത്മാർത്ഥമായി കൃഷി ചെയ്യുന്നതിനും അവിടെ താമസിക്കുന്നതിനും ഉപയോഗിക്കുന്ന ഭൂമി കൊടുത്തിട്ടുണ്ടെങ്കിൽ, ആ കുടിയാന് സ്വന്തം നിലയിലോ മററു കുടിയാനെന്ന നിലയിലോ ഗവണ്മെൻറുഭൂമിയും ചേർത്തു് പത്തു സാധാരണ ഏക്കർ വരെ ഉള്ളവർക്കുമാത്രം ഇതു ബാധകമാക്കിയാൽ മതിയെന്നാണ് എൻെറ ഭേദഗതികൊണ്ടു് ഉദ്ദേശിച്ചിരിക്കുന്നതു്. ആർഡിനറി പത്തേക്കറാണ്, സ്റ്റാൻഡേർഡ് ഏക്കറുമല്ല. ഇതു ഞാൻ പറയുമ്പോൾ കഴിഞ്ഞകാലത്തു നിങ്ങൾ എടുത്ത നിലപാട് ഇരിക്കുന്നസ്ഥലം മാറിയതോടുകൂടി മാറിയെന്നോ, പ്രാരബ്ധവും ചുമതലയും വന്നപ്പോൾ കുറേക്കൂടി വിവേകം വന്നുവെന്നോ ഏതാണു മനസ്സിലാക്കേണ്ടതു്? ഞാൻ ഈ നിയമസഭയിൽ ഉറപ്പിച്ചുപറയുകയാണ്, അന്നു് റവന്യൂഡിപ്പാർട്ടുമെൻറുകൾ 1957 April 26—നു മുൻപു് കയ്യേറിയ കയ്യേററക്കാരെപോലും ഒഴിപ്പിച്ചിട്ടില്ല. അതിനുശേഷം അന്നുവരെ ഉണ്ടായിരുന്ന കർഷകരുടെ ഭൂമി ഒഴിപ്പിച്ചിട്ടില്ല. അനധികൃത

LIBRARY ARCHIVES Kerala Legislative Assembly

പ്രവേശനം തടയണമെന്നുള്ള വിധത്തിൽ അന്നുവരെ ഭൂമിയിൽ പ്രവേശിച്ചവൎക്ക് Protection കൊടുക്കുകയും അതിനുശേഷം കയറിയവരെ മാത്രം ഒഴിപ്പിക്കാൻ വ്യവസ്ഥ ചെയ്യുകയും കൈവശക്കാൎക്ക് വേഗം ഭൂമി പതിച്ചുകൊടുക്കുന്നതിന് നടപടി തുടങ്ങുകയും, അനധികൃതകയ്യേററക്കാരനോ പാട്ടക്കാരനോ ഒരാളിനെപ്പോലും ഒഴിപ്പിക്കപ്പെട്ടിട്ടില്ല. ഏതെങ്കിലും ഒരു ഉദ്യോഗസ്ഥൻ നടപടി നടത്തിയിട്ടുണ്ടെങ്കിൽതന്നെ കാര്യമായി അതു പ്രയോഗത്തിൽ വരാത്ത വിധത്തിൽ വേണ്ട നിർദ്ദേശം കൊടുത്തിരുന്നു, നടപടികൾ നടത്തിയിട്ടുമില്ല. ഇന്നു സ്ഥിതിഗതികൾ മാറിയിരിക്കുകയാണ്. ഞാൻ മുമ്പു പറഞ്ഞതുപോലെ കായലോരപ്രദേശത്തു താമസിക്കുന്ന അരയന്മാൎക്ക് സർ. സി. പി.യുടെ കാലത്തു ഭൂമി പാട്ടത്തിനു കൊടുത്തിട്ടുള്ളതാണ്. ഏററവും കൂടുതൽ ഭൂമി കൊടുത്തിരിക്കുന്നതുതന്നെ അമ്പതു സെൻറാണ്. വേമ്പനാട്ടു കായലിൻെറ തീരപ്രദേശങ്ങളാണ് അങ്ങനെ കൊടുത്തിരിക്കുന്നതു്. വളരെയധികം താഴ്ചയുള്ള പ്രദേശവും വെള്ളക്കെട്ടുള്ളതുമായ സ്ഥലമാണ്. അവരുടെ തൊഴിലു നടത്തുവാൻ പ്രത്യേകം സൗകര്യവും മററും നോക്കേണ്ടതുള്ളതുകൊണ്ടായിരിക്കാം, തൊഴിലുമായി ബന്ധപ്പെട്ടുതാമസിക്കണമെന്നു അവൎക്കു നിർബന്ധമുള്ളതുകൊണ്ട് അവർ തൊഴിൽചെയ്തു അന്നന്നുകിട്ടുന്ന കാശു ചെലവാക്കി ആ സ്ഥലം നികത്തി തൈ വച്ചിരിക്കും. അങ്ങനെയുള്ള വളരെയധികം ആളുകളെ ഒഴിപ്പിക്കുവാൻവേണ്ടി നടപടി നടത്തുന്നു. ലീസ് ടെർമിനേററു ചെയ്തു കഴിഞ്ഞുവെന്നു പറഞ്ഞു പുതുതായി ലേലം ചെയ്യുന്നു. അങ്ങനെ ലേലം ചെയ്യുമ്പോൾ അവൎക്കുതന്നെ അതു കിട്ടണമെന്നു നിർബന്ധമില്ല. അവർ ദേഹണ്ഡിച്ചുവെങ്കിലും ഭൂമി ഗവൺമെൻറിൻെറ വകയാണെന്നു കരുതി വരുമാനത്തിൻെറ അടിസ്ഥാനത്തിൽ ലേലത്തുക കൂട്ടണം. അങ്ങനെ ലേലത്തുക കൂട്ടുന്നതിനുള്ള ശ്രമമാണ്, ചേർത്തല താലൂക്കിൽ മാത്രമല്ല, എല്ലാ സ്ഥലത്തും തുടരെ നടത്തിക്കൊണ്ടിരിക്കുന്നതു്. അങ്ങനെ ഒഴിപ്പിക്കാതിരിക്കുവാനും അവൎക്കു കൊടുത്തിരിക്കുന്ന അവകാശം നഷ്ടപ്പെട്ടുപോകാതിരിക്കുവാനും ഞാൻ ഇപ്പോൾ അവതരിപ്പിച്ച ഭേദഗതി ബഹുമാനപ്പെട്ട മന്ത്രി അംഗീകരിക്കണമെന്നു ഞാൻ അപേക്ഷിക്കുന്നു. മുമ്പു ഞാൻ സൂചിപ്പിച്ച, മന്ത്രി ചാക്കോ മുന്നിട്ടു നിന്നു എഴുതിയ ഡിസൻറിംഗ് നോട്ട് ഞാൻ ഇവിടെ വായിക്കാം.

> 'In excluding Government land from the provisions regarding fixity of tenure and ceiling there has been an unjust discrimination against those who hold under kuthakapattom and other leases by Government. We are decidedly of the view that leases of Government land should also be subject to the same provisions regarding fixity of tenure and ceiling as applicable to other tenures in this Bill.'

ഞാൻ അത്രത്തോളം പോയിട്ടില്ല. സീലിംഗ് വ്യവസ്ഥയിൽ പോയി ബാക്കിയുള്ളതിനെ സംബന്ധിച്ചുമാത്രമാണ് ഞാൻ പറഞ്ഞിട്ടുള്ളതു്. അതായതു പത്തേക്കർ വരെ ഭൂമിയുള്ളവരെ അതു ഗവൺമെൻറുവക ഭൂമിയിൽ നിന്നും ഒഴിവാക്കണമെന്ന്. അതു സാധാരണ പത്തേക്കർഭൂമി സ്പെസിഫിക്കായിട്ടു ഇന്നതിനാണെന്ന് കാണിച്ചുകൊടുത്തിട്ടുള്ളതു ഒഴിപ്പിക്കുവാൻ പാടില്ല. ദേഹണ്ഡിക്കുന്നതിൻെറ ഫലം എന്തുതന്നെയായാലും അതു അവൎക്കു കിട്ടുന്നതിനുള്ള വ്യവസ്ഥ ഇതിൽ ചേർക്കാം. അതിനാണ് ഞാൻ ഭേദഗതി അവതരിപ്പിച്ചതിൻെറ ഒരു ഉദ്ദേശം. മലയോരപ്രദേശങ്ങളായ കോട്ടയം ഡിസ്ട്രിക്ടിലും മററും കർഷകരെ സംബന്ധിച്ച താൽപ്പര്യങ്ങൾ പരിരക്ഷിക്കുവാൻ അവൎക്കു സംഘടനകൾ ഉണ്ട്. പല സ്ഥലത്തും ഒഴിപ്പിക്കുന്നതിനുള്ള ശ്രമങ്ങൾ എതിർക്കുന്നുവെന്നു പറഞ്ഞു. പലസ്ഥലത്തും ഒഴിപ്പിക്കൽ നടക്കുന്നുണ്ട്. എൻെറ ഭേദഗതികൊണ്ടു മുഴുവൻ പ്രശ്നവും തീരുകയില്ല. പാട്ടത്തിനു കൊടുത്തിട്ടുള്ള ഭൂമിയെ സംബന്ധിച്ചാണ് ഞാൻ പറയുന്നതു്. ധാരാളം ദേഹണ്ഡിച്ചു ഉണ്ടാക്കിയിട്ടുള്ള ദേഹണ്ഡത്തിനു, ദേഹണ്ഡം എന്തുതന്നെയായാലും ന്യായമായി ഇംപ്രൂവ്മെൻറു ആക്ടുപ്രകാരം അവൎക്കു കൊടുക്കാനുള്ള അവകാശം കിട്ടുമെന്നു വ്യവസ്ഥ ചെയ്യാമെങ്കിൽ കർഷകരുടെ ഇടയിൽ ഇന്നു ഉണ്ടായിട്ടുള്ള ആശങ്ക മാറും, എതിർപ്പു കുറയും. ആരുതന്നെ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീമതി കെ. ആർ. ഗൗരി]

അദ്ധ്വാനിച്ചാലും ആ അദ്ധ്വാനത്തിന്റെ ഫലം അവനു കിട്ടണം. ഇതു പറയുമ്പോൾ ഇനി എന്തുവേണം, രണ്ടോ മൂന്നോ ക്ലാസ്സ് തന്നെ മാററാൻ പറഞ്ഞേക്കാം എന്നു ചിലർ പറയുമായിരിക്കും. എങ്കിലും കഴിഞ്ഞ നിയമത്തിലുള്ള അതേപടിതന്നെ വേണമെന്നു വാദിക്കുകയല്ല. ചില വ്യവസ്ഥകൾ ആ ഭാഗത്തേക്കുകൂടി നീട്ടിക്കൊണ്ടു പോകാനുണ്ട്. അദ്ധ്വാനിക്കുന്നവനു അതിന്റെ ഫലം നൽകുക എന്ന തത്വം കാർഷിക പരിഷ്കരണത്തിൽ നിങ്ങൾ അംഗീകരിക്കുന്നുവെങ്കിൽ അതു നടപ്പിൽ വരുത്തുന്നതിലേക്കു എന്റെ ഭേദഗതി സ്വീകരിക്കണമെന്നു ഞാൻ പറയുകയാണ്. രണ്ടാമത്തു ഗവണ്മെന്റു വസ്തു ഉടമസ്ഥന്റെ കരാറുപ്രകാരം ലേലംചെയ്തു വിറെറടുക്കുകയാണെങ്കിൽ, അതിനുമുമ്പു പാട്ടത്തിനു കൈവശമിരിക്കുന്ന പാട്ടക്കാരൻ ഫിക്സിററി കിട്ടികഴിയാത്തതിനുശേഷം വരുന്ന പ്രത്യാഖ്യാതം എന്തായിരിക്കുമെന്നും അതു നടപ്പിൽവരുത്തുവാൻ കോടതിയിൽ പോയാൽ ഫലമെന്തായിരിക്കുമെന്നും വ്യക്തമായിട്ടു പറഞ്ഞിട്ടില്ല. കടത്തിനുവേണ്ടി വസ്തു വിറെറടുക്കുന്നു, അങ്ങനെ വിറെറടുക്കുന്ന വസ്തുവിൽ ഇതിനുമുമ്പ് ഏതെങ്കിലും കുടിയാന്റെ കൈവശമാണെങ്കിൽ ഗവണ്മെന്റു ഭൂമിയെ സംബന്ധിച്ചുള്ള വ്യവസ്ഥ ഇതിനു അംഗീകരിക്കുന്നില്ല എന്നാണ്. അതു് അംഗീകരിക്കണം. ഇതിനു ബദലായി ഗവണ്മെന്റിൽ vest ചെയ്തിട്ടുള്ള ഭൂമിയിൽ vest ചെയ്യുന്നതിനു മുൻപ് കുടിയാന്മാരുണ്ടായിരുന്നുഎങ്കിൽ ആ ഭൂമി ഗവണ്മെന്റു ഭൂമിയായിട്ടു കണക്കാക്കുന്നതല്ല എന്ന കാർഷികബന്ധനിയമത്തിലെ provision നിലനിൽക്കുന്നുണ്ട്. സന്തതി അററുകഴിഞ്ഞതിനുശേഷം ഗവണ്മെന്റിലേക്കു വെസ്ററുചെയ്ത ഭൂമികൾക്കു അതിനു ലസിയുണ്ടെന്നു പറഞ്ഞാൽ അതു അംഗീകരിച്ചിരിക്കുന്നു. അവരുടെ അവകാശം ആ വകുപ്പുപോലെതന്നെ ഗവണ്മെന്റു ലോണും മററും കൊടുക്കുന്ന സ്ഥിതിക്കു ആ ഭൂമിയെ സംബന്ധിച്ച ജാമ്യം കൊടുത്തുകഴിഞ്ഞാൽ ചട്ടം നിലനിൽക്കുന്ന കാര്യത്തിൽ തടസ്ഥമായി നിൽക്കുന്നതു കടത്തിന്റെ സംഗതിയാണ്. ടെനന്റിന്റെ അവകാശം ഒരിക്കലും നഷ്ടപ്പെടാൻ പാടില്ല. കൈവശാവകാശം ഉണ്ടെങ്കിൽ അതു നഷ്ടപ്പെടാൻ പാടില്ല. അതിനുവേണ്ടിയാണ് ഞാൻ എന്റെ രണ്ടാമത്തെ ഭേദഗതി കൊണ്ടു ഉദ്ദേശിക്കുന്നതു്. ഞാൻ എന്റെ 207-ാം നമ്പർ ഭേദഗതിയെക്കാൾ പ്രിഫർ ചെയ്യുന്നതു എന്റെ 326-ാം നമ്പർ ഭേദഗതിയാണ്. ആദ്യത്തേതു ഞാൻ പ്രസ്സ ചെയ്യുന്നില്ല. അതിനു വേറെ ചില ആളുകളിൽനിന്നും വേറെ വിധത്തിലുള്ള ഭേദഗതികൾ ഉണ്ട്. അതുകൊണ്ടു ഞാൻ എന്റെ ഭേദഗതി പ്രസ്സ് ചെയ്യുന്നില്ല. clause 3 (2)—ൽ പറഞ്ഞിരിക്കുന്നതു് ഇപ്രകാരമാണ് :

> "The Government may, if they are satisfied that it is necessary so to do in public interest, by notification in the Gazette, exempt any lease or leases of lands other than nilams, or such lands and buildings situate within the limits of a municipal corporation or municipality, which was in existence at the commencement of this Act and belonging to, or vested in, the Travancore Devaswom Board or the Cochin Devaswom Board, from the operation of all or any of the provisions of this Chapter."

ഇതു് delete ചെയ്യണമെന്നാണ് എന്റെ ഭേദഗതി. വേറെ ചില മെമ്പറന്മാർ ഈ clause-ന്റെ operation limit ചെയ്യത്തക്കവിധത്തിൽ ഭേദഗതികൾ അവതരിപ്പിച്ചിട്ടുണ്ട്. കെട്ടിടങ്ങളും ആഫീസ് കെട്ടിടങ്ങളും ഒഴിച്ചു ബാക്കിയുള്ള സ്ഥലം അതിൽനിന്നും ഒഴിവാക്കണമെന്നാണ്". അവരുടെ ഭേദഗതി ഇതു മുഴുവനും ഒഴിവാക്കണമെന്നു പറയുമ്പോൾ ശ്രീമാൻ ചാക്കോ ഉടനെ പറയും, ദൈവങ്ങളിലും അമ്പലങ്ങളിലും വിശ്വാസമില്ലാത്ത കമ്മ്യൂണിസ്ററുകാർ അമ്പലങ്ങളും മററും നശിപ്പിക്കുന്നതിനുവേണ്ടി അവരുടെ സ്വത്തില്ലാതാക്കാനുള്ള ശ്രമത്തിന്റെ പേരിലാണ് ഇതു പറയുന്നതെന്ന്. കമ്മ്യൂണിസ്ററുകാർ ദൈവവിരോധികളാണ്, അവർക്ക് അമ്പലങ്ങളിലും ദേവാലയങ്ങളിലും വിശ്വാസമില്ല, അതുകൊണ്ടാണ് ഇങ്ങനെ പറയുന്നതു് എന്ന്. ഞാനീ ഭേദഗതി അവതരിപ്പിച്ചതു് ദൈവവിശ്വാസക്കുറവുകൊണ്ടല്ല.

LIBRARY ARCHIVES Kerala Legislative Assembly

കുടിയാന്റെ കൈവശം ഇരിക്കുന്ന ഭൂമി ഒഴിപ്പിക്കുവാൻ പാടില്ല. അതു ദേവന്റെ കുടിയാനായാലും മനുഷ്യന്റെ കുടിയാനായാലും കുടിയാനെ ഡിസ്ക്രിമിനേറ്റു ചെയ്യാൻ പാടില്ല. അതു ശരിയുമല്ല. മററു കുടിയാന്മാക്കുള്ള ആനുകൂല്യങ്ങൾ ദൈവങ്ങളുടേയും ദേവസ്വം ബോർഡുകളുടേയും കുടിയാന്മാക്ക് നിഷേധിക്കുന്നതു ശരിയല്ല.

സർ, ദൈവത്തിന്റെ കുടിയാനായാലും ശരി, മനുഷ്യന്റെ കുടിയാനായാലും ശരി ഒരുപോലെ കരുതണം. കാർഷികബന്ധനിയമം ബില്ലായിട്ട് അവതരിപ്പിച്ച അവസരത്തിൽ ദേവസ്വങ്ങളെ സംബന്ധിച്ച്

10 a. m.] പ്ലാനിംഗ് കമ്മീഷനുമായുണ്ടായ ചർച്ച പൂർത്തിയാകാതിരുന്നതിനാൽ Purchase ചെയ്യാനുള്ള അവകാശത്തിന്റെ പ്രതിഫലത്തിലുണ്ടായിരുന്ന തർക്കത്തിൽ purchase right കൊള്ളിച്ചിരുന്നില്ല. അന്നത്തെ പ്രതിപക്ഷം വളരെ ശക്തമായ ഭാഷയിൽ Purchase right കൊടുക്കാത്തതിനെ എതിർത്തിരുന്നു. എന്നാൽ Planning Commission, തത്വം purchase right കൊടുത്തുകൊണ്ടുള്ള വകുപ്പെഴുതിച്ചേർത്തു അംഗീകരിച്ചതോടൊപ്പം സെലക്റ്റുകമ്മിററിയും അംഗീകരിച്ചു. അന്ന് ശ്രീ. ചാക്കോ ഈ വശത്തുനിന്നുകൊണ്ടു പറഞ്ഞതു് ടെനൻറിനെ സംബന്ധിച്ച ദൈവത്തിന്റേതായാലും മനുഷ്യന്റേതായാലും യാതൊരുവിധത്തിലുള്ള ഡിസ്ക്രിമിനേഷനും പാടില്ലെന്നാണ്. അന്ന് ടെനൻറിനെസംബന്ധിച്ച് ബില്ലിൽ യാതൊരുവിധത്തിലുള്ള ഡിസ്ക്രിമിനേഷനും ഉണ്ടായിരുന്നില്ല. മുനിസിപ്പൽ ഏരിയായിലും കാർപ്പൊറേഷൻ ഏരിയായിലും ഇന്ന് ഈ ഭൂമികളെ സംബന്ധിച്ച കൂടുതൽ വില വരുന്നതാണ്. ദിവസങ്ങൾ ചെല്ലുംതോറും ഭൂമിയുടെ വില കൂടിക്കൊണ്ടിരിക്കുകയാണ്. 1957–58-ൽ സെൻറിന് നൂറു രൂപയും ഇരുനൂറു രൂപയും തിരുവനന്തപുരത്തു് വാങ്ങിയിരുന്ന ഭൂമിക്ക് ഇന്ന് ആയിരം രൂപവരെ വില കിട്ടുന്നുണ്ട്. അതുകൊണ്ട് ദേവസ്വങ്ങളുടെ ഭൂമി കുടിയാന്റെ കൈയിൽ വന്നിട്ടുണ്ടെങ്കിലും വിലയുടെ അടിസ്ഥാനത്തിൽ ആ ഭൂമി ഒഴിപ്പിക്കണമെന്നു പറയുന്നതു് കഴിയുന്നത്രയും ഭൂമി കുടിയാനിൽനിന്നു തട്ടിയെടുക്കുക എന്ന നയം പ്രയോഗിക്കുകയാണ്—അതിന്റെ ഭാഗമെന്നുള്ള നിലയിലാണ് ഈ സബ് ക്ലാസ്സ് 2 കാണുന്നതു്. അതുകൊണ്ടാണ് ഞാൻ ഈ ക്ലാസ്സ് 3 സബ് ക്ലാസ് 2 ഡീലിററു് ചെയ്യണമെന്നു പറയുന്നതു്. അതല്ലെങ്കിൽ വേറൊരു ഭേദഗതി കൊടുത്തിട്ടുണ്ട്. അതായതു്, ആഫീസ്സ് കെട്ടിടങ്ങളാണെങ്കിൽ ആ കെട്ടിടങ്ങൾ നിൽക്കുന്നതായിട്ടുള്ള സ്ഥലങ്ങൾ പാട്ടത്തിന് കൊടുത്തിട്ടുണ്ടെങ്കിൽ അതു് ഒഴിപ്പിക്കാമെന്നാണ്. അതിന് ഈ ബില്ലിനകത്തു് പറഞ്ഞിരിക്കുന്നതു്

> "leases only of buildings including a house, shop or warehouse and the site thereof, with the land, if any, appurtenant thereto."

എന്നുണ്ട്. അതു് Devaswom Board–കൾക്കും ബാധകമാണല്ലോ. പിന്നെ പ്രത്യേക Provision എന്തിനാണ്. ഇതാവശ്യമുണ്ടെങ്കിൽ കെട്ടിടങ്ങൾ നിൽക്കുന്ന സ്ഥലംമാത്രം ഒഴിപ്പിക്കുന്നതിന് സ്പെസിഫിക്കായിട്ട് ഒരു ഭേദഗതിയെന്നുള്ള നിലയിൽ ചിലർ കൊടുത്തിട്ടുണ്ട്. അതു് ആവശ്യമില്ല എങ്കിലും നെയ്യ് കൂടിയാൽ ദോഷമില്ലല്ലോ. അതുമാത്രം അംഗീകരിക്കുക ഇതാണ് സബ് ക്ലാസ്സ് 2 ഡിലീററു് ചെയ്യണമെന്നുള്ളതിനെ സംബന്ധിച്ച് എനിക്ക് പറയുവാനുള്ളതു്, എന്റെ 327–ാമത്തെ ഭേദഗതി ഒരു കാൺസികവൻഷ്യൽ ഭേദഗതി എന്നുള്ള നിലയിൽ പറഞ്ഞിട്ടുള്ളതാണ്. ഗവണ്മെൻറു് ഭേദഗതിയെസംബന്ധിച്ച് ഒരു പ്രൊവൈസോ പറഞ്ഞിട്ടുള്ളതുകൊണ്ട് കാൺസികവൻഷ്യലായിട്ട് ഒരു ഭേദഗതി കൊടുത്തിരിക്കുകയാണ്.

1144–ാമത്തെ എന്റെ ഭേദഗതിയിൽ പറഞ്ഞിരിക്കുന്നതു്:

> "leases of Kayal Padasekharams in Kuttanad area as specified in Schedule IV, exceeding five acres in extent."

എന്നാണ്. കുട്ടനാട്ടിലെ കായൽ പാടശേഖരത്തിന് ഒരു പ്രത്യേകമായിട്ട് ഒരു അവകാശം നിയമപ്രകാരം കൊടുത്തിട്ടുണ്ട്. അവിടെയുള്ള വളരെ വിസ്തൃതമായിട്ടുള്ള ഭൂമികളെല്ലാം ഈ നാട്ടിലെ വലിയ കർഷകമുതലാളിമാ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീമതി കെ. ആർ. ഗൗരി]

രുടെ കയ്യിലാണ്. ആ ഭൂമിയെ ceiling-ൽ നിന്നു ഒഴിവാക്കിയിരിക്കുന്നു. എന്റെ ഭേദഗതിക്കുശേഷം മന്ത്രിയുടെ ഭാഗത്തുനിന്ന് ഒരു ഭേദഗതി കണ്ടു. കായൽപാടശേഖരങ്ങൾ ceiling mortgage-ൽ നിന്നൊഴിച്ചതു് ആ നിലങ്ങൾ കൂടുതൽ പണം invest ചെയ്തു കൃഷിയിറക്കുന്നതാകയാൽ കേരളത്തിന്റെ പ്രത്യേക സ്ഥിതി അനുസരിച്ച് കുട്ടനാട്ടിലെ പാടശേഖരത്തിനുമാത്രം പ്രത്യേക അവകാശം കൊടുക്കണമെന്നാണ്. ഇ ത ാ വ ശ്യ മി ല്ല എന്നാണ് എന്റെ അഭിപ്രായം. ഈ കായൽപാടശേഖരങ്ങളിൽ ഇപ്പോൾ കൃഷിചെയ്യുന്നവർ വലിയ കാർഷികമുതലാളിമാരാണ്. കായൽനിലങ്ങളുടെ ഉടമസ്ഥന്മാർ വലിയ ജന്മികളും ചെറിയ ജന്മികളും കാണും. വലിയ ജന്മികൾ നേരിട്ടു മിക്കവാറും ഭൂമി കൃഷിചെയ്യും. ചെറിയ ജന്മികൾ മററു കാർഷിക മുതലാളിമാരുടെ സമ്മർദ്ദത്തിനു കീഴ് വഴങ്ങി ഭൂമി പാട്ടത്തിനു കൊടുത്തിരിക്കുകയാണ്. ഈ പാവപ്പെട്ട ജന്മിമാർ കൊയ്ത്തുവരുമ്പോൾ ഈ കുടിയാന്റെ അടുക്കൽ പാട്ടത്തിനു പോകുന്നതുകാണാം. ഇങ്ങനെ പോകുന്ന ജന്മിമാരിൽ ചിലർ കൃഷിക്കാരുടെ അടുക്കൽ കൈയുംകെട്ടിനിന്നാണ് പാട്ടം വാങ്ങുന്നതു്. ആ വിധത്തിലുള്ള ജന്മിമാർക്ക് പത്തു standard ഏക്കറിനുമുകളിലുള്ളവർക്കുള്ള ഭൂമിയിൽമാത്രം fixity കൊടുത്താൽ മതിയെന്നാണ് എന്റെ അഭിപ്രായം. പത്തിനു താഴെയുള്ള ഭൂമി ഒഴിപ്പിക്കാൻ അവകാശം കൊടുക്കണമെന്നാണ് എന്റെ അഭിപ്രായം. അതിനുമുകളിലുള്ള ജന്മിമാരുടെ വസ്തുക്കൾക്ക് fixity-യും fair rent-ം കൊടുക്കണം. ടെനന്റിനും, സ്മാൾഹോൾഡർക്കും കൊടുത്തിട്ടുള്ള വ്യവസ്ഥകളും അവകാശവും വേണമെന്നു പറയുന്നതും ശരിയല്ല. പുഞ്ചസ്പെഷ്യലാഫീസറും ഗവണ്മെന്റിന്റെ ആളുകളും ചെന്നുനിന്നാണ് കുട്ടനാട്ടിലെ കൃഷിക്കാവശ്യമായ പമ്പിംഗ് സെററില്പും കൊടുക്കുന്നതു്. പമ്പിംഗിന്റെ മെഷീൻ കൊണ്ടുവെയ്ക്കുന്നതു് ഇരുപതിനായിരവും അൻപതിനായിരവും പറ നിലത്തിനുള്ളിൽ ആയിരിക്കും. ആ പാടശേഖരത്തിനകത്തു് ചെറിയ ചെറിയ കർഷകരുടെ നിലവും കാണും. കൂടുതൽ വിസ്തൃതിയുള്ള നിലമുടമസ്ഥന്മാരുടെ ആവശ്യത്തിനനുസരിച്ച് പമ്പിംഗ് പ്രവർത്തിപ്പിക്കുന്നതുകൊണ്ടു് ചിലപ്പോൾ ചെറുകിടക്കാരുടെ കൃഷി നശിച്ചുപോയെന്നുംവരും. അങ്ങനെയുള്ളവർക്ക് പാട്ടംകൊടുക്കാൻ സാധിക്കാതെയും പോകും. അങ്ങനെയുള്ളവരെ സംബന്ധിച്ചിടത്തോളം സ്റ്റാൻഡാർഡ് എക്കർ അഞ്ച് എന്നു പറഞ്ഞിരിക്കുന്നതു് പത്തേക്കർവരെ ആകാം. അങ്ങനെ യഥാർത്ഥത്തിൽ കീഴേക്കിടയിലുള്ള കൃഷിക്കാർക്ക് അതായതു് അർഹതയുള്ളവർക്ക് fair റെന്റ് കിട്ടാനുള്ള വ്യവസ്ഥ ഉണ്ടാക്കണം. ഇപ്പോൾ കാർഷികപരിഷ്കരണം വന്നപ്പോഴും വലിയ ഭൂ ഉടമകൾക്ക പിന്നെയും സ്വത്തുക്കൾ കുന്നുകൂട്ടാനുള്ള അവകാശം കൊടുത്തു. അങ്ങനെ അവർക്ക സ്വത്തു കുന്നുകൂട്ടാനുള്ള അവകാശം കൊടുത്തപ്പോൾ പാവപ്പെട്ടവർക്കും കൂടി എന്തുകൊണ്ടു് കൊടുത്തില്ല. അതുകൊണ്ടാണ് കാർഷികപരിഷ്കരണം പുറകോട്ടു പോകുകയാണെന്നു പറഞ്ഞതു്. സീലിംഗിന്റെ പ്രൊവിഷനിൽ കുട്ടനാടൻ പാടശേഖരംകൂടി ഉൾപ്പെടുത്താത്ത സ്ഥിതിക്കും, ഇഷ്ടമുള്ള ഭൂമി ഭൂഉടമകൾക്ക് സ്വന്തമാക്കികിട്ടാൻ അവസരം കൊടുത്തിരിക്കുന്ന സ്ഥിതിക്കും കാർഷികപരിഷ്കരണം പുറകോട്ടുപോയിട്ടുണ്ടെന്ന് പറയാതിരിക്കാൻ നിവൃത്തിയില്ല. എന്റെ ഭേദഗതി കഴിഞ്ഞു് 1145-ാം നമ്പരായിട്ടു് മന്ത്രി ഒരു ഭേദഗതി കൊടുത്തിട്ടുണ്ടു്. അതിൽ പറഞ്ഞിരിക്കുന്നതു്:

> "provided that the provisions of section 4 to 50, 72 and 73 shall apply to such tenancies ;"

എന്നാണ്. ഇതു കൊടുത്തിരിക്കുന്നതു് വലിയ ആളുകളുടെ കയ്യിലാണ്. കീഴോട്ടുള്ള ആളുകളെ സംബന്ധിച്ച് ഫിക്സിററി ഒന്നുംതന്നെയില്ല. ഞാൻ ഇതിൽ ഒരു ഭേദഗതി കൊടുത്തിട്ടുണ്ടു്. അതിൽ പറയുന്നതു് "exceeding five acres in extent"

എന്നാണ്. അതിന് കീഴോട്ടുള്ള ആളുകളെസംബന്ധിച്ചല്ല. ഇതിനു മുകളിലുള്ള ആളുകളെ സംബന്ധിച്ചുമാത്രമാണ് ഞാൻ പറഞ്ഞതു്. അതുകൊണ്ടു് ഞാൻ ആ ഭേദഗതിയും അവതരിപ്പിക്കുകയാണ്. ഇവിടെ പലരും ഭേദഗതി

LIBRARY ARCHIVES Kerala Legislative Assembly

കരം കൊടുത്തിട്ടുണ്ട്. അത് ഏതുതരത്തിലുള്ളതാണെന്ന് എനിക്കു മനസ്സിലാക്കാൻ കഴിയുന്നില്ല. ഇതിൽ അളിയസന്താനത്തെക്കുറിച്ച് പറഞ്ഞിരിക്കുന്നു. എനിക്ക് ഇതിനെസംബന്ധിച്ച് വലിയ പിടിയില്ല. എങ്കിലും ഒരു കാര്യം എനിക്ക് പറയുവാനുണ്ട്. ഈ അളിയസന്താനം എന്നുള്ളത് ഇതിൽ ആവശ്യമുള്ളതാണോ ?

ശ്രീ. ഹമീദാലി ഷംനാട്: അഗ്രേറിയൻറിലേഷൻസ് ആക്ററിൽ ഈ അളിയസന്താനം എന്നുള്ളത് ഡിലീററ് ചെയ്തിരുന്നുവോ ?

ശ്രീമതി കെ. ആർ. ഗൗരി: ഡിലീററ് ചെയ്തിട്ടുണ്ടായിരുന്നോ ഇല്ലയോ എന്നതല്ല പ്രശ്നം. ഇവിടത്തെ മരുമക്കത്തായം Act, ഹിന്ദു Succession Act, എന്നീ നിയമത്തിൽ കാരണവന്മാർക്കും മാനേജരന്മാർക്കും ഉള്ള അധികാരത്തിൽ കുറച്ച് Nissanthathi—കൾക്കു കൊടുക്കുന്നു.

ശ്രീ. പി. ടി. ചാക്കോ: ക്രിസ്ത്യൻ സക്സഷൻ ആക്ററിനെക്കുറിച്ചൊന്നും അറിയാൻ പാടില്ലെങ്കിൽ അതു് പഠിക്കേണ്ടതാണ്.

ശ്രീമതി കെ. ആർ. ഗൗരി: ഏതായാലും ഞാൻ അതിനെപ്പററി പഠിച്ചില്ല, പഠിക്കേണ്ട ആവശ്യം ഉണ്ടായിരുന്നില്ല. ഇപ്പോഴും ഇല്ല. ഇനി പഠിച്ചിട്ടുവന്ന് ഇപ്പോൾ ഇവിടെ പറയാനും സാദ്ധ്യമല്ല. മന്ത്രിയുടെ വിശദീകരണത്തിൽ സ്വത്തുക്കളെ സംബന്ധിച്ച് കാരണവർ കൊടുക്കുന്ന ഭൂമികളെ സംബന്ധിച്ച് ഒരു നിലപാട് എടുത്തിട്ടുണ്ടെന്നു പറഞ്ഞു. ആദ്യത്തേതിൽ നിന്നും വ്യത്യസ്തമായിട്ടുള്ള ഒരു നിലപാട് എടുക്കാൻ എന്താണ് കാരണമെന്നു വിശദീകരണത്തിൽ പറഞ്ഞിട്ടില്ല.

ഹിന്ദു സക്സഷൻ ആക്ററുവച്ചു നോക്കിയാലും ഇങ്ങനെ ഹിന്ദു കുടുംബങ്ങൾ മാനേജ് ചെയ്യുന്ന ആളുകൾ ഉണ്ട്. അവർക്ക് കൊടുക്കുന്ന ease ശാശ്വതമാണെന്ന് ഞങ്ങൾ കൊടുത്തിട്ടുണ്ട്. എനിക്ക് ഇപ്പോൾ ചോദിക്കാനുള്ളത് ഇങ്ങനെ ഒരു വ്യത്യസ്തമായ നിലപാടെടുക്കാൻ കാരണമെന്താണ് ഉണ്ടായിട്ടുള്ളതെന്നാണ്. അതു് ബഹുമാനപ്പെട്ട മന്ത്രി വിശദമാക്കണം. അതുപോലെ ട്രസ്റ്റികളെ സംബന്ധിച്ചു പറഞ്ഞു. നാം ഇതിൽ ചില തത്വങ്ങൾ അംഗീകരിച്ചിട്ടുണ്ട്. ആ തത്വത്തിൽനിന്ന് വിഭിന്നമായിട്ട് ഒരു നിലപാടെടുക്കാൻ എന്താണ് കാരണമെന്നുള്ളതിനെ സംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രിയുടെ വിശദീകരണംകൊണ്ട് തൃപ്തികരമായിട്ടില്ല. ഞാൻ ഇതേപ്പററി അറിഞ്ഞതു് ആദ്യം ഒരു നിയമം എഴുതിവച്ചു എന്നാണ്. അതു കഴിഞ്ഞപ്പോൾ ഒരു ഡപ്യൂട്ടേഷൻവന്ന് ഗവണ്മെൻറിനെ കണ്ടു. അതിൻെറ ഫലമായി ആ നിയമം മാററി വേറൊന്ന് എഴുതി. പിന്നെയും കുറേ ആളുകൾ വന്ന് ഗവണ്മെൻറിനെ കണ്ടു. അപ്പോൾ ഈ വിധത്തിലുമായി. ഇങ്ങനെയാണ് ഞാൻ അറിഞ്ഞതു്. അതു ശരിയാണോ തെററാണോ എന്ന എനിക്കറിഞ്ഞുകൂടാ. ഞാൻ അറിഞ്ഞതു പറയുകയാണ്. അപ്പോൾ എന്താണ് വ്യക്തത. ഇങ്ങനെ വേറെ മാററി എഴുതുന്നതിന് എന്താണ് കാരണം ? അതു ബഹുമാനപ്പെട്ട മന്ത്രി വ്യക്തമാക്കണമെന്നു ഞാൻ അഭ്യർത്ഥിക്കുകയാണ്. ഏതായാലും എൻെറ ഭേദഗതികൾ അംഗീകരിക്കുന്നില്ലെങ്കിൽ മററു ചില ഭേദഗതികളെങ്കിലും അംഗീകരിക്കണമെന്നു ഞാൻ അഭ്യർത്ഥിക്കുകയാണ്., എൻെറ അഭിപ്രായത്തിൽ അളിയസന്താനനിയമത്തിൽ എന്തെങ്കിലും പാകപ്പിഴകളുണ്ടെങ്കിൽ ആ നിയമം ശരിയാക്കണം. അല്ലെങ്കിൽ Notwithstanding anything contained in any other Act or Law എന്നെഴുതണം. നാം എത്രയോ സ്ഥലത്തു കൂട്ടിചേർത്തിരിക്കുന്നു. Statistics നോക്കിയാൽ നിസ്സന്തതിയ്ക്കും, ഹിന്ദുകുടുംബങ്ങളിലെ മാനേജർക്കും, Trust ൻെറ Trust manager മരുമക്കത്തായം കുടുംബത്തിലെ കാരണക്കാർ ഇവർ ചെയ്യുന്ന കരണങ്ങളെക്കാൾ വ്യത്യാസമായിരുന്നു. ഇല്ല. പിന്നെ ആരുടെ സൗഹാർദ്ദമാണോ ഇന്ന് നിസ്സന്തതിയെ സംബന്ധിച്ച് ഈ വകുപ്പെഴുതുവാൻ പ്രേരിപ്പിച്ചതെന്നറിയാത്തതുകൊണ്ട് ഞാൻ എതിർക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആർ. കൃഷ്ണൻ : എന്റെ 328-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു. പാലക്കാട്ട് ജില്ലയിലെ ചിററൂർ താലൂക്കിലും, ആലത്തൂർ താലൂക്കിലും തൃശ്ശൂർ ജില്ലയുടെ ചില ഭാഗങ്ങളിലും ഇങ്ങനെയുള്ള ഭൂമികൾ കാണുമെന്നാണ് തോന്നുന്നത്. ഇതു് നിയമത്തിന്റെ പരിധിയിൽ വരുമോ എന്നു സംശയമുള്ള ഭൂമികളെ സംബന്ധിച്ചാണ്. മുൻകാലത്തു് കൊച്ചി രാജാക്കന്മാർ അവരുടെ ഭാര്യമാൎക്കും മക്കൾക്കും നിലങ്ങൾ ചാർത്തി കൊടുത്തിരുന്നു. ആ നിലങ്ങളുടെ പേർ (എ) രജിസ്റ്ററിൽ കാണുന്നതു് കൊച്ചിസൎക്കാർ, കൊച്ചിമഹാരാജാവു്, കൊച്ചിപണ്ടാരവക ഇങ്ങനെയാണ്. ഈ പഴയ തറവാട്ടുകളിലെ ഭൂമികൾ വേറെ ചില ആളുകൾ വിലയ്ക്കു വാങ്ങുന്നുണ്ടു്. എങ്കിലും കൊച്ചി സർക്കാരിന്റേതാണെന്നു പറഞ്ഞു പാട്ടം പിരിക്കുന്നുണ്ടു്. ഒരേക്കറിനു് 38, 40 രൂപ തോതിൽ പാട്ടം പിരിക്കുന്നുണ്ടു്. ആ ജന്മികൾ ആളുകൾക്കു് വളരെക്കൂടുതൽ പാട്ടത്തിനു കൊടുക്കുന്നുണ്ടു്. അങ്ങനെ വളരെയധികം നിലങ്ങൾ ഞാൻ മുൻപു പറഞ്ഞ സ്ഥലങ്ങളിൽ പെടുന്നുണ്ടു്. ആ നിലങ്ങൾക്കു് കാർഷികബന്ധനിയമം ബാധകമാക്കണമെന്നുള്ളതിന്റെ വെളിച്ചത്തിൽതന്നെ കുടിയാന്മാർ ലാൻറു് ട്രൈബൂണലുകളിൽ ഹർജി കൊടുത്ത സമയത്തു് ബന്ധപ്പെട്ട മുഴുവൻ കക്ഷികൾക്കും നോട്ടീസ് അയയ്ക്കണമെന്നും അങ്ങനെ നോട്ടീസ് അയയ്ക്കാൻ ബന്ധപ്പെട്ട കക്ഷികൾ ആരൊക്കെയാണെന്നു അന്വേഷിക്കുമ്പോൾ പിടികിട്ടാത്തതുകൊണ്ടു് ട്രൈബൂണലുകൾക്കു് വിചാരണ തുടരാനും കഴിഞ്ഞില്ല. ഒന്നുരണ്ടു കേസുകളിൽ ഈ ജന്മിമാരിൽനിന്നു് കൊച്ചിമഹാരാജാവിനുവേണ്ടി പാട്ടം ഈടാക്കുന്നതു് കളക്ടരാണെന്നുള്ള ധാരണയിൽ ചീഫ്സെക്രട്ടറി കക്ഷിയാക്കി നടപടി തുടങ്ങാമെന്നു വച്ചിട്ടും അതു് പ്രൊസീഡു് ചെയ്യാൻ കഴിഞ്ഞില്ല. കുടിയാന്മാർ വളരെയധികം പാട്ടം കൊടുക്കുന്ന ഈ വസ്തുവകകൾ ജന്മിയുടേതാണോ സൎക്കാരിന്റേതാണോ എന്നുള്ള സംശയം വന്നു. യഥാർത്ഥത്തിൽ സൎക്കാരിനല്ല ഈ വരുമാനങ്ങൾ ലഭിക്കുന്നതു്. സൎക്കാർ ഭൂമിയാണോ എന്നുള്ള സംശയംകൊണ്ടു്, കൊച്ചിസൎക്കാർ എന്നുള്ള പേർ ഉള്ളതുകൊണ്ടു് ഈ ഭൂമികൾക്കു് സ്ഥിരാവകാശവും മര്യാദപ്പാട്ടവും ബാധകമാക്കാതെ വരികയാണെങ്കിൽ അതു് കുറച്ചു കഷ്ടമായിരിക്കുമെന്നാണു് അനുഭവത്തിൽനിന്നു ഞാൻ മനസ്സിലാക്കിയിട്ടുള്ളതു്. അങ്ങനെ വളരെയധികം പ്രദേശങ്ങൾ ചിററൂർ, ആലത്തൂർ തൃശ്ശൂർ ജില്ലയിലെ ചില ഭാഗങ്ങളിലുണ്ടു്. അത്തരം നിലങ്ങൾ കൊച്ചി സൎക്കാർ എന്നുള്ള പേരിൽ അറിയപ്പെടുന്നുണ്ടെങ്കിലും കുടിയാന്റെ നിർവ്വചനത്തിനു് വരത്തക്ക നിലയിൽ ഒരു പുതിയ പ്രൊവിഷൻ ചേർക്കണമെന്നുള്ളതാണു് എന്റെ 328-ാം നമ്പർ ഭേദഗതി.

330-ാം നമ്പർ ഭേദഗതികൊണ്ടു് ഞാൻ ഉദ്ദേശിക്കുന്നതു് ഏതായാലും രണ്ടാമത്തെ ക്ലാസിൽ ബഹുമാനപ്പെട്ട മന്ത്രി ശ്രീ. ഹസ്സൻഗനിയുടെ ഭേദഗതി സ്വീകരിക്കുന്ന സ്ഥിതിക്കു് ഒരുതരം കരിപ്പണയത്തെ ഒഴിവാക്കിയാൽ തരക്കേടില്ലെന്നാണു് എന്റെ അഭിപ്രായം. പണയകടത്തിൽ പലിശ 40 ശതമാനത്തിൽ കുറവാണെങ്കിൽ അതു് കുടിയായ്മയായി കരുതണം. പണയം എന്നുള്ള പേരിൽ രേഖകൾ എഴുതിയിട്ടു് അല്ലെങ്കിൽ കുടിയാനെ പല വിധത്തിലും ദ്രോഹിക്കാൻവേണ്ടി രേഖകൾ എഴുതിയിട്ടുണ്ടു്. അങ്ങനെ എഴുതിയുണ്ടാക്കിയിട്ടുള്ള പ്രമാണങ്ങൾ പണയകടത്തിന്റെ 40 ശതമാനത്തിൽ കുറവാണെങ്കിൽ യഥാർത്ഥത്തിലുള്ള പാട്ടമാണെന്നും ഇത്തരത്തിലുള്ള കരിപണയം യഥാർത്ഥപണയമല്ലെന്നുമാണു് എന്റെ ഭേദഗതികൊണ്ടു് ഉദ്ദേശിക്കുന്നതു്.

അടുത്ത എന്റെ ഭേദഗതി 219-ാം നമ്പർ ആണു്. തെങ്ങ്ചെത്തു്, ഫലങ്ങൾ അനുഭവിക്കാനുള്ള വൃക്ഷങ്ങൾ എഴുതുന്ന കൂട്ടത്തിൽ other Palm trees എന്നു കാണുന്നു. കരിമ്പന കൂടുതലുള്ള സ്ഥലത്തു പനയാണു് ചെത്താൻ അധികവും ഉപയോഗിക്കുന്നതു്. തെങ്ങ്ചെത്തു് വളരെ ചുരുക്കമായിട്ടേ നടക്കുന്നുള്ളു. ചെത്തുകാർ പനയിൽനിന്നു് പനഓലയോ പട്ടയോ വെട്ടിയെടുത്തു് അനുഭവിക്കുന്നതു് വളരെക്കാലമായി തുടർന്നുവരുന്ന ഒരേർപ്പാ

ടാണ്. ചിലപ്പോൾ പന പാട്ടത്തിനെടുത്തിട്ടുള്ളവർ കൊല്ലത്തിൽ 4 ണ മുതൽ 1 க. വരെ പാട്ടം കൊടുക്കുകയും ഉടമസ്ഥന്മാർ പാട്ടം പിരിക്കുകയും ചെയ്യുന്നുണ്ട്. പാട്ടം പിരിക്കാത്തവരുമുണ്ട്. ഈ പനകൾതന്നെ പാട്ടത്തിനെടുത്തിട്ടുള്ളവരുടെ പൂർവ്വീകന്മാരായിരിക്കും നട്ടുപിടിപ്പിക്കുകയും മററും ചെയ്തിട്ടുള്ളത്. പണ്ടുകാലത്ത് ചെത്തുകാരുടെ സൗകര്യത്തിനനുസരിച്ചാണ് പനകൾ വയ്ക്കുകയും അനുഭവങ്ങൾ അവർതന്നെ എടുത്തനുഭവിക്കുകയും ചെയ്തു വന്നിരുന്നത്. വെപ്പവകാശം എന്നാണതിന്നു പേരു്. എന്റെ ഭേദഗതി അംഗീകരിച്ചില്ലെങ്കിൽ ചെത്തുകാരുടെ സ്ഥിതി ബുദ്ധിമുട്ടിലാകും. അതു മനസ്സിൽവച്ചുകൊണ്ടാണ് ഞാൻ 219-ാമത്തെ ഭേദഗതി അവതരിപ്പിച്ചിട്ടുള്ളത്. അതുകൊണ്ട് ഈ ഭേദഗതികൾ അംഗീകരിക്കണമെന്നാണ് എന്റെ അഭിപ്രായം.

ശ്രീ. പി. സി. രാഘവൻ നായർ: എന്റെ ഭേദഗതി ക്ലാസ്സ് 3-ൽ സബ്ക്ലാസ്സ് 1 (iii) എടുത്തുകളയണമെന്നുള്ളതാണ്.

(iii) leases of land or buildings or of both specifically granted for industrial or commercial purposes'

ഈ വ്യവസായ വാണിജ്യ സ്ഥാപനങ്ങൾക്കുവേണ്ടി കൊടുത്തിട്ടുള്ള ഭൂമിയെ ഈ നിയമത്തിന്റെ പ്രവർത്തനത്തിൽനിന്ന് ഒഴിവാക്കുന്നതിനുവേണ്ടി എക്സംപ്ഷൻക്ലാസിൽ പെടുത്തിയിട്ടുണ്ട്. അതേ സമയത്തു് ഇതിൽത്തന്നെ മറെറാരു ക്ലാസിൽ ഈ വ്യാവസായിക വാണിജ്യാവശ്യത്തിനുവേണ്ടിയുള്ള പാട്ടചാത്തുകളെ ഒഴിപ്പിക്കുവാൻ പാടില്ലെന്നും ഈ നിയമത്തിലോ മറേറതെങ്കിലും നിയമത്തിലോ, കോടതിവിധികളിലോ ഡിക്രിയിലോ എന്തുതന്നെ പറഞ്ഞാലും 1957 ഡിസംബർ 18-ാം തീയതിക്കുമുൻപു് വ്യാവസായിക വാണിജ്യാവശ്യത്തിനുവേണ്ടി കൊടുത്തിട്ടുള്ള സ്ഥലങ്ങളുടെ പാട്ടചാത്തുകാരായ ആളുകളെ ഒഴിപ്പിക്കാൻ പാടില്ലെന്ന് വ്യക്തമായി നിർദ്ദേശിച്ചിരിക്കുകയാണ്. എന്നുതന്നെയുമല്ല അയാൾ കരാർപ്രകാരമുള്ള പാട്ടം കൊടുക്കാൻ ബാദ്ധ്യസ്ഥനാണെന്നും വിശദീകരിച്ചിട്ടുണ്ട്. 12 കൊല്ലം കഴിയുമ്പോൾ അയാളുടെ വസ്തു പൊളിച്ചെഴുതി ചാത്തുമാററാനുള്ള അവകാശംകൂടി 103-ാം വകുപ്പുപ്രകാരം കൊടുത്തിട്ടുണ്ട്. ഒരേ നിയമത്തിൽതന്നെ ഒരു സ്ഥലത്തു് വ്യവസായ വാണിജ്യാവശ്യത്തിനുള്ള സ്ഥലങ്ങളുടെ പാട്ടചാത്തുകളെ ഒഴിവാക്കിയിരിക്കുന്നുവെന്നും, അതേസമയത്തു് മറെറാരുഭാഗത്തു് ഈ തരം ആളുകളെ ഒഴിപ്പിക്കാൻ പാടില്ലെന്നുമുള്ള വ്യവസ്ഥ വയ്ക്കുകയും ചെയ്തു നിയമം വായിക്കുന്ന സാധാരണക്കാരെ സംബന്ധിച്ചിടത്തോളം ആശയക്കുഴപ്പം ഉണ്ടാക്കാൻ ഇടയുള്ളതുകൊണ്ട് ഈ എക്സംപ്ഷൻ ക്ലാസ്സിലെ മൂന്നാം സബ്ക്ലാസ്സ് എടുത്തുകളയുന്നതുകൊണ്ട് യാതൊരു ബുദ്ധിമുട്ടുമുണ്ടാകുകയില്ലെന്നാണ് എന്റെ അഭിപ്രായം. എന്നുമാത്രമല്ല ഈ സഭയിൽ അവതരിപ്പിച്ച കരടു നിയമത്തിൽ ഈ 103-ാം ക്ലാസ്സിൽ പറഞ്ഞിട്ടുള്ള കാര്യങ്ങൾ ഉൾക്കൊള്ളിച്ചിട്ടുണ്ടായിരുന്നില്ല. സെലക്ററുകമ്മിററി ഭേദഗതിചെയ്ത ഈ നിയമപ്രകാരമാണ് 103-ാം ക്ലാസ്സ് പ്രകാരം വാണിജ്യവ്യവസായ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള പാട്ടച്ചാത്തുകളെ ഒഴിപ്പിക്കാൻ പാടില്ലെന്നുള്ള വ്യവസ്ഥ ഉൾക്കൊള്ളിച്ചിട്ടുള്ളതു്. ആ സ്ഥിതിക്കു് കരടുനിയമത്തിലായിരുന്നെങ്കിൽ ഡെഫിനിഷൻ ക്ലാസിൽ ഈ വ്യവസ്ഥ ആവശ്യമായിരുന്നു. ഈ 103-ാം വകുപ്പ് ഇതിലുണ്ടായിരിക്കേണ്ടതു് ആവശ്യമില്ലെന്നാണ് എന്റെ അഭിപ്രായം. തന്നെയുമല്ല ഇത്തരത്തിലെഴുതി വയ്ക്കുന്നതുകൊണ്ട്, ബഹുമാനപ്പെട്ട മന്ത്രി ഒരുപക്ഷേ പറയുമായിരിക്കും, ആവശ്യമാണെങ്കിൽ കോടതിയിലോ ഹൈക്കോടതിയിലോ പോയി പരിഹാരം തേടിക്കൊള്ളുണമെന്ന്, പക്ഷേ കഴിവുള്ളിടത്തോളം കോടതിയിൽ പോകാതെയും ഹൈക്കോടതിയിൽ പോയി അപ്പീൽ കൊടുത്തു് കാലതാമസം വരുന്നതിനേക്കാൾ വ്യക്തമായി എല്ലാവർക്കും മനസ്സിലാകത്തക്ക രീതിയിൽ എഴുതിവയ്ക്കുന്നതു് നന്നായിരിക്കുമെന്നുള്ളതുകൊണ്ടാണ് ഒരു ഭാഗത്തു് ആനുകൂല്യമുണ്ടെന്നും മറുഭാഗത്തു് ആനുകൂല്യം ഇല്ലെന്നും എഴുതിവച്ചിരിക്കുന്നതു് ശരിയല്ലെന്നു പറയുവാൻ കാരണം. നിയമജ്ഞന്മാരുടെ അഭിപ്രായം എന്താണെന്നു എനിക്കറിഞ്ഞുകൂടാ. അതുകൊണ്ട് സാധാരണക്കാർക്ക് വിഷമം ഉണ്ടാകുന്നതു് ദൂരീകരിക്കാൻവേണ്ടിയാണ് ഞാൻ ഈ ഭേദഗതി അവതരിപ്പിച്ചിട്ടുള്ളതു്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. പി. ഗോപാലൻ: സ്പീക്കർ സർ, 208, 209, 211 ഈ ഭേദഗതികളാണ് ഞാൻ അവതരിപ്പിച്ചിരിക്കുന്നത്. "In clause 3 (1) delete (iv) and the proviso" ഇതാണ് എന്റെ ആദ്യത്തെ ഭേദഗതി ഇതിൽ എനിക്കു പറയാനുള്ളത് ഒഫീഷ്യൽട്രസ്റ്റി, അഡ്മിനിസ്ട്രേറ്റർ ജനറൽ, ഒഫിഷ്യൽ റിസീവർ ഇവരെയൊക്കെ നിയമിക്കുന്ന അവസരത്തിൽ അവർക്ക് ചില അധികാരങ്ങളൊക്കെ കൊടുത്തിട്ടുണ്ട്. അവരുടെ പ്രവൃത്തികൾക്ക് ചില പരിമിതികളും ഉണ്ട്. അതിൽ കവിഞ്ഞ പ്രയോഗങ്ങളൊക്കെ അവർ നടത്തിയാൽ മററുള്ളവരെ എന്തിനാണ് അതിൽ കുററക്കാരാക്കുന്നത്. ചെയ്യാൻ പാടില്ലാത്തതു അവർ ചെയ്തിട്ട് അതിന് ഒന്നുമറിയാത്ത കൃഷിക്കാർ ശിക്ഷ അനുഭവിക്കണമെന്നു പറയുന്നതു ശരിയല്ല. അനർഹവും അനധികൃതവുമായ പ്രവൃത്തി അവർ ചെയ്തിട്ടുണ്ടെങ്കിൽ, അതിന്റെ ശിക്ഷ കൃഷിക്കാരന്റെ മേലാവരുതെന്നാണ് എനിക്കു പറയാനുള്ളത്. അതാതു കാലത്തു ആധിപത്യം നടത്തുന്നവരെ സമീപിച്ച് ഭൂമി ഏററുവാങ്ങി കൃഷിനടത്തിപ്പോന്നവർക്ക് ഒരവകാശവുമില്ല എന്ന് പറയുന്നത് നീതിയല്ല. ഭൂമി ഏല്പിച്ചു കൊടുക്കാൻ അധികാരമില്ലാത്തവരങ്ങിനെ ചെയ്തതെന്തിനാണ്? ഭൂമിയിലദ്ധ്വാനിക്കുന്നവന്ന് മററുള്ളവരുടെ കുററംകൊണ്ട് അവകാശം നഷ്ടപ്പെടാനിടവന്നുകൂടാ. തറവാടുകളിൽ പാർട്ടീഷൻ നടക്കുന്നതിന് മുമ്പ് റിസീവർ ഭരണം വന്നകാലങ്ങളിൽ, ഏല്പിച്ചുവച്ച ഏല്പനകളൊന്നും അംഗീകരിക്കപ്പെടുന്നവയല്ല എന്ന് പറയുന്നത് വിഷമങ്ങളുണ്ടാക്കും. ഭൂമി ഏററുവാങ്ങി കുറെക്കാലമായി കൃഷി നടന്നും ചമയങ്ങളുണ്ടാക്കിയും വന്നവർക്ക് ഇന്നു ഒന്നുമില്ല എന്ന നിലവരാൻ പാടില്ല. അതൊക്കെക്കരുതിയാണ് ഈ സബ്ബ് ക്ലാസ്സ് ഡെലീററ് ചെയ്യാൻ ഭേദഗതി കൊടുത്തതു. അത്രയ്ക്ക് പോയിക്കൂടെങ്കിൽ, വേറെ ഭേദഗതികളുണ്ട്. ഏതാണ്ട് ഈ അർത്ഥത്തിൽ ഉള്ളതാണ് 209. അതുപോലെതന്നെ 211-ം. ഇതിൽ വിശേഷിച്ചും, 'കോർട്ട് ആഫ് വാർഡസ്'' നെപ്പററി പ്രത്യേക പരിഗണനവേണമെന്നാണ് ഒഫീഷ്യൽ റിസീവർ തുടങ്ങിയവരുടെ കൂട്ടത്തിൽ കൂട്ടാൻ പാടില്ല. കോർട്ട് ഓഫ്‌വാർഡ്‌സിന്റെ കാര്യമെന്നാണെന്റെ അഭിപ്രായം. കോർട്ട് ഓഫ്‌വാർഡ്‌സ് നീണ്ടകാലം നിലനിൽക്കുന്നതാണ് വലിയ ഭൂവുടമകളുടെ കാര്യമാണ്. അവിടെയും കൃഷിക്കാരുടെ അവകാശങ്ങൾ നഷ്ടപ്പെട്ടുവരുന്നതു ശരിയല്ല. അതുകൊണ്ടാണതു ഡെലീററ് ചെയ്യണമെന്നുപറയുന്നത്. ഈ ചാപ്ടറിന്ന് മുഴുവൻബാധകമാകുന്ന അധികാരം ഗവണ്മെൻറിന് കൊടുത്തുകൂടാ എന്നുള്ളതു കൊണ്ടാണ് സബ് ക്ലാസ്സ് 2 ഡെലീററ് ചെയ്യണമെന്നാവശ്യപ്പെടുന്നതു.

ശ്രീ. എം. നാരായണക്കുറുപ്പ്: എന്റെ 212, 214 എന്നീ ഭേദഗതികൾ 3 (1) (4) സബ് ക്ലാസ്സിലെ പ്രൊവൈസൊയെ ബാധിക്കുന്ന ഒന്നാണ്. ഇതിനു മുമ്പുള്ള ഭേദഗതികൾ അവതരിപ്പിച്ച മെമ്പർതന്നെ ചില കാര്യങ്ങൾ സൂചിപ്പിക്കുകയുണ്ടായി. എന്റെ ഭേദഗതി കോർട്ട് ആഫ് വാർഡ്‌സിനെ മാത്രം ബാധിക്കുന്ന ഒന്നാണ്. ഈ ഒഴിവാക്കൽ കാർഷികബന്ധനിയമത്തിൽ ഉണ്ടായിരുന്നില്ല. പുതുതായി ഇതിൽ ചേർത്തതാണ്. ചില എസ്റ്റേററുകളുടെ മേൽ കോർട്ട് ആഫ് വാർഡ്‌സ് ഭരിച്ചിട്ടുണ്ട്. ഇപ്പോൾ ഒരു എസ്റ്റേററ് കോർട്ട് ആഫ് വാർഡ്‌സ് ഭരിക്കുന്നുണ്ടെന്നാണ് ഞാൻ മനസ്സിലാക്കിയിട്ടുള്ളതു. സാധാരണ ഇങ്ങനെയുള്ളതു വലിയ എസ്റ്റേററുകളുടെ കീഴിൽ പല കുടുംബങ്ങളും ഉണ്ടാവുമെന്നുള്ളതു സ്വാഭാവികമാണ്. പക്ഷേ പല എസ്റ്റേററുകളും മുമ്പു ഭരിച്ചിരുന്നതു കോർട്ട് ആഫ് വാർഡ്‌സ് വിട്ടുകൊടുത്തിട്ടു ഇന്നേക്കു അനവധി കൊല്ലങ്ങളായി. ഒരു പക്ഷേ, അൻപതോ, നൂറോ കൊല്ലങ്ങൾതന്നെ കഴിഞ്ഞിരിക്കും. അതിനുശേഷം ആ സ്ഥാനത്തു വന്നിട്ടുള്ള ഉത്തരവാദപ്പെട്ട അധികാരികൾ ഒന്നല്ല, ഒന്നിലധികം അധികാരികൾ തന്നെ ഈ ഏല്പനകൾ മാററത്തെ അതനുസരിച്ച് തുടർന്നു പോന്നിട്ടുള്ളവരായിരുന്നു. ഈ വകുപ്പ് ഇതിൽ നിലനിന്നാൽ അൻപതോ, നൂറോ കൊല്ലങ്ങൾക്കു മുമ്പേ കോർട്ട് ആഫ് വാർഡ്‌സ് നൽകിയിട്ടുള്ള ഏല്പനകൾ ഈ നിയമം നടപ്പിലായി 6 മാസത്തിനുള്ളിൽ നോട്ടീസു മൂലം അതു ദുർബലപ്പെടുത്താമെന്നാണ്. മററു യാതൊരു വശവും പരിശോധിക്കേണ്ടതായിട്ടില്ല. പല

പ്പോഴും വസ്തുക്കൾ കൈമാറിയിട്ട് തന്നെ ഉണ്ടാവും. അപ്പോൾ അത്രയും വിപുലമായിട്ടുള്ള ഒരർത്ഥം ഈ പ്രൊവൈസൊകൊണ്ട് ഗവണ്മെൻറോ, സെലക്റ്റ് കമ്മിററിയോ ഉദ്ദേശിച്ചിരുന്നോ എന്നുതന്നെ സംശയമാണ്. കോർട്ട് ആഫ് വാർഡ്സ് ഭരണം ഉപേക്ഷിച്ചാൽ 6 മാസത്തിനുള്ളിൽ നോട്ടീസയച്ച് ദുർബലപ്പെടുത്താമെന്നുമാത്രമേ അല്ലെങ്കിൽ അതായിരിക്കും ശ്രദ്ധേയമായിട്ടുള്ള നടപടി. ഇവിടെ ഈ സ്ഥിതിവന്നതു് 'Whichever period' expires later എന്ന് ഇതിൽ പ്രയോഗിച്ചതു കൊണ്ടാണ്. അതു് അങ്ങനെ പ്രയോഗിക്കാൻ കാരണം ഒരുപക്ഷേ കോർട്ട് ഭരണം വിട്ടുകൊടുത്താൽ അതിനുശേഷം 6 മാസത്തിനുള്ളിൽ എന്നതിനെ മുൻനിറുത്തി ആകണം. ഭാഷ ആശയാവിഷ്കരണത്തിനുള്ള ഒരു ഉപകരണമാണെങ്കിൽ ഇവിടെ ഇതു് ഉദ്ദേശിച്ച നിലയിലല്ല ഈ പ്രൊവൈസോ മുഖേന ഇവിടെ ചേർത്തിട്ടുള്ളതു്. ഇതൊന്നു ഭേദഗതി ചെയ്യേണ്ടതല്ലേ എന്നതിനെ മുൻനിറുത്തിയാണ് എന്റെ മൂന്നാമത്തെ ഭേദഗതി. അതിൽ 210–ാം നമ്പർ ഭേദഗതി ഒരു വിശദീകരണം മാത്രമാണ്. "ഗ്രാൻറു" എന്നുള്ളതിനുപകരം "ക്രിയേററ്" എന്ന പദം ഉപയോഗിക്കുക. അത്രമാത്രമേ ഈ ഭേദഗതികൊണ്ടുദ്ദേശിച്ചിട്ടുള്ളു. പിന്നെ 212–ാം നമ്പർ ഭേദഗതിയാണ്. അതു് ഇങ്ങനെയാണ്:

',Provided that the provisions of this clause shall not apply to any tenancy created by the court of wards where the landlord to whom the property belonged had not terminated the tenancy within one year after the property was released from the superintendence of the court of wards and in cases of future release within one year of such release.

ഇതിൽ 6 മാസം എന്നുള്ളതു് ഒരു കൊല്ലമായി ഞാൻ ദീർഘിപ്പിച്ച എന്നുള്ളതു കഴിച്ചാൽ തീർച്ചയായിട്ടും ഈ പ്രൊവൈസൊയുടെ ഉദ്ദേശംതന്നെയാണ് എന്റെ ഭേദഗതിക്കും ഉള്ളതു്. ഈ ഒരു വ്യത്യാസം മാത്രം വളരെ മുമ്പ് ഒഴിഞ്ഞുപോയിട്ടുള്ള കോർട്ട് ആഫ് വാർഡ്സിനു് പറഞ്ഞിട്ടുള്ള ആ ഏല്പനകളെ ഇതൊന്നും തകരാറിലാക്കുകയില്ലെന്നുമാത്രമേ എനിക്ക് ഉദ്ദേശമുള്ളു. ഈ വകുപ്പിന്റെ ഉദ്ദേശത്തിനെതിരായി യാതൊന്നുംതന്നെ എന്റെ ഭേദഗതിയിൽ ഇല്ല. ഇതു സ്വീകരിക്കാൻ വിഷമം ഗവണ്മെൻറിനു തോന്നുന്ന പക്ഷം ഇവിടെ കോർട്ട് ആഫ് വാർഡ്‌സ് എന്നുള്ളതിനോടൊത്തു് 'Or six months from commencement of this Act, whichever period expires later, എന്നതു് delete ചെയ്യേണ്ടതാണ്. എന്നാൽ ആക്ററിൽ ഒഴിഞ്ഞുകൊടുത്ത ശേഷം എന്നുമാത്രമേ വരികയുള്ളു.

ശ്രീ. ഈ. പി. ഗോപാലൻ : മെമ്പർ 213 മൂവ് ചെയ്തിട്ടില്ല.

ശ്രീ. എം. നാരായണക്കുറുപ്പ് : 214 മൂവ് ചെയ്തിട്ടുണ്ട്. അപ്പോൾ ഉദ്ദേശം ഗവണ്മെൻറിന്റെയും എന്റെയും ഒന്നുതന്നെയാണെന്നാണെന്റെ വാദഗതി. പക്ഷേ ലേററർ എന്നു വരുന്നതുകൊണ്ട് ഒരുപക്ഷേ വളരെ ഏല്പനകൾ ദുർബലപ്പെട്ടുപോകാൻ ഇടയുണ്ട്. അതു പല വിഷമതകളും സൃഷ്ടിക്കും. അതുകൊണ്ട് ഈ ഭേദഗതിയിൽ ഏതെങ്കിലും സ്വീകരിക്കുകയോ അല്ലെങ്കിൽ ഇതിനനുസരിച്ച ആശയത്തോടു യോജിക്കുന്നുവെങ്കിൽ ഗവണ്മെൻറ് മറെറന്തെങ്കിലും ഭേദഗതി കൊണ്ടുവരണമെന്ന് അപേക്ഷിക്കുന്നു.

ശ്രീ. ടി. സി. നാരായണൻ നമ്പ്യാർ : എന്റെ 210–ാമത്തെ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. ഈ ഭേദഗതി അവതരിപ്പിക്കാൻ എന്നെ പ്രേരിപ്പിച്ചിട്ടുള്ളതു് പ്രധാനമായും വിസ്തൃതമായികിടക്കുന്ന മലയോരപ്രദേശങ്ങളെ കൺമുമ്പിൽ കണ്ടുകൊണ്ടാണ്. ഈ ഭേദഗതിയിൽ ഞാൻ പറയുന്നതു് ഇവിടെ 4–ാമത്തെ സബ് ക്ലാസ്സിൽ,

'It is further provided that the provisions of this clause shall not apply to any tenancy effected before the appointment of such official trustee or an official receiver or officer appointed by a court consequent upon any suit for partition provided that possession of the land continues to be with the tenant on and after 21st January 1961,

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ടി. സി. നാരായണൻ നമ്പ്യാർ]

ഇങ്ങനെ കൊടുത്തിട്ടുള്ളതു് കുടിയാന്മാർക്കു് കുടിയായ്മാവകാശം ലഭിക്കുന്നില്ല, എക്സംപ്ഷനിൽ പെടുത്തിയിരിക്കുകയാണു്. അങ്ങനെ പെടുത്തിയതുകൊണ്ടു് നൂറുനൂറു കണക്കിനുള്ള കുടിയാന്മാർ, അവർ ഇന്നു് കൈവശം വച്ചുവരുന്നതും അവർ കൃഷിചെയ്തുവരുന്നതും വാസ്തവത്തിൽ അവക്കു് കുടിയായ്മാവകാശം ലഭിച്ചിട്ടുള്ളതുമായ സ്വത്തുക്കളിൽ അവരുടെ അവകാശം ഇല്ലാതായി വരും, എന്റെ ഭേദഗതികൊണ്ടു് ഞാൻ ഉദ്ദേശിക്കുന്നതു് റിസീവർമാരെയോ മററോ ഏർപ്പെടുത്തിയതിനുശേഷം അല്ലെങ്കിൽ റിസീവറെ കോടതി നിശ്ചയിച്ചതിനുശേഷം അവരൊക്കെ വല്ലവരുടെയും കൈയിൽ കൃഷിചെയ്യുന്നതിനു കൊടുത്തിട്ടുണ്ടെങ്കിൽ താൽക്കാലികമായ അടിസ്ഥാനത്തിൽ അവകാശമില്ല. ഒരു തറവാട്ടിൽ ഇങ്ങനെയുള്ള ഒരു കേസ്സിനെ സംബന്ധിച്ചു് വിധിവരുന്നതിനുമുമ്പു് സ്വത്തുക്കൾ അന്യാധീനപ്പെട്ടുപോകും. വാസ്തവത്തിൽ ഈ ഗവണ്മെൻറിന്റെ ഉദ്ദേശത്തേയുംകൂടി അതിജീവിച്ചുകൊണ്ടു് ഇന്നു് യഥാർത്ഥത്തിൽ കൈവശം വച്ചുവരുന്ന കുടിയാന്മാക്കു് അവകാശം ഇല്ലാതായിത്തീരുന്നു എന്നുള്ളതാണു് പരമാർത്ഥം, ഇങ്ങനെ ഒരിക്കലും ഗവണ്മെൻറു് ഉദ്ദേശിച്ചിരിക്കുകയില്ലായിരിക്കാം. ഞാൻ പ്രധാനമായും ഒരു വിഭാഗം കൃഷിക്കാരെയാണു് ഇതുകൊണ്ടുദ്ദേശിക്കുന്നതു്. പ്രധാനമായിട്ടും പുനംകൃഷിക്കാരെപ്പററി. ഈ ബിൽ ചർച്ച ചെയ്ത അവസരത്തിലും മററുമൊക്കെ രണ്ടുമൂന്നു പ്രാവശ്യം ഞാൻ ഇവിടെ പുനംകൃഷി അവതരിപ്പിച്ചിട്ടുണ്ടു്, ഇതിനെ സംബന്ധിച്ചു് ഇത്രയധികം എന്താണു് പറയാനുള്ളതെന്നു്. കുടിയായ്മയെ സംബന്ധിച്ചു മനസ്സിലാക്കിയിട്ടില്ലാത്ത ആളുകളും ജന്മിത്വ സമ്പ്രദായം കുടിയാനെ എങ്ങിനെ ബാധിക്കുമെന്നു മനസ്സിലാക്കാൻ സാധിച്ചിട്ടില്ലാത്ത ആളുകൾക്കും പരിഭ്രമംതന്നെ ഉണ്ടാവും. പക്ഷേ അതുകൊണ്ടു കാര്യമില്ല. അതുപോലെ എനിക്കു് മുമ്പു് ഈ വച്ചപാതി കേൾക്കുമ്പോൾ അതു മനസ്സിലായിരുന്നില്ല. പിന്നീടാണു് എത്രയോ ലക്ഷം ആളുകളെ ബാധിക്കുന്ന സജ്ജീവപ്രശ്നമാണു് അതെന്നു മനസ്സിലായതു്. അതുപോലെതന്നെ ഒരു നദി ഒഴുകുമ്പോൾ വെളുത്തനിറമുള്ള മണലിൽകൂടി ഒഴുകുകയാണെങ്കിൽ വെള്ളനിറം കാണും. ചുവപ്പിൽകൂടി ഒഴുകുകയാണെങ്കിൽ ചുവപ്പുകാണും, കറുപ്പിൽകൂടി ഒഴുകുകയാണെങ്കിൽ കറുപ്പുകാണും. അതുപോലെ ഓരോ ഭാഗത്തുനിന്നും തിരഞ്ഞെടുത്തയച്ചിട്ടുള്ള പ്രതിനിധികൾ അവർ കൈകാര്യം ചെയ്യുന്നതു് അവരവർ പ്രതിനിധീകരിക്കുന്ന സ്ഥലങ്ങളിലുള്ള പ്രത്യേക പ്രശ്നങ്ങൾ പ്രതിഫലിപ്പിക്കുന്ന വിധത്തിലായിരിക്കുമെന്നു് മററു് അംഗങ്ങളും ബഹുമാനപ്പെട്ട മന്ത്രിയും മനസ്സിലാക്കുമെന്നു ഞാൻ പ്രതീക്ഷിക്കുന്നു.

ശ്രീ. ടി. എ. തൊമ്മൻ ; തിരുവിതാംകൂർ ഭാഗത്തു് ചേരിക്കൽ കൃഷിയുണ്ടു്. അതാണു് പുനംകൃഷിയും, ഇവിടെയുള്ളവക്കും പുനംകൃഷി എന്നു പറഞ്ഞാൽ അറിയാം.

ശ്രീ. ടി. സി. നാരായണൻ നമ്പ്യാർ : പുനംകൃഷിയെന്നു കേൾക്കുമ്പോൾ ചിലർക്കൊരു വിറളി കാണാറുണ്ടു്. പല ഭാഗത്തും ചിരിക്കുന്നതു് കണ്ടിട്ടുണ്ടു് അതുകൊണ്ടാണു് ഞാൻ പറഞ്ഞതു്, ഏതായാലും ഇതിനെപ്പററി അധികം സംസാരിക്കുന്നില്ല. മാഡം, എന്റെ ഭേദഗതിയിലുള്ള കാര്യം എന്താണെന്നു ഞാൻ വിവരിക്കാം. ഒരു വ്യാഴവട്ടക്കാലമായിട്ടു് തളിപ്പറമ്പു താലൂക്കിൽ കല്യാട്ടു തറവാട്ടിൽ ഭാഗത്തെപ്പററിയുള്ള കേസു് കോടതിയിൽ തുടരുകയാണു് 1948-ലാണു് ആദ്യമായിട്ടു് കേസു് ഫയൽചെയ്തതു്. ഇന്നു് 14 കൊല്ലമായിട്ടും ആ കേസു് തീർന്നുകഴിഞ്ഞിട്ടില്ല. ഇതിനിടക്കു് കുടിയാന്മാരെ സംബന്ധിച്ചു് ഒരു പ്രത്യേക സവിശേഷതയുണ്ടു് അതായതു് രേഖയില്ലാത്ത കൃഷിക്കാരാണു്. ഇങ്ങനെ രേഖയില്ലാത്തതിനെപ്പററി ചില കേസുകൾ ഉണ്ടായിട്ടുണ്ടു്. അതിൽ ഒരു കേസിന്റെ പേരു് കററിപുന കേസു് എന്നാണു്. ഈ കററിപുന എന്നാലെന്താണു് ? മരം വെട്ടി എടുത്തതിന്റെ കററികൾ മാത്രം കാണും.

LIBRARY ARCHIVES Kerala Legislative Assembly

അപ്പോൾ ഈ ഒരു വർഷക്കാലം അവിടെ കൃഷിചെയ്യ എന്നുള്ള നിലയ്ക്കു അവിടെയുണ്ടായിരുന്ന മരങ്ങളുടെ കുററിയായിരിക്കും അവരുടെ ലക്ഷ്യമായിട്ടുള്ളതു്. അല്ലാതെ അവക്കു മററു രേഖകളൊന്നും തന്നെയില്ല. അതുകൊണ്ടു ഒരിക്കൽ അങ്ങനെ അവിടെ കൃഷിചെയ്തിട്ടുള്ള ആളിനു തന്നെ വീണ്ടും അവിടെ കൃഷിചെയ്യാനുള്ള അവകാശമുണ്ടായിരുന്നു. പക്ഷെ, അതു സംബന്ധിച്ചുള്ള രേഖകളില്ലെന്നു മാത്രം. 1953—ൽ മദ്രാസ് നിയമസഭയിൽ ഈ പുനംകൃഷി ടെനൻസിയായിട്ടു അംഗീകരിക്കേണ്ടതാണെന്നു തീരുമാനിച്ചിരുന്നു. അങ്ങനെ ഈ കുററിപ്പുനംകൃഷി നടത്താൻ അവക്കു അവകാശമുണ്ടായിരുന്നു. അതൊരു ട്രെഡിഷണൽ കൺവെൻഷൻ ആയിരുന്നു. നികുതി ഏർപ്പാടു് ആ ഭാഗത്തെ സംബന്ധിച്ചിടത്തോളമില്ല. ഇപ്പോൾ ആ ഭൂമി കൂടി ഉൾപ്പെടുത്തിയാണു് കോടതിയിൽ പാർട്ടിഷൻ കേസു കിടക്കുന്നതു്. ആ സ്ഥലങ്ങൾക്കു നികുതി ചുമത്തുന്ന ഏർപ്പാടു അന്നുമില്ല, ഇന്നുമില്ല. അവിടെ പടിയൂർ വില്ലേജു് അൻപതു സ്ക്വയർ മൈലും അതിനു സമീപമായി കിടക്കുന്ന മററു രണ്ടു വില്ലേജുകൾ 47 സ്ക്വയർ മൈലും 57 സ്ക്വയർ മൈലും വിസ്തൃതിയുള്ളതുമാണു്. ഇപ്പോൾ ആ ഭൂമികൾ പാർട്ടിഷൻ കേസിൽ ഉൾപ്പെട്ടു കിടക്കുന്നതുകൊണ്ടു റിസീവരുടെ ഭരണത്തിൻകീഴിലായിരിക്കുകയാണു്. ഈ പുനംകൃഷി നടത്തുന്ന സ്ഥലങ്ങൾ അവിടെ കുടിയാന്മാർ കൃഷിനടത്തുന്നു എന്നുള്ളതു മാത്രമല്ല, അവരുടെ കൈവശംതന്നെയാണു്. പക്ഷേ, രേഖയില്ല. ബഹുമാനപ്പെട്ട മന്ത്രി ആ വിഷമം മനസ്സിലാക്കാൻവേണ്ടി ഞാൻ ആവർത്തിച്ചാവർത്തിച്ചു പറയുകയാണു്. അവിടെ പാർട്ടിഷൻ വരുന്നതുകൊണ്ടു ആ കുടിയാന്മാരെ സംബന്ധിച്ചിടത്തോളം അവക്കു സംരക്ഷണം നൽകേണ്ട ആവശ്യത്തെക്കുറിച്ചു ഞാൻ പറയുകയാണു്. ഇപ്പോൾ കുടിയാന്മാർ ആ ഭൂമി അവരുടെ കൈവശം വച്ചു വരുന്നുണ്ടു്. ഇപ്പോൾ ഈ റിസീവർ അവരുടെ അടുത്തുചെന്നിട്ടു നിങ്ങൾക്കു രേഖയൊന്നുമില്ല എന്നു പറഞ്ഞു അവർ ആ സ്ഥലങ്ങളൊക്കെ ലേലംചെയ്യും. അപ്പോൾ അവിടെ കുഴപ്പമുണ്ടാകും. ഈ റിസീവർ സാധാരണയായി റെക്കാർഡുകളെ നോക്കുകയുള്ളു. അങ്ങനെ റെക്കാർഡുകളില്ലാത്തിടത്തോളംകാലം റിസീവർ ഈ സ്ഥലങ്ങൾ ലേലത്തിൽ വയ്ക്കുമ്പോൾ വാസ്തവത്തിൽ മററുള്ള ആളുകൾ അങ്ങനെ ലേലം വിളിക്കേട്ടു അതു എടുക്കുമ്പോൾ, ഈ കൃഷിക്കാർ സംഘടിതരായി അതിനെ എതിക്കും. അങ്ങനെയുള്ള സംഭവങ്ങൾ ഈ അസംബ്ലിയിൽ തന്നെ 1961—ൽ ഒരു റസല്യൂഷൻ വന്നപ്പോൾ അതേ സംബന്ധിച്ചു ഗവണ്മെൻറു ആവശ്യമായ നടപടികൾ കൈക്കൊള്ളുകയും, ഡിസ്ട്രിക്ററു കളക്ററക്കു നിർദ്ദേശം കൊടുക്കുകയുമൊക്കെയുണ്ടായിട്ടുണ്ടു്, അതിൻെറ ഫലമായി അവിടത്തെ ജന്മിമാരുടെ പ്രതിനിധികളും ഗവണ്മെൻറുമായി കൂടിയാലോചനകൾ നടത്തി അന്നത്തെ ആ ലേലം ക്യാൻസൽ ചെയ്യുകയാണുണ്ടായതു്. വീണ്ടും കഴിഞ്ഞവർഷം ലേലം വന്നു. അന്നും കൃഷിക്കാർ വമ്പിച്ച പ്രകടനം നടത്തി. ഞങ്ങൾക്കു കൈവശമുള്ള ഭൂമി എത്രയോ പരമ്പരാഗതമായി ഞങ്ങളുടെ കൈവശമുള്ള ഭൂമി സാങ്കേതികമായ കാരണങ്ങൾ പറഞ്ഞുകൊണ്ടു ഞങ്ങളുടെ കൈവശത്തു നിന്നും ഒഴിപ്പിക്കുന്നതായാൽ ''ഒന്നുകിൽ ഭൂമി അല്ലെങ്കിൽ ഒന്നുമില്ല'' എന്നുള്ള വിളികളോടുകൂടി അവിടെ സംഘടിതമായി പ്രക്ഷോഭണം നടത്തി. അതിൻെറ ഫലമായി ഞങ്ങൾ അവിടെയുള്ള കാൺഗ്രസ്സുകാരും, പി. എസ്സ്. പി. ക്കാരും, കമ്മ്യൂണിസ്ററുകാരും ഉൾക്കൊള്ളുന്ന ഒരു ഡലിഗേഷൻ അവിടെനിന്നും പുറപ്പെട്ടു ഗവണ്മെൻറിൻെറ അടുക്കലും കളക്ററരുടെ അടുക്കലും നിവേദനങ്ങൾ കൊടുക്കുകയും അതിൻെറ ഫലമായി അതു സ്റ്റേ ചെയ്യുകയുമുണ്ടായിട്ടുണ്ടു്. റിസീവർ അദ്ദേഹത്തിൽ നിക്ഷിപ്തമായിട്ടുള്ള അധികാരങ്ങൾ വച്ചുകൊണ്ടു ആ വസ്തുക്കൾ ഒഴിഞ്ഞുകൊടുക്കണമെന്നു പറഞ്ഞാൽ അതു കൊടുക്കാതിരിക്കാൻ നിവൃത്തിയില്ല. പക്ഷേ, അവിടെയുള്ള ഈ കുടിയാന്മാരെ സംബന്ധിച്ചിടത്തോളം അവർ സംഘടിതരായി പ്രക്ഷോഭണത്തിനു തന്നെ തയാറായി നിൽക്കുന്നവരാണു്. ചിലപ്പോൾ ഈ ഒഫീഷ്യൽ റിസീവറായിട്ടു ആ തറവാട്ടിലുള്ളവരെത്തന്നെയാണു് നിയമിക്കുന്നതു്. എന്നാൽ അതേസമയം യാതൊരു വിദ്യാഭ്യാസവും സംസ്കാരവുമില്ലാത്ത ഇവക്കു അതായതു്, മുളിക്കോട്ടു കണ്ണനും അവൻെറ കൂട്ടുക്കും വക്കീലും കാണുകയില്ല, വക്കാലത്തുമുണ്ടാകുകയില്ല. അവർ ദരിദ്രന്മാരാണു്, സാധാരണ സംസ്കാരം ഇതുവരെ അവരുടെ അടുത്തു എത്തീട്ടില്ല. അവർ ഇന്നും നിർഭാഗ്യ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ടി. സി. നാരായണൻ നമ്പ്യാർ]

വാന്മാരായി കഴിഞ്ഞുകൂടുകയാണ്. അവർക്ക് അവരുടെ അവകാശസംരക്ഷണത്തിനായി പ്രക്ഷോഭണം നടത്തുക എന്നുള്ളതല്ലാതെ മറ്റു നിവൃത്തിമാർഗ്ഗമില്ല. 1958-ലും ഈ മന്ത്രിസഭ അധികാരത്തിൽ വന്നപ്പോഴും ഇക്കാര്യത്തിൽ ഇടപെട്ടിട്ടുണ്ട്. എന്നിരുന്നാൽതന്നെയും അവരെ സംബന്ധിച്ചിടത്തോളം തൽക്കാലം ആ ഭൂമി തങ്ങളുടെ കൈവശം ആണെന്നുണ്ടെങ്കിലും ഈ നിയമത്തിൽ ഈ വകുപ്പു വന്നുകഴിഞ്ഞാൽ റിസീവർ വന്നു ഈ ഭൂമി ആവശ്യപ്പെട്ടു കഴിഞ്ഞാൽ ഈ സ്ഥലങ്ങൾ ഞങ്ങൾക്കു തന്നിട്ടുണ്ട് പക്ഷെ, രേഖയില്ല എന്നു പറഞ്ഞാൽ അതു സഹിക്കത്തക്കതല്ല. മന്ത്രിക്കു ഈ പ്രശ്നം മനസ്സിലാക്കാൻ വേണ്ടി പറയുകയാണ്. ഇങ്ങനെ പത്തോ ഇരുപത്തോ ആളുകളല്ല ഉള്ളതു്. "മദ്വചനങ്ങൾക്കു മാർദ്ദവമില്ലെങ്കിൽ ഉദ്ദേശശുദ്ധിയാൽ മാപ്പുനൽകിൻ" എന്നു് ഒരു മഹാകവി പറഞ്ഞിട്ടുള്ളതുപോലെ എന്റെ ഭേദഗതികൾ വാസ്തവത്തിൽ സാങ്കേതികമായിട്ടോ നിയമപരമായിട്ടോ അതിന്റെ വേർഡിംഗ് മാറേറണ്ടതായിട്ടുണ്ടെങ്കിൽ തന്നെ അതു മാററി ജനങ്ങൾക്കു ഗുണംചെയ്യുന്നതിനുവേണ്ടി അവരുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടി രാജ്യത്തു സമാധാനലംഘനം ഉണ്ടാകാതിരിക്കുന്നതിനുവേണ്ടിയാണല്ലോ നിയമനിർമ്മാണം ചെയ്യുന്നതു്. അതിനു പററിയ രീതിയിൽ എഴുതിക്കൊള്ളണം. നിയമവും ഭരണഘടനയുമെല്ലാം ജനങ്ങളുടെ രക്ഷയെ കരുതിയാണല്ലോ ഉണ്ടാക്കുന്നതു്. അതുകൊണ്ടു ജനങ്ങളുടെ ന്യായമായ അവകാശങ്ങൾ സംരക്ഷിക്കാൻ പററിയ തരത്തിൽ ഉള്ള ഭേദഗതികൾ കൊണ്ടുവരണം. ബഹുമാനപ്പെട്ട ബലറാം പറഞ്ഞ അഭിപ്രായത്തോടും എനിക്കു യോജിപ്പാണുള്ളതു്. അദ്ദേഹം പറഞ്ഞപ്രകാരം പത്തുകൊല്ലം തുടർച്ചയായി അവകാശമുണ്ടെങ്കിൽ ആ ഭൂമി അവരുടെ കൈവശമുണ്ടെങ്കിൽ 1961 ജനുവരി 21-ാം തീയതി അവരുടെ കൈവശമുണ്ടെങ്കിൽ ഈ കുടിയാന്മാർക്കു ഈ എക്സംപ്ഷൻ ബാധകമാക്കണം എന്നുള്ളതാണ്. ആ ഉദ്ദേശം തന്നെയാണ് എന്റെ ഭേദഗതിയിലും ഉള്ളതു്. ഇതു നൂറുകണക്കിനുള്ള കുടുംബക്കാരെ ബാധിക്കുന്ന ഒന്നായതുകൊണ്ടു് സാങ്കേതികമായിട്ടു വല്ല തടസ്സങ്ങളും ഇതിൽ ഉണ്ടെങ്കിൽ അതു തിരുത്തി അവരുടെ അവകാശം സംരക്ഷിക്കുന്നതിനു പററിയ തരത്തിൽ ഇതിന്റെ വേർഡിംഗ് എഴുതിച്ചേർത്തു അതിൽ നിന്നും വല്ല കഷ്ടനഷ്ടങ്ങൾ വന്നാൽ അതു സഹിച്ചും അവർക്കു ജീവിക്കണം എന്നുള്ള വിചാരത്തോടുകൂടി—അവരാണെങ്കിൽ ഇതിൽ പിടിച്ചു നിൽക്കുകതന്നെ ചെയ്യും—അതുകൊണ്ടു് ഈ വസ്തുതകൾ മനസ്സിലാക്കിക്കൊണ്ടു ഇതിൽ മാററങ്ങൾ വരുത്തണം.

[Deputy Speaker in the Chair]

ശ്രീ. എൻ. ഈ. ബലറാം: മാഡം, എന്റെ ഭേദഗതിയിൽ ചില ഭാഗങ്ങൾ ശ്രീമാൻ ടി. സി. നാരായണൻ നമ്പ്യാർ ഇവിടെ പറഞ്ഞു കഴിഞ്ഞു. ഈ ബില്ലിലുള്ള എക്സംപ്ഷൻ ക്ലാസ് അങ്ങനെ തന്നെ പാസായിപ്പോകുകയാണെങ്കിൽ ഏതാണ്ട് നാലായിരത്തിലധികം വരുന്ന കുടിയാന്മാർക്കു സംരക്ഷണം കിട്ടാതെ വരും. അവർക്കെന്തെങ്കിലും ഒരു സംരക്ഷണം കൊടുക്കണമെന്നുള്ള പ്രശ്നം വളരെക്കാലമായി നമ്മുടെ നിയമസഭയുടെ ശ്രദ്ധയിൽതന്നെപ്പെട്ടതാണ്. 1958 മുതൽ ഒരു പാർട്ടീഷൻ വ്യവഹാരത്തിൽപ്പെട്ടു കിടക്കുന്ന കല്ല്യാട്ടു തറവാട്ടിലെ നാലായിരത്തിലധികം കുടിയാന്മാർക്കു എന്തെങ്കിലും ഒരു രക്ഷ ഉണ്ടാക്കിക്കൊടുക്കാനുള്ള ഒരു സൗകര്യം ഈ ബില്ലിൽ ഉണ്ടാക്കണം എന്നുള്ളതാണ് എന്റെ ഭേദഗതിയുടെ ഉദ്ദേശം. ഞാനീ ഭേദഗതികൊണ്ടുദ്ദേശിക്കുന്നതു പത്തുകൊല്ലം ഒരു കുടിയാന്റെ കൈവശത്തിലിരിക്കുന്നതായ ഭൂമി ഒരു ഒഫീഷ്യൽ റിസീവറുടെയോ ട്രസ്റ്റിയുടെയോ ഭരണത്തിലായി എന്നുണ്ടെങ്കിൽ തന്നെ അങ്ങനെ പത്തുകൊല്ലം ആ കുടിയാന്റെ കൈവശമിരുന്നാൽ അയാൾ കുടിയാനായിത്തീരുമെന്നാണ്. ഇതോ ഇതിനു തുല്യമായ ഒരു പ്രൊവിഷനോ നമുക്കു കൊണ്ടുവരാൻ കഴിയുന്നില്ലെങ്കിൽ ഈ നിയമം പാസായാൽതന്നെയും ചില പ്രത്യേക നിയമങ്ങൾ അവതരിപ്പിച്ചു കല്ല്യാട്ടെ കുടിയാന്മാർക്ക് പ്രത്യേക സംരക്ഷണം നൽകേണ്ടിവരും എന്നുള്ളതാണ് എന്റെ തോന്നൽ. കാരണം, മൂന്നുനാലായിരം കുടിയാന്മാർക്കു നിയമപ്രകാരം സംരക്ഷണം കിട്ടാതെ പോകുക

LIBRARY ARCHIVES Kerala Legislative Assembly

യാണെങ്കിൽ അതു വലിയ വിഷമമുള്ള കാര്യമാണ്. അവർ കുടിയാന്മാരാണോ എന്നു ചോദിച്ചാൽ അവർ കുടിയാന്മാരാണ്, 1948—നു മുമ്പും ശേഷവും അവർ അവിടെ വന്നു കുടിയേറിപ്പാർത്തവരാണ്. ഇപ്പോൾ അടുത്ത ഒന്നു രണ്ടു കൊല്ലക്കാലമായിട്ടു തങ്ങളല്ലാ ഈ കുടിയാന്മാരെ ഭൂമി ഏൽപ്പിച്ചു കൊടുത്തിട്ടുള്ളതു എന്നുള്ള ഭാവത്തിൽ കല്യാട്ടു എസ്റ്റേററ് മാനേജ്ചെയ്യുന്ന ഒഫിഷ്യൽ റസീവർമാർ ശ്രീ. ടി. സി. നാരായണൻ നമ്പ്യാർ പറഞ്ഞ മാതിരി ആ സ്ഥലം തന്നെ ലേലംചെയ്തു കൊടുക്കാൻ ശ്രമിച്ചുവരികയാണ്. അക്കാര്യത്തിൽ ഒന്നുരണ്ടു പ്രാവശ്യം ഗവൺമെൻറു തന്നെ ഇടപെട്ടു. താൽക്കാലിക പരിഹാരം കണ്ടു. പക്ഷെ അതുകൊണ്ടു പ്രശ്നം പരിഹരിക്കപ്പെട്ടില്ല. അതുകൊണ്ടു ആ കുടിയാന്മാർക്കു സംരക്ഷണം കിട്ടാൻ എന്തെങ്കിലും ഈ ഗവൺമെൻറു ചെയ്യണം. അതു വളരെ വിഷമംപിടിച്ച ഒരു കാര്യമാണ്. അതിലേക്കു ഞാൻ അവതരിപ്പിച്ച ഭേദഗതി മതിയോ എന്നുള്ള കാര്യം എനിക്കറിഞ്ഞുകൂടാ. അവിടെയുള്ള കുടിയാന്മാരുമായി ഇക്കാര്യം ചർച്ചചെയ്തപ്പോൾ എനിക്കു മനസിലാക്കാൻ കഴിഞ്ഞതു്, അവർക്കു് അനുകൂലമായി ചില വകുപ്പുകൾ ഈ ബില്ലിൽ കൊണ്ടുവന്നില്ലെങ്കിൽ അതു വലിയ വിഷമമുണ്ടാക്കും എന്നാണ്. ആ തറവാട്ടിലെ പാർട്ടിഷൻ വ്യവഹാരം തീരണമെങ്കിൽ ഒന്നോ രണ്ടോ വർഷംകൂടി പിടിക്കും. അതിനിടയിൽ ആ കുടിയാന്മാരിൽ നിന്നും അവരുടെ കൈവശമുള്ള ഭൂമി ഒഴിപ്പിച്ചെടുക്കാൻ ഉള്ള ശ്രമം ഇന്നു നടത്തുന്നുണ്ട്. അതുകൊണ്ടാണ് എന്തെങ്കിലും ഒരു സംരക്ഷണത്തിനുള്ള പ്രൊവിഷൻ ഈ ബില്ലിൽ ചേർക്കണം എന്നു ഞങ്ങൾ ആവശ്യപ്പെടുന്നതു്. അതിലേക്കു ശ്രീമാൻ ടി. സി. നാരായണൻ നമ്പ്യാരുടെ ഭേദഗതികൊണ്ടോ, എൻെറ ഭേദഗതി കൊണ്ടോ മുഴുവൻ രക്ഷകിട്ടുമെന്നു വിചാരിക്കുന്നില്ല. ബഹുമാനപ്പെട്ട മന്ത്രി തന്നെ അതു മനസിലാക്കിയിരിക്കുമെന്നാണെനിക്കു തോന്നുന്നതു്. ഇക്കാര്യം നേരത്തെ മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തീട്ടുള്ളതാണ്. ഈ മാതിരി ചില പ്രശ്നങ്ങൾ മററു ചില സ്ഥലങ്ങളിലുമുണ്ട്. ഒന്നു രണ്ടു തറവാടുകളിൽകൂടി പാർട്ടിഷൻ വ്യവഹാരം വന്നിട്ടുണ്ട്. ഇത്തരം കുടിയാന്മാർ ആ കുടുംബങ്ങളുടെ ഭൂമിയിലുണ്ട്. ഏതായാലും ഈ പ്രശ്നത്തിനു ന്യായമായ ഒരു പരിഹാരം നാം കാണേണ്ടിവരും. അതിനാവശ്യമായ ഭേദഗതികൾ സ്വീകരിക്കണമെന്നാണു എനിക്കാദ്യമായി പറയാനുള്ളതു്.

സർ, രണ്ടാമതായി ഒരു കാര്യം പറയാനുള്ളതു്, ഇതിൽ ഈ രണ്ടാമത്തെ സെക്ഷൻ, ഈ ചാപ്ടർ മുഴുവൻതന്നെ ഗവൺമെൻറിനു വേണമെങ്കിൽ മാററി വയ്ക്കാം എന്നു പറയുന്നുണ്ട്. അതു അത്ര ശരിയല്ല. അതു മറെറാരു തരത്തിൽ ഒരു ഭേദഗതി എന്നുള്ളതാണ് തൻെറ അഭിപ്രായം. ചാപ്ററർ (Chapter) എന്നതു മാററി Section എന്നു ചേർത്താൽ മതിയാകും. ശ്രീമതി ഗൗരിയുടെ മുൻ പറഞ്ഞ 217—ാമത്തെ ഭേദഗതിയെ ഞാൻ അനുകൂലിക്കുകയാണ്. അതായതു്, 9—ാമത്തെ സബ്സെക്ഷൻ ആകെ ഡിലീററ് ചെയ്യുന്നതാണു നല്ലതു്. ഇനി അതു സാദ്ധ്യമല്ലെങ്കിൽ "Including sites on which religious ceremonies are conducted" ആ ഭാഗമെങ്കിലും ഡിലീററു ചെയ്യണമെന്നുള്ള അഭിപ്രായമാണെനിക്കുള്ളതു്. അതു പറയാൻ കുറച്ചു ബുദ്ധിമുട്ടുള്ള കാര്യമാണ്. കാരണം. ഞാനൊരു കമ്മ്യൂണിസ്ററു മെമ്പറാണ്. ഒരു കമ്മ്യൂണിസ്ററു അഭിപ്രായഗതിക്കാരനു റിലിജിയസ് സൈററ്സിനേയും റിലിജിയസ് സെററ്സിനേയും പററി പ്രസംഗിക്കാനെന്തവകാശമാണുള്ളതു്, അവർക്കു ദൈവവിശ്വാസമില്ലല്ലോ പിന്നെ അവർ എന്തിനുവേണ്ടി ഈ റെസററ്സ് മുഴുവനും ഒഴിവാക്കണം എന്നു മറുഭാഗത്തു നിന്നു ചോദിച്ചേക്കാം. ഈശ്വരവിശ്വാസമില്ലാത്തവർക്കു ഇങ്ങനെയൊക്കെ പറയാൻ സാധിക്കും എന്നു മന്ത്രിയുടെ മറുപടിയിൽ പറയുമെന്നു എനിക്കറിയാം. മന്ത്രിയുടെ ഇതിനു മുമ്പു പറഞ്ഞിട്ടുള്ള മറുപടിയിൽ അദ്ദേഹം അങ്ങനെ ആക്ഷേപിച്ചതായി എനിക്കോർമ്മയുണ്ട്. സർ, അതിൻെറ കാര്യം എന്താണെന്നുവച്ചാൽ........

<u>ഡെപ്യൂട്ടി സ്പീക്കർ</u> : അമെൻറുമെൻറിനെപ്പററി പറഞ്ഞാൽ പ്രശ്നം വളരെ എളുപ്പം അവസാനിപ്പിക്കാം. മന്ത്രി ഇന്നതാണു മറുപടി പറയുന്നതെന്നു പറഞ്ഞു പ്രസംഗം നീട്ടിക്കൊണ്ടു പോകേണ്ട.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എൻ. ഈ. ബലറാം : സംഗതി പറയുന്നതു മുഴുവൻ കേട്ടുകൊണ്ടു് മറുപടി പറയാൻവേണ്ടി പറയുകയാണു്. പുതിയതായിട്ടുള്ള ആളുകൾക്കു ഈ ഉപദേശം കുറെ സഹായകരമായിരിക്കും. എന്റെ മുഖത്തുനോക്കി ഇതിനുമുമ്പു മന്ത്രി പറഞ്ഞതുകൊണ്ടു പറയുകയാണു്. ഈശ്വരവിശ്വാസത്തിന്റെ കാര്യവും, നിരീശ്വരവാദവുമൊന്നും ഈ ബില്ലിലില്ല. ചില സ്ഥലങ്ങളിൽ ഉത്സവമൊക്കെ നടക്കുമ്പോൾ അതുമായി ബന്ധപ്പെട്ട ചടങ്ങുകൾ നിർവഹിക്കുന്നതായ ഒരു പതിവുണ്ടു്. ഉദാഹരണത്തിനു കൊട്ടിയൂർ ദേവസ്വത്തിനോടു അനുബന്ധിച്ചു ആ ദേവസ്വത്തിലെ മതപരമായ ചടങ്ങുകൾക്കുവേണ്ടി ഉപയോഗപ്പെടുത്തിവരുന്ന ഭൂമി വളരെയധികമുണ്ടെന്നാണു ദേവസ്വം ഭാരവാഹികളുടെ വാദം. ഈ ദേവസ്വം വക ഭൂമികൾ കുടിയാന്മാർ കൈവശംവച്ചു വരുന്നുണ്ടു്. ഉത്സവ കാലത്തു കൊട്ടിയൂരിലേക്കു് എണ്ണ, ഇളനീർ, നെയ്യ് എന്നിവ എഴുന്നള്ളിക്കൊണ്ടുപോവുക ഒരു പതിവാണു്. ഇങ്ങനെ എഴുന്നള്ളിക്കൊണ്ടു പോകുന്നവർ വിശ്രമിക്കുന്ന ചില സ്ഥലങ്ങൾ ഉണ്ടു്. അതെല്ലാം മതപരമായ ചടങ്ങുകൾ നിർവഹിക്കുന്ന സ്ഥലമായി കരുതണമോ എന്ന പ്രശ്നം ഉണ്ടു്. കരുതേണ്ട എന്നാണു് എന്റെ അഭിപ്രായം. ഒരിക്കൽ ഇതു സംബന്ധിച്ചു് കൊട്ടിയൂരിൽ ഒരു തർക്കമുണ്ടായി. ഒരു സംഘട്ടനം തന്നെ നടക്കുമെന്ന നിലയിലോളം കാര്യമെത്തി. ഒടുവിൽ സ്ഥിതി ശാന്തമായി.

യഥാർത്ഥത്തിൽ മതപരമായ കാര്യങ്ങൾ ചെയ്യുന്നതിനു ആവശ്യമുള്ളതാണു ദേവസ്വം ഭാരവാഹികൾ പറയുന്ന പ്രദേശമെങ്കിൽ അതു് മനസ്സിലാക്കാൻ കഴിയും. അതു കുടിയാനും സമ്മതിച്ചുകൊടുക്കേണ്ടതാണു്. പക്ഷെ, വേറെ ചില കാര്യങ്ങൾ മനസ്സിൽവച്ചുകൊണ്ടു്, ഭൂമി എങ്ങനെയെങ്കിലും

11 a. m. ഒഴിപ്പിച്ചെടുക്കണമെന്നുള്ള ഉദ്ദേശംവച്ചുകൊണ്ടു് ചെയ്യുന്ന ശ്രമങ്ങളാണു് കഴിഞ്ഞ രണ്ടുമൂന്നു വർഷമായി അവിടെ ഉണ്ടായിക്കൊണ്ടിരിക്കുന്നതു്. അതുകൊണ്ടാണു് Sites on which religious ceremonies are conducted എന്നുള്ളതു് ആവശ്യമില്ലെന്നു പറയുന്നതു്. റിലിജിയസ് സൈറ്റ് ആണോ എന്നു ആരാണു നിശ്ചയിക്കേണ്ടതു് ?

ശ്രീ. ടി. എ. തൊമ്മൻ : കൊട്ടിയൂർ പ്രദേശത്തു് ഞങ്ങൾ പോയിരുന്നു. അപ്പോൾ ക്ഷേത്ര അധികാരികൾ റിലിജിയസ്സെറിമണിക്കു് ഉപയോഗിക്കുന്ന പത്തുപതിനൊന്നു സ്ഥലങ്ങൾ ഞങ്ങളെ കാണിക്കുകയുണ്ടായി. അതിനു് പ്രത്യേക സ്ഥലങ്ങൾ ഉണ്ടു്. അതു് ക്ഷേത്രാധികാരികളും കുടിയാന്മാരും ചൂണ്ടിക്കാണിച്ചു. ചില സ്ഥലങ്ങൾ ദേവസ്വത്തിന്റെ അല്ലാത്തതുമാണു്.

ശ്രീ. എൻ. ഈ. ബലറാം : ശ്രീ. തൊമ്മൻ എന്തെങ്കിലും ഒരു ചോദ്യമാണു ചോദിച്ചിരുന്നതെങ്കിൽ മറുപടി പറയാമായിരുന്നു. അദ്ദേഹം കൊട്ടിയൂർ പോയിട്ടുണ്ടെന്നാണു പറഞ്ഞതു്. ഞാൻ ഒരിക്കലൊന്നുമല്ല പല പ്രാവശ്യം അവിടെ പോയിട്ടുണ്ടു്. അവിടത്തെ കഥ അറിയണമെങ്കിൽ വിശദാംശങ്ങൾ പറയേണ്ടിവരും. അതിലേക്കു് സമയമില്ലാത്തതുകൊണ്ടു് ഞാൻ കടക്കുന്നില്ല. ഒരു ഉദാഹരണം പറയാം. മണത്തണ മുതൽ കൊട്ടിയൂർ വരെയുള്ള ദൂരം പത്തുപതിനൊന്നു നാഴിക സ്ഥലമുണ്ടു്. അതിനിടയ്ക്കു ഗണപതിയാർവട്ടം എന്ന പേരിൽ ഒരു സ്ഥലമുണ്ടു്. അവിടെ ഒരു ഗണപതിക്ഷേത്രം ഉണ്ടായിരുന്നുവെന്നും അവിടെ തൊഴുതിട്ടുവേണം കൊട്ടിയൂർ പോകേണ്ടതെന്നും എണ്ണയും ഇളനീരും വച്ചു വിശ്രമിക്കാനുള്ള സ്ഥലം അതാണെന്നും, അതുകൊണ്ടാണു് ആ സ്ഥലത്തിനു ഗണപതിയാർവട്ടമെന്നു പേരുവന്നതെന്നും ഒരു വാദം വന്നു അവിടെ ഇപ്പോൾ ഗണപതിയൊന്നുമില്ല. പണ്ടെങ്ങാ എന്തോ നടന്ന ഒരു കഥ വച്ചുകൊണ്ടാണു അവിടെ ഗണപതി ക്ഷേത്രമുണ്ടെന്നു പറയുന്നതു്. അതിലപ്പുറമൊന്നും അതിൽ ഇല്ല. അവിടെ കുരുമുളകു് കൃഷിയാണു കാണാറുള്ളതു്. ഇപ്പോൾ രണ്ടുകൊല്ലമായിട്ടു് ആ സ്ഥലം കൊട്ടിയൂർ ക്ഷേത്രത്തോടു് ബന്ധപ്പെട്ട സ്ഥലമാണെന്നു പറയുന്നുണ്ടു്. ഇതുപോലെ മറ്റു ചില സ്ഥലങ്ങളെ കുറിച്ചും പറയുന്നുണ്ടു്. ഈ സ്ഥലങ്ങളെല്ലാം കുടിയാന്മാർക്കു് ഉപയോഗിക്കാൻ പാടില്ലെന്നു വരികയാണെങ്കിൽ വളരെ വിഷമമാണു്. അങ്ങനെ ഒരു അവസ്ഥ ഉണ്ടാകരുതെന്നാണു് ഞാൻ പറയുന്നതു്.

അടുത്തതായി മന്ത്രി കൊണ്ടുവന്നിട്ടുള്ള 1130-ാം നമ്പർ ഭേദഗതിയെപ്പററിയാണ് എനിക്കു പറയാനുള്ളത്. സെലക്ററു കമ്മിററി റിപ്പോർട്ട് വന്നപ്പോൾ ആ ഭാഗം വായിച്ചിട്ട് അതിൽ വലിയ അപാകടമൊന്നും കണ്ടില്ല. അതൊരു നല്ല കാര്യമായി എനിക്കു തോന്നി. അതായത്, ക്ലാസ് 3 സബ് ക്ലാസ് 6-ലെ രണ്ടാമത്തെ പ്രൊവൈസോ കണ്ടപ്പോൾ എനിക്കു സന്തോഷമാണുണ്ടായത്. അളിയസന്താന ആക്ററിൽ പറയുന്ന നിസ്സന്തതി കവരു എന്ന താവഴിക്കാരുടെ വകയായി ഹോസ്ദുർഗിലും, കാസർകോട്ടുമെല്ലാം ധാരാളം കുടിയാന്മാർ ഉണ്ട്. ആയിരമോ, പതിനായിരമോ ഒന്നുമല്ലാ അതിൽ കൂടുതൽ വരും. അങ്ങനെ വളരെ കുടിയാന്മാക്ക് സംരക്ഷണം നൽകത്തക്ക വിധത്തിലാണ് ആദ്യം പ്രൊവൈസോ കൊടുത്തിരുന്നത്.

ശ്രീ. എം. കുഞ്ഞിക്കണ്ണൻ നമ്പ്യാർ : ഹോസ്ദുർഗിൽ ഇത്തരം കുടിയാന്മാർ ഇല്ലെന്നറിയാമോ ?

ശ്രീ. എൻ. ഈ. ബലറാം : ഹോസ്ദുർഗ് താലൂക്കിൽ ചില പ്രദേശങ്ങളിലുണ്ട്. ഏതായാലും കാസർകോട്ട താലൂക്കിൽ ഉണ്ടെന്നുള്ളതിനു സംശയമില്ലല്ലോ.

ശ്രീമതി കെ. ആർ. ഗൗരി : മലബാർ ടെനൻസി ആക്ററ് ഹോസ്ദുർഗിനു മുഴുവൻ ബാധകമല്ലെന്നറിയാമോ ?

ശ്രീ. എൻ. ഈ. ബലറാം : അറിയാം. ശ്രീ. കുഞ്ഞിക്കണ്ണൻനമ്പ്യാക്കു ഹോസ്ദുർഗ്ഗിനെപ്പററി ആധികാരികമായി സംസാരിക്കാം. എന്നാൽ തന്നെയും കാസർകോഡിൻെറ കാര്യത്തിൽ തക്കമില്ല. അവിടെ നേരത്തെ പറഞ്ഞ വലിയ വിഭാഗം കുടിയാന്മാരുണ്ട്. അവർക്കു കുടിയാന്മാർക്കുള്ള എല്ലാ അധികാരവും നൽകേണ്ടതാണ്. നിസ്സന്തതി കവരുമെന്നു പറഞ്ഞ് ആ കുടിയാന്മാരുടെ അവകാശങ്ങൾ ഇല്ലാതാക്കരുത്. അവരെ പ്രത്യേകമായ നിലയിൽ കരുതിക്കൊണ്ടാണ് രണ്ടാമത്തെ പ്രൊവൈസോ എഴുതിച്ചേർത്തിട്ടുള്ളത്. മന്ത്രി അവതരിപ്പിച്ചിട്ടുള്ള ഭേദഗതികൊണ്ട് ഇവക്കുള്ള പർച്ചേസ് റൈററ് നിഷേധിക്കുകയാണ് ഇപ്പോൾ ചെയ്യുന്നത്. ബാക്കിയെല്ലാ റൈററും കൊടുക്കുന്നുണ്ട്. ശ്രീമതി ഗൗരി മുൻപു സൂചിപ്പിച്ചതുപോലെ ലൈഫ് ഇൻററസ്റ്റിൻെറ പേരിൽ മററു പല കുടിയാന്മാക്കും അനുവദിക്കാത്ത പല സൗകര്യങ്ങളും നിസന്തതികവരു കുടിയാന്മാക്ക് നൽകുന്ന ഒരു പ്രത്യേക നില സ്വീകരിച്ചിരിക്കയാണ്. ഒടുവിൽ മന്ത്രി പറയുന്നത് മദ്രാസ് അളിയസന്താന ആക്ററിൽ ഭേദഗതി വരുത്താതെ അവക്ക് പർച്ചേസ് റൈററ് പ്രകാരമുള്ള പണം വാങ്ങാനുള്ള അധികാരം ഇല്ലെന്നാണ്. ഈ ആക്ററ് ഭേദഗതി ചെയ്യണമെന്ന് ആ ഭാഗങ്ങളിൽ ശക്തിയായ അഭിപ്രായമുണ്ട്. അളിയസന്താനആക്ററ് നടത്തി വേഗം ഭേദഗതി ചെയ്തു വിഷമങ്ങൾ വല്ലതുമുണ്ടെങ്കിൽ പരിഹരിക്കാം. ഭേദഗതി ചെയ്താൽ പ്രതിഫലസംഖ്യ വാങ്ങാൻ കാരണവക്കുതന്നെ സാധിക്കും. കമ്മ്യൂണിസ്ററുപാർട്ടി അധികാരത്തിൽ ഇരുന്ന കാലത്തുതന്നെയും അളിയസന്താനനിയമഭേദഗതി ചെയ്യണമെന്ന അഭിപ്രായം വന്നിട്ടുണ്ടായിരുന്നു. ആ കുടിയാന്മാക്ക് പർച്ചേസ് റൈററു വാങ്ങാൻ പാടില്ലെന്നു വരുന്നത് ഒരിക്കലും ന്യായീകരിക്കത്തക്കതല്ല. ലൈഫ് ഇൻററസ്ററുള്ള ഭൂമിയിലെ കുടിയാന്മക്ക് മററു പല ആനുകൂല്യങ്ങളും കൊടുക്കുമ്പോൾ ഇങ്ങനെ ഒരു ഭേദഗതിയുടെ ആവശ്യമില്ല. ഇത് ഒരു കാംപ്രമൈസ് ആയിട്ടാണ് വന്നിരിക്കുന്നത്. ചിലയാളുകളുടെ പ്രേരണമൂലമാണ് ഇതുണ്ടായത്. മലബാറിലെ മരുമക്കത്തായ കുടുംബത്തിൽനിന്നും വലിയ വ്യത്യാസമൊന്നുമുള്ളതല്ല അളിയസന്താനകുടുംബവും. ഏതായാലും വളരെയധികം കുടിയാന്മാരെ ബാധിക്കുന്ന ഭേദഗതി ബഹുമാനപ്പെട്ട മന്ത്രി പിൻവലിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

ശ്രീ. മാ. കോരൻ : ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ചിട്ടുള്ള 1130-ാം നമ്പർ ഭേദഗതിയെ ഞാൻ എതിർക്കുകയാണ്. ശ്രീ. ബലറാം അതിനെപ്പററി സംസാരിച്ചു. അളിയസന്താനനിയമത്തിൽ നിസ്സന്തതികവരു അല്ലെങ്കിൽ താവഴികളുടെ കീഴിൽ വളരെയധികം കുടിയാന്മാരുണ്ട്. കാസർകോട്,

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ഒ. കോരൻ]

ഹോസ്ദുർഗ്ഗ് എന്നീ താലൂക്കിലാണ് ഇതു ബാധിക്കുക. കവരു എന്നുള്ള കർണ്ണാടകവാക്കിന്റെ അർത്ഥം താഴ്‌വഴിയെന്നാണ്. ശ്രീ. കുഞ്ഞിക്കണ്ണൻ നമ്പ്യാർ പറഞ്ഞു ഹോസ്ദുർഗ്ഗ് താലൂക്കിൽ ഇവരുടെ കീഴിൽ കുടിയാന്മാരില്ലെന്ന്. ശരിയല്ല. കുറവർ, മുസ്ലീങ്ങൾ, തീയർ മുതലായ ആളുകൾ ആ ഭാഗങ്ങളിൽ ഈ നിലയിൽ കൃഷി ചെയ്യുന്നുണ്ട്. മൈസൂറിലുള്ള അളിയ സന്താനഭേദഗതി നിയമപ്രകാരം ഈ കുടിയാന്മാർക്ക് പർച്ചേസ് റൈററ് നിഷേധിച്ചിട്ടില്ലെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അങ്ങനെയിരിക്കെ നാം കൃഷിക്കാർക്ക് കൂടുതൽ ആനുകൂല്യം കൊടുക്കുന്ന നിയമനിർമ്മാണം ഉണ്ടാക്കുമ്പോൾ അവിടെ അനുവദിച്ചിട്ടുള്ള അവകാശം നിഷേധിക്കുന്നതു ശരിയാണോ എന്നു ആലോചിക്കണം. ഈ അവകാശം അവർക്കു കൊടുക്കേണ്ടതാണ് സെലക്ററുകമ്മിററിയിൽ ഇതു സംബന്ധിച്ച് ഭേദഗതി ഉണ്ടായില്ല. അതിനു ശേഷമാണ് ചിലരുടെ പ്രേരണാമൂലം ഇങ്ങനെ ഒരു ഭേദഗതി കൊണ്ടുവരുന്നതിനിടയായതെന്ന് ശ്രീമതി ഗൗരിയും, ശ്രീ. ബലറാമും പറയുകയുണ്ടായി. ഈ വിഭാഗത്തിന് പർച്ചേസ് റൈററ് നിഷേധിക്കുന്ന വ്യവസ്ഥയുണ്ടാകുന്നതു തെററായിരിക്കുമെന്നുള്ളതുകൊണ്ടാണ് ഞാൻ മന്ത്രിയുടെ ഭേദഗതിയെ എതിർക്കുന്നത്. പ്രത്യേകിച്ച് എന്റെ നിയോജകമണ്ഡലത്തിൽപ്പെട്ട ചില സ്ഥലങ്ങളിലെ ആളുകളെയും ഇതു ബാധിക്കും. അതുകൊണ്ട് ഈ ഭേദഗതി സ്വീകരിക്കുന്നതു ശരിയല്ലെന്നു പറഞ്ഞുകൊണ്ട് ഞാൻ ഭേദഗതിയെ എതിർക്കുകയാണ്.

<u>ശ്രീ. പി. എസ്. ശ്രീനിവാസൻ</u> : സർ, 3-ാം വകുപ്പിന് 5 ഭേദഗതികളാണ് ഞാൻ അവതരിപ്പിക്കാൻ ഉദ്ദേശിച്ചിരുന്നത്. അതിൽ രണ്ടെണ്ണം ഇവിടെ അവതരിപ്പിച്ചിട്ടുള്ള മററു ചില ഭേദഗതികൾക്കു സമാനങ്ങളായ ഭേദഗതികളായതുകൊണ്ട് അവതരിപ്പിക്കുന്നില്ല.

എന്റെ ആദ്യത്തെ ഭേദഗതി (1128) സാധാരണ നിലയിൽ ആയിരുന്നെങ്കിൽ ഞാൻ അവതരിപ്പിക്കുമായിരുന്നില്ല. ഈ ബില്ലിൽ പറയുന്നവിധത്തിൽ, ഗവണ്മെൻറു ഭൂമികളിൽ, ഇതിലെ മററു വകുപ്പുകളിൽ പറയുന്ന ആനുകൂല്യങ്ങൾ ഏതൊക്കെയാണോ അവ കുടിയാന് കിട്ടുകയില്ല എന്നാണു കാണുന്നത്. നമ്മുടെ സംസ്ഥാനത്തിന്റെ അസാധാരണമായ പരിതഃസ്ഥിതികളിൽ, ഗവണ്മെൻറുഭൂമികളിൽ കുടിയാന്മാരുടെ അവകാശം ബാധകമല്ല, കുടികിടപ്പുകാരുടെ അവകാശം ബാധകമല്ല എന്നാക്കിത്തീർക്കുന്നതു പലപ്പോഴും വളരെ ആപൽക്കരമായ പ്രത്യാഘാതങ്ങൾ ഉണ്ടാക്കുമെന്നാണ് എനിക്കു തോന്നുന്നത്. അതുകൊണ്ടാണ് ഈ ഭേദഗതി ഞാൻ അവതരിപ്പിച്ചത്. ഗവണ്മെൻറു ഭൂമി ആണെന്നുള്ളതുകൊണ്ട്, ജന്മിമാരേ, മററു അവകാശികളോ, കർഷകർക്ക് അല്ലെങ്കിൽ കുടിയാന് കൊടുക്കേണ്ടിവരുന്ന ആനുകൂല്യങ്ങൾ കൊടുക്കേണ്ട എന്നുള്ള ഒരു നിലപാട് ഒരുതരത്തിലും നീതീകരിക്കാവുന്നതല്ല. ഈ ഗവണ്മെൻറ് അധികാരത്തിൽ വന്നതിനുശേഷം, നമ്മുടെ രാജ്യത്തിന്റെ ചരിത്രത്തിൽ ഒരിക്കലും ഉണ്ടാകാത്തവിധത്തിൽ, കേരളത്തിലെ ആയിരക്കണക്കിന് കുടിയാന്മാരെയും, കർഷകരെയും വളരെയേറെ വിഷമിപ്പിക്കുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അമരാവതിയിലെ കൃഷ്കരുടെ കാര്യമൊന്നും ഞാൻ ഇപ്പോൾ പറയുന്നില്ല. അതു പല പ്രാവശ്യം ഈ സഭയിൽതന്നെ പരാമർശിച്ചിട്ടുള്ളതാണ്. സർ, കാട്ടാനകൾപോലും കാണിക്കാത്ത ക്രൂരതയാണ് ഈ ഗവണ്മെൻറ് അവിടത്തെ കൃഷിക്കാരോട് കാണിക്കാൻ ഇടയായത്. ഇനിയും അവിടത്തെ കൃഷിക്കാരുടെ പല പ്രശ്നങ്ങളും പരിഹരിക്കപ്പെട്ടിട്ടില്ലെന്നാണ് എന്റെ വിശ്വാസം. ഗവണ്മെൻറു ഭൂമിയിൽ താമസിക്കുന്നവർ, അവിടെ എത്രമാത്രം ദേഹണ്ഡം ഉണ്ടാക്കിയിട്ടുണ്ട് ; അവർക്ക് എത്രമാത്രം പ്രതിഫലം കൊടുക്കേണ്ടിവരും, എവിടെ പുനരധിവസിപ്പിക്കണം എന്നെല്ലാം ശരിയായ ഒരു ധാരണയിലെത്താതെ, സാഹസികമായി നടപടികൾ സ്വീകരിക്കാൻ ഇടയാകുന്നത് ഒരുതരത്തിലും ആശാസ്യമായിരിക്കുകയില്ല. അടുത്ത കാലത്തും ഗവണ്മെൻറു കുറെ ആളുകളെ പദ്ധതികളുടെ ആവശ്യത്തിനുവേണ്ടി ഇറക്കിവിടുകയുണ്ടായി. അവരോടു മുൻപു ചെയ്തതിൽ

വ്യത്യസ്തമായ ഒരു നിലപാടാണ് ബഹുമാനപ്പെട്ട മന്ത്രി സ്വീകരിച്ചതെന്നു പറയുമ്പോൾ, ഇതുസംബന്ധിച്ച മന്ത്രിക്കു മുൻ അനുഭവങ്ങൾ പഠിപ്പിച്ച പാഠം ഓർമ്മയുണ്ടായിരുന്നുവെന്നാണ് ഞാൻ മനസ്സിലാക്കുന്നതു്. എന്നിരുന്നാലും ഇനിയും ആ കൃഷിക്കാർക്ക് വേണ്ടത്ര സംരക്ഷണവും, പരിഗണനയും നൽകിയിട്ടില്ല. ലക്ഷക്കണക്കിന് രൂപയുടെ ദേഹണ്ഡത്തിന് കാര്യമായി ഇതുവരെ പ്രതിഫലം കൊടുത്തിട്ടില്ല. അതുമാത്രമല്ല, ആ കുടിയാന്മാരിൽ വളരെപേരും ഗവൺമെൻറുതന്നെ അവിടെ പാർപ്പിക്കപ്പെട്ടവരാണ്. സർ. സി. പി. രാമസ്വാമി അയ്യരുടെ ഭരണകാലത്തു് ജി. എം. എഫ്. പദ്ധതിയനുസരിച്ച്, നമ്മുടെ ഭക്ഷ്യക്ഷാമം പരിഹരിക്കുന്നതിനുവേണ്ടി താമസിപ്പിക്കപ്പെട്ട ആളുകളും ഈ കൂട്ടത്തിലുണ്ടായിരുന്നു. അവർ എത്രയോ കാലമായി അവിടെ ഉണ്ടാക്കിയിട്ടുള്ള ദേഹണ്ഡത്തിന് തക്കതായ പ്രതിഫലം കിട്ടിയിട്ടില്ല. പതിനായിരക്കണക്കിന് ആളുകളെ ഇറക്കിവിടേണ്ട സ്ഥിതി, നമ്മുടെ രാജ്യത്തെ വികസന പ്രവർത്തനംമൂലം ഇനിയും ഉണ്ടാകും. അതിനുവേണ്ടി ഇനിയും ആളുകളെ ഇറക്കിവിടേണ്ടതായിട്ടു വരും. ഇറക്കിവിടുന്നതു് ഗവൺമെൻറു ഭൂമിയിൽ നിന്നാണെങ്കിൽ ആരെയും അങ്ങനെ എപ്പോഴും ഇറക്കിവിടാം എന്നൊരു ധാരണ ഉണ്ടാകരുതെന്നാണ് എൻെറ അഭിപ്രായം. കേന്ദ്ര ഇലക്ട്രിസിററി വകുപ്പുമന്ത്രി പറഞ്ഞതായി പത്രത്തിൽ കാണുകയുണ്ടായി; മററു സ്ഥലങ്ങളിൽനിന്നെന്നപോലെ, ഗവൺമെൻറുവക ഭൂമിയിൽ നിന്നു് ആളുകളെ ഇറക്കിവിടുമ്പോഴും അവർക്കു് ദേഹണ്ഡപ്രതിഫലവും, പുനരധിവാസത്തിനുള്ള സൗകര്യവും നൽകണമെന്നു്. കേന്ദ്രഗവൺമെൻറും മററു സംസ്ഥാനങ്ങളും ഇങ്ങനെയുള്ള സൗകര്യങ്ങൾ ചെയ്തു കൊടുക്കാറുണ്ടു്. പക്ഷേ, ഈ ഗവൺമെൻറു് ഇതുവരെ ഇത്തരം ഒരു നിലപാടു് സ്വീകരിച്ചതായി കാണാത്തതു ഖേദകരമാണ്.

ശ്രീ. പി. ടി. ചാക്കോ: കേന്ദ്രമന്ത്രി ഡാ. റാവു അങ്ങനെ പറഞ്ഞിട്ടില്ല. അങ്ങനെ പറഞ്ഞതായി വേണമെങ്കിൽ മെമ്പർ പറഞ്ഞോളൂ, അദ്ദേഹം അങ്ങനെ പറഞ്ഞിട്ടില്ല.

ശ്രീ. പി. എസ്. ശ്രീനിവാസൻ: ഈ വാർത്ത പേപ്പറിൽ കണ്ടതാണ്. അതിനുശേഷം ബഹുമാനപ്പെട്ട കേന്ദ്രമന്ത്രിയോ, സംസ്ഥാനമന്ത്രിമാരോ അതു നിഷേധിച്ചതായി കണ്ടില്ല അതുകൊണ്ടാണ് പറഞ്ഞതു്. മന്ത്രി ഇപ്പോൾ പറഞ്ഞതു ശരിയാണെങ്കിൽ, ഞാൻ അതിനെ എതിർക്കുന്നില്ല. പക്ഷേ, കേന്ദ്രത്തിൽ അങ്ങനെയൊരു നയമാണ് സ്വീകരിച്ചിട്ടുള്ളതെന്നതു വാസ്തവമാണ്, ഇൻഡ്യയിലെ മററു സംസ്ഥാനങ്ങളിലും ഇങ്ങനെ ആളുകളെ ഇറക്കി വിടുമ്പോൾ പുനരധിവാസത്തിനുള്ള സൗകര്യവും, നഷ്ടപരിഹാരവും നൽകുന്നുണ്ടു്. പദ്ധതിയെപ്പോലെതന്നെ, ജനങ്ങളുടെ ഈവക പ്രശ്നങ്ങളും പദ്ധതിയുടെതന്നെ ഒരു ഭാഗവും കണക്കിലെടുത്തുകൊണ്ടു് കേന്ദ്രഗവൺമെൻറിനെപ്പോലെ ഈ ഗവൺമെൻറും ആവശ്യമായ നടപടി സ്വീകരിക്കണമെന്നാണ് എനിക്കു പറയാനുള്ളതു്, ഗവൺമെൻറുവക ഭൂമിയിൽനിന്നു് ആരെയും എപ്പോഴും ഇറക്കിവിടാമെന്ന ധാരണ ഉണ്ടാകരുതെന്നു പ്രത്യേകം ഓർമ്മിപ്പിക്കുകയാണ്. എൻെറ നിയോജകമണ്ഡലത്തിൽ, ഗവൺമെൻറുവക 400 ഏക്കർ കരിനിലം കുത്തകപ്പാട്ടത്തിന് കർഷകർ അദ്ധ്വാനിച്ച്, ബണ്ടു കെട്ടി നല്ല വിളവുണ്ടാകുന്ന നിലങ്ങളാക്കി മാററിയിട്ടുണ്ടു്. അങ്ങനെ അദ്ധ്വാനവും, പണച്ചെലവും സഹിച്ച് നല്ല നിലങ്ങളാക്കിത്തീർത്തിട്ടുള്ള ആ കരിനിലങ്ങൾ, സർക്കാരിൻെറ വകയാണെന്നു പറഞ്ഞു് അവരെ ഒഴിപ്പിക്കാൻ ശ്രമിക്കുന്നതു് ഒരുപ്രകാരത്തിലും നീതീകരിക്കാവുന്നതല്ല. ശ്രീമതി കെ. ആർ. ഗൗരി ഇവിടെ പറഞ്ഞതുപോലെ, കുത്തകപ്പാട്ടത്തിനു സ്ഥലം വാങ്ങി, വളരെക്കാലമായി താമസിച്ചുവരുന്ന പ്രദേശങ്ങളിൽ മൂന്നോ, നാലോ കൊന്നത്തെങ്ങു കാണും. അവർ അവിടെ നല്ല തെങ്ങിൻതൈകൾ വച്ചുപിടിപ്പിച്ച് പലതരത്തിൽ ദേഹണ്ഡം ചെയ്തു വസ്തു നന്നാക്കി അനുഭവം എടുത്തുവരുമ്പോൾ, അതു ഗവൺമെൻറു ഭൂമിയാണെന്നു പറഞ്ഞു് ലേലത്തിൽ വയ്ക്കാൻ തുടങ്ങിയാൽ പാവപ്പെട്ട ആളുകൾ കൈവശമുള്ള ഭൂമി വിട്ടുപോകരുതെന്നു കരുതി തുക എത്ര കൂടിയാലും വിളികേൾക്കും. പലരും ലേലത്തിൽ മൽസരിക്കാൻ വരികയാണെങ്കിൽ 24-ഓ 25-ഓ ഉറുപ്പികയ്ക്കു മുമ്പു പിടിച്ചിരുന്ന ഭൂമി 260-ം, 360-ം രൂപവരെ ലേലത്തിൽ വിളി കേൾക്കേണ്ട അവസ്ഥ വന്നുചേരും.

[ശ്രീ. പി. എസ്സ്. ശ്രീനിവാസൻ]

കായലോരങ്ങളിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളികളുടെ കാര്യവും ഇവിടെ പറഞ്ഞു. വളരെക്കാലമായി താമസിച്ചുവരുന്ന ഇവരെ ഇറക്കിവിടാൻ ഇടയാകുന്ന സാഹചര്യം ഉണ്ടാകാതിരിക്കാൻ ആവശ്യമായ വകുപ്പ് ഇതിൽ ചേർക്കേണ്ടതാണ്. എന്തു വ്യവസ്ഥയാണ് അതിനു സ്വീകരിക്കേണ്ടതെന്നു ഞാൻ പറഞ്ഞിട്ടില്ല. ഗവൺമെന്റു ഭൂമിയാണെങ്കിൽ, അതിൽ കുടിയാനു യാതൊരു അവകാശവും ഉണ്ടായിരിക്കുകയില്ല, ഇഷ്ടമുള്ളപ്പോൾ സർക്കാർ അവരെ ഇറക്കിവിടും എന്നുള്ള ഒരു നില വരാൻ പാടില്ല എന്നുള്ളതാണ് എന്റെ ഭേദഗതിയുടെ ഉദ്ദേശം.

സർ, എന്റെ 1132-ാമത്തെ ഭേദഗതി, 3-ാമത്തെ വകുപ്പ് 1-ാം ഉപവകുപ്പ്, 9-ാം സബ്ക്ലാസ്സിൽ "(including sites on which religious ceremonies are conducted)" എന്നുള്ളതു് എടുത്തുകളയണമെന്നാണ്. 'റിലിജിയസ് സെറിമണീസ്' എന്നുള്ളതു് മാററണമെന്നാണ്. അതിനെപ്പററി കൂടുതൽ സംസാരിക്കണമെന്നു വിചാരിക്കുന്നില്ല. ഇതുപോലുള്ള ഭേദഗതികൾ അവതരിപ്പിച്ച മററു ചിലർ ഇതിനെപ്പററി പറഞ്ഞുകഴിഞ്ഞു. ഈ ഭേദഗതി അവതരിപ്പിക്കുമ്പോൾ, മതവിശ്വാസമില്ലാത്തയാളാണെന്നുള്ള ദുർവ്യാഖ്യാനം ഉണ്ടാകുമോ എന്നുള്ള ഭീതി എനിക്കില്ല. കുടിയാന്റെ അവകാശത്തെ സംബന്ധിച്ചിടത്തോളം റിലിജിയസ് സെറിമണി സംബന്ധിച്ചായാലും മററു കാര്യത്തിനായാലും ഭംഗം വരാൻ പാടില്ലെന്നുള്ളതാണ് മുഖ്യമായ ഉദ്ദേശം. ചില ക്ഷേത്രങ്ങളോടനുബന്ധിച്ച സ്ഥലം എന്തെങ്കിലും ആവശ്യം പറഞ്ഞു് ഒഴിപ്പിക്കാൻ ഇതുമൂലം അധികാരം നൽകുകയാണ്. പറയപ്പെടുന്ന ആവശ്യം ചിലപ്പോൾ യഥാർത്ഥമാവാം, അയഥാർത്ഥമായിട്ടുള്ളതുമാവാം. അതുപോലെതന്നെ പള്ളിയുടെ ആവശ്യത്തിനു രണ്ടോ, മൂന്നോ മൈൽ ദൂരമുള്ള സ്ഥലം, ഘോഷയാത്രയായി പോയി, ആളുകൾ കൂടി പ്രസംഗിക്കാൻ എന്ന ആവശ്യം പറഞ്ഞ് ഒഴിപ്പിക്കാം. അങ്ങനെ പലപ്പോഴും നല്ല ഉദ്ദേശത്തോടുകൂടിയും, മറിച്ചും ഇത്തരം ആവശ്യങ്ങൾ ഉന്നയിക്കപ്പെടാവുന്നതാണ്. സദുദ്ദേശത്തോടുകൂടിയാണെങ്കിലും, അല്ലെങ്കിലും ഈ ആവശ്യം പറഞ്ഞു് ഒഴിപ്പിക്കാൻ പാടില്ലെന്നുള്ളതാണ് എന്റെ അഭിപ്രായം. അതുകൊണ്ടു് ഈ ഭേദഗതി വളരെ ആവശ്യമാണെന്നു ഞാൻ വിശ്വസിക്കുന്നു. അതു സ്വീകരിക്കാൻ നിവൃത്തിയില്ലെങ്കിൽ, മറെറാരു ഭേദഗതി അടുത്തതായി കൊടുത്തിട്ടുണ്ട്. ഇത്തരം ആവശ്യങ്ങൾ യഥാർത്ഥത്തിലുള്ളതാണോ എന്നു ഡിസ്ട്രിക്ററു കളക്ടരുടെ സർട്ടിഫിക്കററു വാങ്ങിയിരിക്കണമെന്നുള്ളതാണ് ആ ഭേദഗതി. അതു നിരുപദ്രവകരമായ ഒരു ഭേദഗതിയാണ്, സ്വീകരിക്കുമെന്നു വിശ്വസിക്കുന്നു.

സർ, മറെറാന്നു അവതരണാനുമതി കിട്ടിയില്ലെങ്കിലും അവതരിപ്പിക്കാൻ ഉദ്ദേശിച്ചിരുന്നതു്, 3-ാം വകുപ്പിലെ രണ്ടാം ഉപവകുപ്പ് ഡിലീററു ചെയ്യണമെന്നുള്ളതാണ്. കോർപ്പറേഷന്റെയും, മുനിസിപ്പാലിററികളുടെയും അതൃത്തിയിൽപ്പെട്ട ഏതെങ്കിലും സ്ഥലം, തിരുവിതാംകൂർ ദേവസ്വം ബോർഡിന്റേയോ, കൊച്ചി ദേവസ്വം ബോർഡിന്റെയോ കീഴിലുള്ളതു് ഒഴിപ്പിക്കാം എന്നു് ഒരു വകുപ്പുണ്ട്. അതു എത്രമാത്രം ശരിയാണെന്നു് എനിക്കു് സംശയമുണ്ട്. തിരുവിതാംകൂറിലെയും, കൊച്ചിയിലെയും ദേവസ്വം ബോർഡിന്റെ കീഴിലുള്ള ഇതുപോലുള്ള സ്ഥലങ്ങൾ ഏതെങ്കിലും ആവശ്യം പറഞ്ഞു് ഒഴിപ്പിക്കുന്നതിൽ എത്രമാത്രം നീതീകരണം ഉണ്ടായിരിക്കുമെന്നു പരിശോധിക്കേണ്ടതാണ്. ഇതിനെപ്പററി അധികം ഇപ്പോൾ സംസാരിക്കണമെന്നു വിചാരിക്കുന്നില്ല. ഈ ഉപവകുപ്പ് അനാവശ്യമാണെന്നാണ് എന്റെ അഭിപ്രായം. ഇതു് വളരെ വ്യാപകമായി ദുരുപയോഗപ്പെടുത്താൻ ഇടയുണ്ടെന്നു് ആശങ്കയുണ്ട്. എന്റെ നിയോജകമണ്ഡലമായ വൈക്കത്തു്, മുനിസിപ്പൽ അതൃത്തിയിൽ വലിയൊരു ഭാഗം ഭൂമി തിരുവിതാംകൂർ ദേവസ്വംബോർഡിന്റെ വകയാണ്. ഇതുപോലെ പല മുനിസിപ്പാലിററികളിലും, കോർപ്പറേഷനിലും സ്ഥലം ഉണ്ടാകും. ഇത്തരം സ്ഥലം ഓരോ ആവശ്യം പറഞ്ഞു് ഒഴിപ്പിക്കാൻ ഇതിൽ വ്യവസ്ഥ ചെയ്താൽ, ഒട്ടേറെ കുടിയാന്മാർക്കും, കൃഷിക്കാർക്കും വിഷമം നേരിടുമെന്നുള്ളതുകൊണ്ടു് ഈ ഉപവകുപ്പ് ഒഴിവാക്കണമെന്നു് ആവശ്യപ്പെടുകയാണ്.

എന്റെ ഭേദഗതികൾ സ്വീകരിക്കണമെന്നഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. കെ. നാരായണൻ നമ്പ്യാർ: മാഡം, എന്റെ ഭേദഗതിയുടെ ഉദ്ദേശം, 'എസ്ചീറ്റ്' കുടിയാന്മാർക്കും, മറ്റു കുടിയാന്മാർക്കു കിട്ടുന്ന ആനുകൂല്യങ്ങൾ കിട്ടണമെന്നുള്ളതാണ്. ഇന്നത്തെ നിലയിൽ, അവർക്ക് മറ്റു കുടിയാന്മാരുടെ ആനുകൂല്യങ്ങൾ ലഭിക്കുകയില്ലെന്ന് കണ്ടിട്ടാണ് ഇങ്ങനെയൊരു ഭേദഗതി അവതരിപ്പിച്ചത്. കോഴിക്കോട്ടു ജില്ലയിൽ, കുത്താളി നായർ, സ്ഥാനിയുടെ അവകാശിയായി, 1938-ൽ ആളില്ലാതെവന്നപ്പോൾ ആ സ്വത്തുക്കളുടെ ഭരണം ഗവണ്മെന്റ് ഏറ്റെടുക്കുകയുണ്ടായി. കോഴിക്കോട്ട് കളക്ടരുടെ കീഴിൽ, സ്പെഷ്യൽ ഡ്യൂട്ടി തഹശീൽദാരാണ് ആ സ്വത്തുക്കളുടെ ഭരണം നടത്തിയത്. ആ സ്വത്തുക്കളിൽ പലതും എസ്ചീറ്റ് ആകുന്നതിനുമുമ്പ് കുടിയാന്മാരുടെ പക്കലായിരുന്നു. കാർഷികബന്ധനിയമം നടപ്പിൽവന്ന കാലത്ത്, അവർക്ക് പല ആനുകൂല്യങ്ങളും കിട്ടാനുള്ളതിന് ലാൻഡ് ട്രൈബ്യൂണലിന്റെ മുമ്പിൽ ഹർജി കൊടുത്തിരുന്നു. ഹർജി പുതുക്കിയവർക്ക് ആനുകൂല്യം കിട്ടിയിരുന്നില്ല. ഇപ്പോഴത്തെ ബില്ലിനു ശേഷം അവർക്കുള്ള ആനുകൂല്യങ്ങൾ നിഷേധിക്കപ്പെടരുതെന്ന് ഉള്ള വിചാരമാണ് ഈ ഭേദഗതി അവതരിപ്പിച്ചത്. ഇത്തരം കുടിയാന്മാരെ സംബന്ധിച്ചിടത്തോളം അവരെ കോടതി കയറ്റാനുള്ള ഒരു പ്രവണതയാണ് ഈ നിയമംമൂലം ഉണ്ടാകുക. ഗവണ്മെന്റിന്റെ കുടിയാന്മാരെ സംബന്ധിച്ചിടത്തോളം, ഇതു ബാധകമല്ലെന്നു സമ്മതിക്കുന്നെങ്കിലും, വളരെക്കാലം മുൻപുമുതൽ, ഇത്തരം സ്വത്തുക്കൾ ഗവണ്മെന്റിന്റെ കൈയിൽ വന്നുചേരുന്നതിനു മുൻപുതന്നെ പലരും ഇത്തരം വസ്തുക്കളിൽ കുടിയാന്മാരായി കഴിയുന്ന സ്ഥിതിക്കും ഈ സ്വത്തുക്കൾ കുടിയാന്മാരുടെ കുറ്റം കൊണ്ടല്ലാതെതന്നെ ഗവണ്മെന്റ് ഏറ്റെടുക്കാൻ ഇടയായിട്ടുള്ളതുകൊണ്ടും അങ്ങനെയുള്ള കുടിയാന്മാർക്ക് മറ്റു കുടിയാന്മാർക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾ ലഭിക്കേണ്ടത് കേവലം ന്യായമാണ്. അവർക്ക് മറ്റുള്ളവരെപ്പോലെ ഇന്നുള്ള ആനുകൂല്യങ്ങൾ കിട്ടാതെവരികയാണെങ്കിൽ അത് ഖേദകരമാണ്. അവർക്ക് ഈ ആനുകൂല്യങ്ങൾ നൽകാതിരിക്കാൻ എസ്ചീറ്റ് ഭരണാധികാരികൾ വളരെയധികം നിർബ്ബന്ധം കാണിക്കുന്നുണ്ട്. ഉദാഹരണമായി, മലബാർ കുടിയായ്മ നിയമത്തിലെ ചില വകുപ്പുകൾ ഉപയോഗപ്പെടുത്താൻ 1954-ൽ നിലവിലുണ്ടായിരുന്ന പാട്ടക്കോടതിയിൽ ഹർജി കൊടുത്തപ്പോൾ പാട്ടക്കോടതിയിൽ ഇത്തരം ഹർജികൾ സ്വീകരിക്കാൻ പാടില്ല, അതിനു വ്യവസ്ഥയില്ല എന്നു പറഞ്ഞു. പിന്നീട് ചില കുടിയാന്മാർ ഹൈക്കോടതിയിൽ പോയതിന്റെ ഫലമായി മര്യാദപ്പാട്ടം നിശ്ചയിച്ചുകിട്ടി. അന്നു കൊടുത്തിട്ടുള്ള ഹർജികൾ പലതും ഇന്നും തീർപ്പുകല്പിക്കാതെ കിടപ്പുണ്ട്. പത്തു കൊല്ലമായി പാട്ടം നിശ്ചയിക്കാനുള്ള ഹർജികൾ കൊടുത്തത് ഇനിയും തീർപ്പുകല്പിക്കാതെയുണ്ട്. ഗവണ്മെന്റു മറ്റു കുടിയാന്മാർക്ക് നൽകുന്ന സ്ഥിരാവകാശവും, മറ്റു ആനുകൂല്യങ്ങളും നൽകുന്നത് ഇവർക്കുകൂടി അനുവദിക്കേണ്ടതാണ്. സ്ഥാനികളുടെ സ്വത്തുക്കൾ ഇപ്പോൾ ഗവണ്മെന്റിന്റെ കീഴിൽ ആയതുകൊണ്ട് ഈ അവകാശം കുടിയാന്മാർക്ക് നിഷേധിക്കുന്നതു ശരിയല്ല. ബഹുമാനപ്പെട്ട മന്ത്രി ഈ ഭേദഗതി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

Shri Hamid Ali Shemnad : So far as clause 3 is concerned, the Select Committee has made much improvement from the position in which it was in the original Bill. In the original Agrarian Relations Act, life interest has been completely exempted from the purview of this chapter—that is, the tenants under life interest holders. Tenants under the original Act did not get the benefit of fixing the fair rent under the fixity of tenure nor the purchase right and the members of the Select Committee—and I was one among the members of the select committee—had a long discussion on this point. As a result, they decided not to exempt the life interest, not to consider the *aliasanthana kavaru* under the life interest holder. That is, the life interest holder under the *aliasanthana kavaru* would be considered just like any other land holder.

LIBRARY ARCHIVES Kerala Legislative Assembly

[Shri Hamid Ali Shemnad]

So, they have not been exempted from the purview of this Act. Now an amendment has been moved by the Hon. Minister to exempt the life interest holders and the tenancies created by the Madras Aliyasanthana Act of 1949. As far as this section is concerned, it would not be applicable to the tenants, that is, the tenants under the Aliyasanthana Act. They also would not get the benefit of purchasing the landlord's rights. They will have to continue as tenants perpetually. The purpose here is to make the tillers the owners of the soil. But here the tenants will have to continue as tenants for years to come. My friend Mr. Gopalan pointed out that the tenants mainly belong to the Muslim community or the Ezhava community. Whether they belong to the Muslim community or to any other community, we are not concerned. We are here to legislate and say that the tenants must be given absolute right over the land. They must be made absolute owners of the land. Here, only the right of fixing the fair rent is given. Unless the life interest holders are given the right over the property, how are they going to get the purchase right ? When the question of purchase right comes in, would these owners be entitled to take the purchase price from the tenants ? and if so, whether they can enjoy the purchase money they get as purchase price. It is for the Government to find out a way. In Mysore State, they have enacted the Land Reforms legislation and in the South Canara District comprising of Puthur, Mangalore and other taluks, the life interest holders are not exempted from that legislation. But I am told that they have amended the Aliyasanthana Act, giving absolute right to the aliyasanthana families. The same principle should be accepted here also. We need not introduce this amendment here. On the other hand, we could have given the purchase rights also to the tenants. Within six month's time we can introduce the Aliyasanthana Amendment Bill. By that time, absolute rights should be given to them. We can follow the foot steps of the Mysore State who had amended the Act. Of course, much complication is there. Even then, we can amend the Aliyasanthana Act and give absolute right to the members of the aliyasanthana family. I oppose the amendment.

Minister for Home Affairs (**Shri P. T. Chacko**) : Madam, I am accepting amendment Nos. 214 and 210 moved by Shri M. Narayana Kurup. When I accept amendment No. 210, that is, using the word 'createad' instead of the word 'granted', I have to make the same change in the proviso also. That is, the word 'granted' occurring in the second line of the proviso has to be deleted and the word 'created' substituted. That is only a consequential drafting change.

Then, regarding amendment No. 1130 moved by me, I was again trying to look into the provisions of the Aliyasanthana Act with a view to learning whether any further changes would be necessary within the time available. Section 36(3) of the Madras Aliyasanthana Act is :

36(3). If, at the time of the partition, any kavaru taking a share in a nissanthathi kavaru, it shall have only a life interest in the properties allotted to it, if the kudumba from which it

LIBRARY ARCHIVES Kerala Legislative Assembly

separates has at least one female member who has not completed the age of 50 years or where the kudumba breaks up into a number of kavarus at the partition, if atleast one of such kavaru is a santhathi kavaru and if there is no such female member of santhathi kavaru, the kavaru shall have an absolute interest in the properties allotted to it'.

So on partition, the *nissanthathi kavarr* ordinarily gets the life interest. But in certain cases where there is no female member in the family who has not reached the age of 50 and in cases where there is no female member of santhathi kavaru, he gets the absolute right. Now, it is not intended that the tenants under nissanthathi kavarus, where they get an absolute right, should get only the fixity of tenure and the advantages of the fair rent provisions. In cases where the nissanthathi kavaru gets only a life interest, as at present advised, until the Aliyasanthana Act is amended, we cannot give the purchase right to those tenants. I think an improvement can be made if it is acceptable to the House. This is only a drafting change. The words 'those allowed to do on partition' may be deleted and the words 'the average nissanthathi kavaru has only a life interest' may be substituted. This will make it clear. Even otherwise, it is clear. But this may make it clearer. If the nissanthathi kavaru gets absolute rights, the tenants will get the right of purchase. If he gets the life interest, tenant will only get the right of fixity and also the advantage of their rent provisions.

Regarding the other points raised during the discussion, I would like to answer only certain important points. Smt. Gouri said that all those persons who are lesseess of the Government holding Government lands should also be given all the rights of the tenants. Individually speaking, that will be a very advantageous position for a few of us. My friend Mr. E. P. Poulose is living in a Government House with seven acres of land. He is enjoying the land on kuthakapattom. If I accept the amendment suggested by Smt. Gouri, Mr. Poulose will be in a very advantageous position, getting seven acres of land in Trivandrum for practically nothing Some of us are also in the same advantageous positions. We will get the lands.

Again, there are cases where Government have acquired land for a particular public purpose. It would not be possible for the Government immediately to use it for the purpose or to construct a building there. In such cases also for a specified period or for a few months or for a year, it is given on kuthakapattom to somebody so that Government can get whatever yield that is available or the value of the yield. In such cases also, if I accept the amendment, it would create difficulties.

Then again, the policy of the Government regarding such lands has been stated here and even outside. Government have taken a decision that whenever land in the possession and enjoyment of a person, is not required for a public purpose or for the construction of a project or something like that, the land would be given on registry, to the person who is in possession with certain limitations ; that is limitations regarding the extent and all that. For that purpose, Government are taking steps. The intention of the Government is that all agricultural ands now in the possession of people who are cultivating them should

2/570/V.

LIBRARY ARCHIVES Kerala Legislative Assembly

[Shri Hamid Ali Shemnad]

be given to them on registry just like any other land excepting in cases where the land is essentially needed for a public purpose. This can be achieved easily without any difficulty by implementing the provisions of the Land Assignment Act. The necessary rules are being framed and the necessary changes are also being made.

Regarding the other amendments, Mr. Nambiar was again saying about the tenancies created by official trustees, official receivers and the court of wards. It was stated here, Madam, that the tenancies created by the owners before the properties went to the possession of an official trustee or official receiver or court of wards should not come within the mischief of the provision. It is clear that such tenancies will not be affected by the present provision because it is only tenancies that have been created by official trustees and official receivers that will come within the scope of the proviso. In other cases, even as the clause stands now, the proviso will not make any difficulty. Therefore, I am not accepting the amendments.

Mr. E. P. Gopalan's amendment is for the deletion of the clause and the proviso. Evidently that cannot be done. I cannot accept that amendment.

Amendment No. 207, moved by Smt. K. R. Gouri was, by leave, withdrawn.

Amendment No. 217, moved by Smt. K. R. Gouri was put and lost.

Amendment No. 223, moved by Smt. K. R. Gouri was put and lost.

Amendment No. 326, moved by Smt. K. R. Gouri was put and lost.

Amendment No. 327, moved by Smt. K. R. Gouri was put and lost.

Amendment No. 1144, moved by Smt. K. R. Gouri was by leave withdrawn.

Amendment No. 219, moved by Shri R. Krishnan was put and lost.

Amendment No. 328, moved by Shri R. Krishnan was put and lost.

Amendment No. 330, moved by Shri R. Krishnan was put and lost.

Amendment No. 329, moved by Shri P. C. Raghavan Nair was by leave withdrawn.

Amendment No. 208, moved by Shri E. P. Gopalan was put and lost.

Amendment No. 209, moved by Shri E. P. Gopalan was put and lost.

Amendment No. 211, moved by Shri E. P. Gopalan was put and lost.

Amendment No. 210, moved by Shri M. Narayana Kurup, that in clause 3(1) (iv), and in line two, and also in the proviso in line 2t, for the word 'granted' the word 'created' shall be substituted was put and carried.

Amendment No. 212, moved by Shri M. Narayana Kurup, was by leave, withdrawn.

LIBRARY ARCHIVES Kerala Legislative Assembly

Amendment No. 214, moved by Shri M. Narayana Kurup that "In clause 3(1) (iv), in the proviso, in line seven, the portion after the words 'Court of Wards' except the word 'or' at the end, shall be deleted was put and carried.

Amendment No. 215, moved by Shri T. C. Narayanan Nambiar, was put and lost.

Shri E. P. Gopalan : Sir, I demand a poll :

A Poll was taken when the House divided as follows :—

Ayes—31.

1 Shri C. Achutha Menon
2 " P. C. Adichan
3 Smt. K. O. Aisha Bai
4 Shri K. Anirudhan
5 " P. Balachandra Menon
6 " C. K. Balakrishnan
7 " N. E. Balaram
8 " K. Bhargavan
9 " E. P. Gopalan
10 " N. Gopala Kurup
11 Smt. K. R. Gouri
12 Shri K. V. John
13 " O. Koran
14 " K. Krishnan
15 " M. Krishnan
16 " R. Krishnan
17 " K. Krishna Pillai
18 Shri S. Kumaran
